VOL NO: 06 I ISSUE 17
www.nerpatham.com
mail@nerpatham.com
2022 APRIL 23 I ₹10

# നേർപഥം

വാരിക



## മാസപ്പിറവി: പ്രമാണങ്ങളെ പിൻപറ്റൽ യാഥാസ്ഥിതികതയോ?

സമ്പത്തും സൗകര്യങ്ങളും സ്രഷ്ടാവ് കനിഞ്ഞരുളി നൽകിയ അനുഗ്രഹങ്ങളാണ്. ഔദാര്യമായി കിട്ടിയ അനുഗ്രഹങ്ങൾ അർഹർക്ക് പകുത്ത് നൽകുമ്പോഴാണ് അത് പ്രതിഫലാർഹമാവുന്നത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറച്ചു കൊണ്ടുവരുന്നതിനേക്കാൾ ഇഹപര വിജയം തന്നെയാണ് സകാത്തിന്റെ അകംപൊരുൾ.

# സകാത്ത്: ഇഹപരാനുഗ്രഹ വർധനവിന്

|| ഫിത്ന വെളിപ്പെട്ടാൽ

|| ലൈംഗികത: തിരിച്ചറിയേണ്ട ചില വസ്തുതകൾ

|| പശ്ചാത്താപം മുക്തിമാർഗം

WISDOM
ISLAMIC ORGANIZATION

## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

# വർക്കിംഗ് ഫണ്ട് സമാഹരണം



**ACCOUNT DETAILS**

Working Fund:

**WISDOM ISLAMIC ORGANIZATION**
A/C NO: **37489072044**
STATE BANK OF INDIA
PALAYAM BRANCH
KOZHIKODE
IFSC: **SBIN0008635**

Wisdom Relief:

**WISDOM ISLAMIC ORGANIZATION**
A/C NO: **920010022468211**
AXIS BANK
KALLAI BRANCH
KOZHIKODE
IFSC: **UTIB0001908**

# 0274
# നേർപഥം
വാരിക

2022 ഏപ്രിൽ 23
1443 റമദാൻ 21
പുസ്തകം 06 / ലക്കം 17






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
പശ്ചാത്താപം മുക്തിമാർഗം

**06**
ലേഖനം
സമുദായം അല്ലാഹുവിന്റെ സഹായത്തിന് അർഹരാവുക
ടി.കെ. അശ്റഫ്

**08**
ലേഖനം
ഫിത്ന വെളിപ്പെട്ടാൽ
ശൈഖ് സ്വാലിഹ് ആലുശ്ശൈഖ്
വിവ: മുഹമ്മദ് സിയാദ്

**18**
ലേഖനം
മാസനിർണയത്തിന് പ്രവാചകവിരുദ്ധ മാനദണ്ഡങ്ങൾ സ്വീകരിക്കാത്തത് യാഥാസ്ഥിതികതയോ?
പി. ഒ. ഉമർഫാറൂഖ്

**23**
ക്വുർആൻ ദർശനം
അൽഫത്ഹ് (വിജയം)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ചരിത്രപഥം
കള്ളപ്രവാചകന്മാർ രംഗത്ത്
ഹുസൈൻ സലഫി

**31**
മധുരം ജീവിതം
ലൈംഗികത: തിരിച്ചറിയേണ്ട ചില വസ്തുതകൾ
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**32**
ലേഖനം
ആരാധനകൾ രഹസ്യമാകട്ടെ
സമീർ മുണ്ടേരി

**34**
കാഴ്ച
ഏലസ്സ് പൊട്ടിച്ചെറിഞ്ഞവർ
സഹ്റ സുല്ലമിയ്യ

ചലനങ്ങൾ

# കേരളത്തെ കലാപഭൂമിയാക്കരുത്: വിസ്ഡം യൂത്ത്

മലപ്പുറം: തുടർച്ചയായി നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ സാധാരണക്കാർക്ക് ഭീതിയുണ്ടാക്കുന്നതും സമാധാനജീവിതത്തിന് ഭീഷണിയുമാണെന്നും അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ അധികാരികൾ തയ്യാറാകണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

രാഷ്ട്രീയ ഗുണ്ടാക്രിമിനലുകൾക്ക് സൈ്വര്യ വിഹാരം നടത്താനുള്ള വിളഭൂമിയായി കേരളത്തെ മാറ്ററുത്. കൊലപാതകരാഷ്ട്രീയത്തെ നിരോധിക്കാനും അക്രമകാരികൾക്ക് കൂച്ചുവിലങ്ങിടാനും അധികൃതർ തയ്യാറാകണം.

പാലക്കാട് നടന്ന കൊലപാതകങ്ങളിൽ നിയമപാലകരുടെ വീഴ്ച പരിശോധിച്ച് നടപടിയെടുക്കണം. ആഭ്യന്തര മന്ത്രാലയത്തിന്റ നിസ്സംഗതയും കൊലപാതകങ്ങൾക്കുള്ള അവസരങ്ങളും രാഷ്ട്രീയ ഗുണ്ടകളുടെ വിഹാരങ്ങളുമെല്ലാം കേരളം കലാപകലുഷിതമായ സംസ്ഥാനമാണെന്ന് വരുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണോ എന്ന് പരിശോധിക്കണം.

കൊലപാതകരാഷ്ട്രീയത്തിനെതിരെ പൊതുബോധമുണരണമെന്നും അത്തരം ദർശനങ്ങളെ തിരിച്ചറിഞ്ഞ് അവരെ ഒറ്റപ്പെടുത്താൻ മതനിരപേക്ഷ സമൂഹം ഒന്നിക്കണമെന്നും കൊലപാതകികൾക്ക് സംരക്ഷണം നൽകരുതെന്നും വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഭാരവാഹികളായ ഒ.മുഹമ്മദ് അൻവർ, ഡോ. ഫസലുർറഹ്മാൻ, മുജീബ് ഒട്ടുമ്മൽ, കെ.അബ്ദുല്ലാ ഫാസിൽ, യു.മുഹമ്മദ് മദനി, പി.യു സുഹൈൽ, ജംഷീർ സ്വലാഹി, ടി.കെ നിഷാദ് സലഫി, ഹസൻ അൻസാരി പ്രസംഗിച്ചു.

വായനക്കാർ എഴുതുന്നു

# ജലസംരക്ഷണത്തിന്റെ അനിവാര്യത

272ലെ ജലസംരക്ഷണവുമായി ബന്ധപ്പെട്ട ലേഖനം പ്രൗഢവും നിത്യപ്രസക്തവുമായിരുന്നു. ഓരോ വർഷം പിന്നിടുമ്പോഴും ജലദൗർലഭ്യം വർധിച്ചുകൊണ്ടേയിരിക്കുകയാണ്. വേനൽ പിറന്നാൽ നിത്യവും എത്രയെത്ര കുഴൽകിണറുകളാണ് കുഴിച്ചുകൊണ്ടിരിക്കുന്നത്! ഇത് തുടർന്നാൽ ഭൂഗർഭജലം പാടെ ഇല്ലാതായി മാറുന്ന അവസ്ഥതന്നെ സംജാതമായേക്കാം.

മഴവെള്ളം ധാരാളം ലഭിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ ആ വെള്ളമെല്ലാം കുത്തിയൊലിച്ച് പുഴകളിലും തോടുകളിലുമെത്തി അവസാനം കടലിൽ ചെന്നുചേരുന്നു. മഴവെള്ള സംഭരണത്തിന്റെ അനിവാര്യത നമുക്ക് ഇപ്പോഴും ബോധ്യപ്പെട്ടിട്ടില്ല.

വെള്ളം ദുർവ്യയം ചെയ്യുന്നതിൽ ഒട്ടും മടിയില്ലാത്തവരാണ് മലയാളികൾ. ഭക്ഷണമായാലും വെള്ളമായാലും ദുർവ്യയം പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (ക്വുർആൻ 7:31).

"ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:67).

**-അബൂ അംജദ്, തിരൂർ**

# പശ്ചാത്താപം മുക്തിമാർഗം

ശരീരത്തെയും മനസ്സിനെയും മാലിന്യമുക്തമാക്കുവാൻ ആവശ്യപ്പെടുന്ന മതമാണ് ഇസ്‌ലാം. ശരീരത്തിലെ മാലിന്യം കഴുകിക്കളയാം. അങ്ങനെ ശരീരം വൃത്തിയാക്കാം. എന്നാൽ മനസ്സിലെ മാലിന്യം വൃത്തിയാക്കേണ്ടത് തെറ്റുകുറ്റങ്ങൾ വർജിച്ചുകൊണ്ടും പശ്ചാത്തപിച്ചുകൊണ്ടുമാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (2:222).

ശരീരത്തിൽ മണ്ണ് പുരളുന്നതും മനസ്സിൽ പാപത്തിന്റെ മാലിന്യം പുരളുന്നതും മനുഷ്യ ജീവിതത്തിൽ സ്വാഭാവികമാണ്. സംശുദ്ധരായി ജീവിക്കാൻ കൽപിക്കപ്പെട്ടവരാണ് സത്യവിശ്വാസികൾ. വൃത്തി ഈമാനിന്റെ ഭാഗമാണ് എന്ന പ്രവാചകമൊഴി അക്കാര്യമാണ് ബോധ്യപ്പെടുത്തുന്നതും. ഒരു മുസ്‌ലിം എങ്ങനെ ശുദ്ധിയുടെ ഉടമയല്ലാതിരിക്കും? ഇസ്‌ലാമിൽനിന്നും അവൻ ഉൾക്കൊണ്ട വിശ്വാസം, ആരാധനകൾ, സ്വഭാവങ്ങൾ, പെരുമാറ്റങ്ങൾ, നിലപാടുകൾ, സഹവർത്തിത്വ മര്യാദകൾ എല്ലാം പരിശുദ്ധമാണ്. ഇവയിലൊന്നും കറപുരണ്ടു കൂടാ എന്ന നിഷ്‌കർഷ ഉണ്ടാകുമ്പോഴാണ് വിശുദ്ധിയോടെ ജീവിക്കാൻ സത്യവിശ്വാസിക്ക് സാധ്യമാവുക.

പാപം മനുഷ്യസഹജമാണ്. പശ്ചാത്താപമാണ് അതിന്ന് പരിഹാരം. പശ്ചാത്തപിക്കുന്നവരാണ് പാപം ചെയ്തവരിലെ ശ്രേഷ്ഠൻമാർ. നബി(സ്വ) പറഞ്ഞു: "ആദമിന്റെ പുത്രന്മാർ എല്ലാവരും തെറ്റു ചെയ്യുന്നവരാണ്. തെറ്റു ചെയ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്" (തിർമിദി, ഇബ്നുമാജ, അഹ്മദ്).

വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്‌കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്‌തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ" (66:8).

എത്ര സൂക്ഷിച്ചാലും വന്നുചേരുന്നതാണ് ജീവിതത്തിലെ അബദ്ധങ്ങളും തെറ്റുകളും. ഏത് ആരിലും എപ്പോഴും സംഭവിച്ചേക്കാം; പ്രവാചകൻമാരല്ലാത്ത ഏത് വിശുദ്ധന്റെ ജീവിതത്തിലും. സംഭവിച്ചാൽ, തെറ്റാണെന്ന് ബോധ്യമായാൽ ഉടൻ ഖേദിച്ചു മടങ്ങണം. അല്ലാഹുവിലേക്ക് ആത്മാർഥമായി പശ്ചാത്തപിച്ചു മടങ്ങി പരിശുദ്ധി നേടുവാൻ ശ്രമിക്കണം.

പശ്ചാത്താപം തീർത്തും അടിമയും അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. മാപ്പിരക്കുന്നത് അടിമയാണ്; മാപ്പ് നൽകുന്നത് അല്ലാഹുവും. വാക്കുകളിലോ, കർമങ്ങളിലോ, വീക്ഷണങ്ങളിലോ, സ്വഭാവത്തിലോ തെറ്റുകൾ സംഭവിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതോടെ അവ ശരിയാക്കാൻ ശ്രമിക്കുന്നു എന്നതാണ് പശ്ചാത്താപ മനഃസ്ഥിതിയുള്ളവന്റെ ഗുണം. തെറ്റുകൾ അംഗീകരിച്ചാൽ, അവ തിരുത്തിയാൽ, അല്ലാഹുവിനോട് ഖേദിച്ചാൽ സമൂഹം എന്തു പറയുമെന്ന ചിന്ത അവന്നുണ്ടാകില്ല. അങ്ങനെയൊന്നും ചെയ്യാതിരുന്നാൽ തന്റെ പര്യവസാനം എന്തായിത്തീരുമെന്ന ആധിയേ അവന്നുണ്ടാകൂ. എങ്കിൽ, അവൻ വിനീതനാണ്.

സത്യവിശ്വാസി ഉൾക്കൊണ്ട തൗഹീദിന്റെ താൽപര്യമാണ് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോട് നടത്തുന്ന അവന്റെ പ്രാർഥന. പ്രവാചകന്മാരെ അല്ലാഹു ശീലിപ്പിച്ച സമ്പ്രദായമാണത്. ക്വുർആൻ അത് പഠിപ്പിക്കുന്നുണ്ട്: "ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക.)" (47:19).




**ആരെല്ലാം ഏതെല്ലാം വിധത്തിൽ ഗൂഢാലോചനകൾ നടത്തി മുസ്‌ലിം സമുദായത്തെ തകർക്കാൻ ശ്രമിച്ചാലും അവരുടെയെല്ലാം തന്ത്രങ്ങളെ തകർത്തെറിയാൻ കഴിവുള്ളവനാണ് അല്ലാഹു എന്ന ആത്മധൈര്യം സമുദായത്തിലെ ഓരോ അംഗത്തിനും ഉണ്ടായിരിക്കണം. എല്ലാവരും കൈവിട്ടാലും അല്ലാഹു സഹായിക്കാൻ തീരുമാനിച്ചാൽ ആർക്കും അതിനെ തടയാനാകില്ല.**

# സമുദായം അല്ലാഹുവിന്റെ സഹായത്തിന് അർഹരാവുക

ടി.കെ അശ്റഫ്
✆ : 81118 07199

ആരെല്ലാം ഏതെല്ലാം വിധത്തിൽ ഗൂഢാലോചനകൾ നടത്തി മുസ്‌ലിം സമുദായത്തെ തകർക്കാൻ ശ്രമിച്ചാലും അവരുടെയെല്ലാം തന്ത്രങ്ങളെ തകർത്തെറിയാൻ കഴിവുള്ളവനാണ് അല്ലാഹു എന്ന ആത്മധൈര്യം സമുദായത്തിലെ ഓരോ അംഗത്തിനും ഉണ്ടായിരിക്കണം. എല്ലാവരും കൈവിട്ടാലും അല്ലാഹു സഹായിക്കാൻ തീരുമാനിച്ചാൽ ആർക്കും അതിനെ തടയാനാകില്ല.

അല്ലാഹു പറയുന്നു: "നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽനിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക). അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ" (ക്വുർആൻ 8:30).


"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്നപക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്" (ക്വുർആൻ 47:7).

മുസ്‌ലിം സമുദായം ന്യൂനപക്ഷമായതിൽ ഭയപ്പെടാനില്ല; ന്യൂനതയുള്ള പക്ഷം ആകാതിരുന്നാൽ മതി. എണ്ണത്തിൽ കുറവായി എന്നതിന്റെ പേരിൽ മുസ്‌ലിം സമുദായം എവിടെയും പരാജയപ്പെട്ടിട്ടില്ല. അല്ലാഹു പറയുന്നു:

"നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾതന്നെയാണ് ഉന്നതൻമാർ" (ക്വുർആൻ 3:139).

നമ്മുടെ വിശ്വാസത്തിലും ആചാരങ്ങളിലും വേഷവിധാനങ്ങളിലും അല്ലാഹുവിന് ഇഷ്ടമല്ലാത്ത നടപടിക്രമങ്ങൾ കടന്നുവരാതിരിക്കാനുള്ള ആഭ്യന്തര വിലയിരുത്തൽ വളരെ പ്രധാനമാണ്.

ശിർക്ക്-ബിദ്അത്തുകൾ വെടിയണം, ലഹരിയെയും ലിബറലിസത്തെയും പടിക്കുപുറത്ത് നിർത്തണം. ഭൗതികതയും മരണത്തോടുള്ള വെറുപ്പും കടന്നുവരുന്നത് സൂക്ഷിക്കണം. ക്വുർആനും സുന്നത്തും സച്ചരിതരായ മുൻഗാമികളുടെ പാത പിന്തുടർന്ന് ഉൾക്കൊള്ളാൻ തയ്യാറാകണം. പുത്തൻവാദം പൂർണമായി വെടിഞ്ഞ് പ്രമാണങ്ങളിലേക്ക് മടങ്ങണം. ഇസ്‌ലാമിക പ്രബോധനം ശക്തിപ്പെടുത്തണം. തെറ്റിദ്ധരിച്ചവരെ സ്നേഹപൂർവം തിരുത്തണം. പ്രതിസന്ധിഘട്ടങ്ങളിൽ പ്രമാണബദ്ധമായി തീരുമാനമെടുക്കണം. വൈകാരികതക്ക് ഒരവസരത്തിലും അടിമപ്പെടരുത്.



**നമ്മുടെ വിശ്വാസത്തിലും ആചാരങ്ങളിലും വേഷവിധാനങ്ങളിലും അല്ലാഹുവിന് ഇഷ്ടമല്ലാത്ത നടപടിക്രമങ്ങൾ കടന്നുവരാതിരിക്കാനുള്ള ആഭ്യന്തര വിലയിരുത്തൽ വളരെ പ്രധാനമാണ്. ശിർക്ക്-ബിദ്അത്തുകൾ വെടിയണം, ലഹരിയെയും ലിബറലിസത്തെയും പടിക്കുപുറത്ത് നിർത്തണം. ഭൗതികതയും മരണത്തോടുള്ള വെറുപ്പും കടന്നുവരുന്നത് സൂക്ഷിക്കണം. ക്വുർആനും സുന്നത്തും സച്ചരിതരായ മുൻഗാമികളുടെ പാത പിന്തുടർന്ന് ഉൾക്കൊള്ളാൻ തയ്യാറാകണം. പുത്തൻവാദം പൂർണമായി വെടിഞ്ഞ് പ്രമാണങ്ങളിലേക്ക് മടങ്ങണം. ഇസ്‌ലാമിക പ്രബോധനം ശക്തിപ്പെടുത്തണം. തെറ്റിദ്ധരിച്ചവരെ സ്നേഹപൂർവം തിരുത്തണം. പ്രതിസന്ധിഘട്ടങ്ങളിൽ പ്രമാണബദ്ധമായി തീരുമാനമെടുക്കണം. വൈകാരികതക്ക് ഒരവസരത്തിലും അടിമപ്പെടരുത്.**

1992ൽ ബാബരി മസ്ജിദ് ധ്വംസനത്തെതുടർന്ന് കേരളത്തിൽ ഉയർന്ന വൈകാരിക വിക്ഷുബ്ധതയെതടഞ്ഞുനിർത്തുന്നതിൽ അന്നത്തെ സമുദായ നേതൃത്വത്തിന്റെ ഉചിതമായ ഇടപെടലും മുജാഹിദ് പ്രസ്ഥാനം തീവ്രവാദത്തിനെതിരെ നടത്തിയ ഐതിഹാസികമായ കാമ്പയിനുകളും പാലക്കാട് കോട്ടമൈതാനത്ത് 'മതം മനുഷ്യസൗഹാർദ്ദത്തിന്' എന്ന സന്ദേശത്തിൽ സംഘടിപ്പിച്ച സംസ്ഥാന സമ്മേളനവും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

'നാഷണൽ ഡിഫൻസ് ഫോഴ്സ്' (NDF) എന്ന പേരിൽ മുസ്‌ലിം ചെറുപ്പക്കാരെ തീവ്രചിന്താഗതിക്കാരാക്കാൻ ശ്രമം ഉണ്ടായപ്പോൾ അവർ ഉയർത്തിവിട്ട ആശയങ്ങളെ പ്രാമാണികമായി ചെറുത്തുതോൽപ്പിക്കാൻ സാധിച്ചു. എൻഡിഎഫിന്റെ പുതിയ രാഷ്ട്രീയ രൂപമാണ് എസ്ഡിപിഐ എന്ന പേരിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടന എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

ഇസ്‌ലാമിലെ ജിഹാദ്, ശഹാദത്ത്, ക്വിതാൽ, ഹിജ്റ തുടങ്ങിയ സാങ്കേതികശബ്ദങ്ങളെ തെറ്റായി വ്യാഖ്യാനിച്ച് മുസ്‌ലിം ചെറുപ്പക്കാരെ തീവ്രവാദത്തിലേക്ക് വലിച്ചിഴക്കുന്ന അവരുടെ നിലപാടുകളോട് ഒരു നിലയ്ക്കും ഒരു മുസ്‌ലിമിനും യോജിക്കാനാവില്ല. കറകളഞ്ഞ വിശ്വാസവും തികഞ്ഞ അവധാനതയും കാത്തുസൂക്ഷിക്കുന്നവർക്ക് മാത്രമെ അല്ലാഹുവിന്റെ സഹായം ലഭിക്കുകയുള്ളൂ. വികാരമല്ല വിവേകമാണ് നമ്മെ മുന്നോട്ടു നയിക്കേണ്ടത്

**അരാഷ്ട്രീയവാദം ആപത്ത്**


നാം നേരത്തെ കണ്ടതുപോലെ കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ 29.07 ശതമാനം പേർ വോട്ടവകാശം വിനിയോഗിക്കാത്തവരാണ്. അരാഷ്ട്രീയവാദം ജനാധിപത്യരാജ്യത്ത് ഏകാധിപത്യത്തിന് വഴിവയ്ക്കും. ഇന്ന് ഇന്ത്യ അനുഭവിക്കുന്ന പ്രശ്നത്തിന് ജനാധിപത്യ മാർഗത്തിലൂടെയുള്ള പരിഹാരമാണ് ഉണ്ടാവേണ്ടത്. ഫാഷിസം ജനാധിപത്യമാണ് ഉപയോഗിച്ചത്. അതേ വഴിയിലൂടെത്തന്നെയാണ് അവരെ താഴെയിറക്കേണ്ടതതും.

മതനിരപേക്ഷ കക്ഷികളുടെ ദുർബലതയും ദൂഷ്യവും പുറത്തുനിന്ന് തിരുത്താനാവില്ല. വ്യക്തിത്വവും നിലപാടുമുള്ളവർ പാർട്ടിയിൽനിന്ന് അകന്നു നിൽക്കുന്നതിനാലാണ് മതേതര പാർട്ടികളിൽ ജീർണത കൊടികുത്തിവാഴുന്നത്. വ്യക്തിത്വമുള്ളവർ മതനിരപേക്ഷ മുന്നേറ്റത്തിന് നേതൃത്വം നൽകിയാൽ ശക്തമായ തിരിച്ചുവരവിന് സാധ്യമാകും. കേരള മോഡൽ ഇന്ത്യയിലെല്ലായിടത്തും വ്യാപിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കണം. ഉത്തരേന്ത്യയിലും ഈയിടെ കർണാടകയിലുമെല്ലാം മുസ്‌ലിം രാഷ്ട്രീയം വൈകാരിക സംഘടനകളുടെ കയ്യിലേക്ക് നീങ്ങിപ്പോകുന്നത് നാം കണ്ടതാണ്.

രാജ്യം അതിസങ്കീർണമായ സാഹചര്യത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് ചെയ്യാനുള്ളത് ചെയ്യുക. ശേഷം അല്ലാഹുവിൽ ഭരമേൽപിക്കുക. വൈകാരികത ഒന്നിനും പരിഹാരമല്ലെന്നും അത് പ്രശ്നങ്ങളുടെ വ്യാപനം വർധിപ്പിക്കുക മാത്രമേയുള്ളൂവെന്നും തിരിച്ചറിയുക.

# ഫിത്ന വെളിപ്പെട്ടാൽ..

## ശൈഖ് സ്വാലിഹ് ആലുശ്ശൈഖ്



വിവ: മുഹമ്മദ് സിയാദ്

ഫിത്ന അഥവാ കുഴപ്പം വെളിപ്പെടുകയും അവസ്ഥകളിൽ മാറ്റം വരികയും ചെയ്താൽ സൗമ്യതയോടും അവധാനതയോടും വിവേകത്തോടും കൂടി, എടുത്തുചാടാതെ പ്രവർത്തിക്കണം. ഇത് വളരെ പ്രധാനപ്പെട്ട, നമ്മൾ പിന്തുടരേണ്ട ഒരു തത്ത്വമാണ്.

**സൗമ്യത**

നബി(സ്വ) ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്: "ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്. അത് നീക്കം ചെയ്യപ്പെട്ടാൽ ഏതും വികൃതമാണ്" (മുസ്‌ലിം).

'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്' എന്നതിലെ 'കാര്യം' (ശൈഅ്) എന്ന പദത്തെ പണ്ഡിതന്മാർ വിശദീകരിച്ചത് ഇപ്രകാരമാണ്: 'അത് സാർവത്രികമായ ഒരു പദമാണ്. അതിൽ എല്ലാം ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ സൗമ്യത എല്ലാ കാര്യത്തിലും സ്തുത്യർഹമാണ്.'

ഒരു ഹദീഥിൽ ആഇശ(റ)യോട് നബി(സ്വ) ഇപ്രകാരം പറഞ്ഞതായി കാണാം: 'അല്ലാഹു എല്ലാ കാര്യത്തിലും സൗമ്യത ഇഷ്ടപ്പെടുന്നു.' ഇമാം ബുഖാരി ഈ ഹദീഥ് ഉദ്ധരിച്ചത് 'എല്ലാ കാര്യങ്ങളിലും സൗമ്യത' എന്ന അധ്യായത്തിനു കീഴിലാണ്.

അതിനാൽ, എല്ലാ കാര്യങ്ങളിലും നിങ്ങൾ സൗമ്യതയും സമചിത്തതയും കാണിക്കുക. നിങ്ങൾ കോപിക്കരുത്; പരുഷത കാണിക്കുകയുമരുത്. എന്തെന്നാൽ, സൗമ്യത കാണിച്ചതിന്റെ പേരിൽ നിങ്ങളൊരിക്കലും ഖേദിക്കേണ്ടി വരികയില്ല. മാത്രമല്ല, 'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്.'

നിങ്ങളുടെ ചിന്തകളിലും, അഭിപ്രായങ്ങളിലും, നിങ്ങൾക്ക് മുമ്പിൽ വരുന്ന പ്രശ്നങ്ങളിലും, നിങ്ങൾ തീർപ്പുകൽപിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിലും നിങ്ങൾ സൗമ്യത കാണിക്കുക. നിങ്ങൾ എടുത്തുചാടരുത്; എടുത്തുചാടുന്നവരോടൊപ്പം ആകുകയും ചെയ്യരുത്. (അനാവശ്യമായി) ധൃതിപ്പെടുന്നവരോടൊപ്പവും ആകരുത്. നിങ്ങൾ സൗമ്യത കാണിക്കുക. 'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്' എന്ന പ്രവാചകവചനമാണ് നമുക്ക് മാതൃക. അതിനാൽ, നിങ്ങൾ പ്രസന്നതയുള്ളവരാകുക. പ്രസന്നവദനരായി കാര്യങ്ങൾ കൈകാര്യം ചെയ്യുക. ദയയില്ലായ്മയെ തൊട്ട് നിങ്ങൾ ജാഗരൂകരാകുക. എന്തെന്നാൽ, ദയയില്ലായ്മ നിങ്ങളുടെ വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും മുഴുവൻ വസ്തുക്കളിൽനിന്നും കാരുണ്യത്തെ മുറിച്ചുകളയും.

**അവധാനത**

അശജ്ജ് അബ്ദുൽ ഖൈസി(റ) നോട് ഒരിക്കൽ നബി(സ്വ) പറഞ്ഞു: 'അല്ലാഹുവിനിഷ്ടമുള്ള രണ്ട് സ്വഭാവങ്ങൾ നിന്നിലുണ്ട്. ഒന്ന്, വിവേകം; രണ്ട്, അവധാനത.'

അവധാനത സ്തുത്യർഹമായ ഒരു സ്വഭാവമാണ്. അല്ലാഹു പറഞ്ഞു: ''മനുഷ്യൻ ഗുണത്തിന് വേണ്ടി പ്രാർഥിക്കുന്നത് പോലെ തന്നെ ദോഷത്തിന് വേണ്ടിയും പ്രാർഥിക്കുന്നു. മനുഷ്യൻ ഏറെ തിടുക്കം കൂട്ടുന്നവനായിരിക്കുന്നു'' (അൽഇസ്റാഅ് 11). പണ്ഡിതന്മാർ പറഞ്ഞു: 'തിടുക്കം കൂട്ടുന്ന മനുഷ്യനെ ഇതിലൂടെ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. കാരണം ആർക്കെങ്കിലും ഈ സ്വഭാവമുണ്ടെങ്കിൽ അവൻ ആക്ഷേപാർഹനാണ്. അതിനാൽ, നബി(സ്വ) ഒരിക്കലും തിടുക്കം കൂട്ടുന്നവനായിരുന്നില്ല.'

**വിവേകം**

ഫിത്നകൊണ്ട് സാഹചര്യങ്ങളിൽ മാറ്റം വരുമ്പോൾ വിവേകം ഒരു പ്രശംസനീയ സ്വഭാവം തന്നെയാണ്. കാരണം, വിവേകമുണ്ടെ

ങ്കിൽ മാത്രമെ കാര്യങ്ങളുടെ യാഥാർഥ്യത്തെ കാണാനും മനസ്സിലാക്കാനും സാധിക്കുകയുള്ളൂ. സൗമ്യതയോടും അവധാനതയോടും വിവേകത്തോടുംകൂടി, എടുത്തുചാടാതെ പ്രവർത്തിക്കണം.

സ്വഹീഹു മുസ്‌ലിമിൽ ഇപ്രകാരം കാണാം: "മുസ്തൗരിദ് അൽഖുറശി(റ) നിവേദനം: അദ്ദേഹത്തിനു സമീപം അംറുബ്നുൽ ആസ്വും(റ) ഉണ്ടായിരുന്നു. റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: 'റോമക്കാർ അധികരിച്ചാലാണ് അന്ത്യനാൾ സംഭവിക്കുക.' അപ്പോൾ അംറ്(റ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ പറയുന്നത് ഉറപ്പാക്കുക!' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരിൽനിന്ന് കേട്ടതാണ് ഞാൻ താങ്കളോട് പറയുന്നത്.' അപ്പോൾ അംറ്(റ) പറഞ്ഞു: 'അങ്ങനെയാണെങ്കിൽ, അത് റോമക്കാരിലുള്ള നാലു സൽഗുണങ്ങൾ കാരണമായിട്ടാണ്. (ഒന്ന്) ഫിത്നയുണ്ടാകുമ്പോൾ ജനങ്ങളോട് ഏറ്റവും വിവേകികളായിരിക്കും. (രണ്ട്) ഒരു ആപത്തിനു ശേഷം ദ്രുതഗതിയിൽ പൂർവസ്ഥിതി പ്രാപിക്കും. (മൂന്ന്) ദ്രുതഗതിയിൽ പൂർവസ്ഥിതി പ്രാപിക്കുകയും പരാജയത്തിനു ശേഷം വീണ്ടും ആക്രമണം നടത്താൻ കോപ്പുകൂട്ടുകയും ചെയ്യും. (നാല്) അഗതികളോടും അനാഥകളോടും ദുർബലരോടും കാരുണ്യത്തോടെ പെരുമാറും. അഞ്ചാമത്തേത് നല്ലതും സുന്ദരവുമാണ്. അതായത്, രാജാക്കന്മാരുടെ അന്യായങ്ങളിൽനിന്ന് അവരുടെ ആളുകളെ പ്രതിരോധിക്കുന്നവരാണ്."

പണ്ഡിതന്മാർ പറഞ്ഞു: 'അംറുബ്നുൽ ആസ്വി(റ)ന്റെ ഈ വാക്ക് റോമക്കാരെയും അവിശ്വാസികളായ ക്രിസ്ത്യാനികളെയും പ്രശംസിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. പ്രത്യുത, അവസാനനാളിലുള്ള അവരുടെ ആധിക്യം, ഫിത്നയുടെ അവസരത്തിൽ ഏറ്റവും വിവേകത്തോടെ പ്രവർത്തിക്കുന്നത് കാരണമാണ് എന്ന് മുസ്‌ലിംകൾക്ക് വിശദീകരിച്ചുകൊടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് അദ്ദേഹം അതു പറഞ്ഞത്. അവരുടെ വിവേകം കാരണമായി പ്രശ്നങ്ങൾ പരിശോധിക്കാനും അവ പരിഹരിക്കാനും അവർക്ക് സാധിക്കുന്നു. അതിലൂടെ സ്വന്തത്തെയും അവരുടെ ആൾക്കാരെയും രക്ഷിക്കാൻ അവർക്ക് സാധിക്കുന്നു.'

**എല്ലാ കാര്യങ്ങളിലും നിങ്ങൾ സൗമ്യതയും സമചിത്തതയും കാണിക്കുക. നിങ്ങൾ കോപിക്കരുത്; പരുഷത കാണിക്കുകയുമരുത്. എന്തെന്നാൽ, സൗമ്യത കാണിച്ചതിന്റെ പേരിൽ നിങ്ങളൊരിക്കലും ഖേദിക്കേണ്ടി വരികയില്ല. മാത്രമല്ല, 'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്.' നിങ്ങളുടെ ചിന്തകളിലും, അഭിപ്രായങ്ങളിലും, നിങ്ങൾക്ക് മുമ്പിൽ വരുന്ന പ്രശ്നങ്ങളിലും, നിങ്ങൾ തീർപ്പുകൽപിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിലും നിങ്ങൾ സൗമ്യത കാണിക്കുക. നിങ്ങൾ എടുത്തുചാടരുത്; എടുത്തുചാടുന്നവരോടൊപ്പം ആകുകയും ചെയ്യരുത്. (അനാവശ്യമായി) ധൃതിപ്പെടുന്നവരോടൊപ്പവും ആകരുത്. നിങ്ങൾ സൗമ്യത കാണിക്കുക. 'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്' എന്ന പ്രവാചകവചനമാണ് നമുക്ക് മാതൃക. അതിനാൽ, നിങ്ങൾ പ്രസന്നതയുള്ളവരാകുക. പ്രസന്നവദനരായി കാര്യങ്ങൾ കൈകാര്യം ചെയ്യുക. ദയയില്ലായ്മയെ തൊട്ട് നിങ്ങൾ ജാഗരൂകരാകുക. എന്തെന്നാൽ, ദയയില്ലായ്മ നിങ്ങളുടെ വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും മുഴുവൻ വസ്തുക്കളിൽനിന്നും കാരുണ്യത്തെ മുറിച്ചുകളയും.**

ഇത് പ്രവാചക(സ്വ)നിൽ നിന്നുള്ള മൃദുലമായ ഒരു താക്കീതാണ്. കാരണം, ജനങ്ങളിൽ ഭൂരിഭാഗവും റോമാക്കാരാകുന്നതുവരെ അന്ത്യനാൾ സംഭവിക്കുകയില്ല എന്ന് അറിയിക്കുകയാണ്. എന്തുകൊണ്ടാണ് അന്ത്യനാളടുക്കുമ്പോൾ റോമാക്കാർ അധികരിക്കുന്നത്?

അംറുബ്നുൽ ആസ്(റ) പറഞ്ഞു: 'കാരണം അവരിൽ നാലു സ്വഭാവസവിശേഷതകളുണ്ട്: അവയിൽ ഒന്ന് (ആ സ്വഭാവ സവിശേഷതകളിൽ നമ്മെ ആകർഷിക്കുന്നത് ഇതാണ്): 'ഫിത്നയുടെ അവസരത്തിൽ ജനങ്ങളിൽ ഏറ്റവും വിവേകം കാണിക്കുന്നത് അവരാണ്.' അതായത്, അവസ്ഥകൾ മാറുകയും ഫിത്ന വെളിപ്പെടുകയും ചെയ്താൽ അവർ വിവേകത്തോടെ പ്രവർത്തിക്കും. അവർ തിടുക്കം കാണിക്കുകയോ കോപിക്കുകയോ ഇല്ല. ക്രിസ്ത്യാനികളായ അവരുടെ ആൾക്കാരെ കൊലക്ക് കൊടുക്കാനും അവരുടെമേൽ കൂടുതൽ ഫിത്നകൾ വരുത്തിവെക്കാനും അവർ തയ്യാറല്ല. എന്തെന്നാൽ, ഫിത്ന പ്രത്യക്ഷപ്പെട്ടാൽ, തങ്ങൾ തന്നെയാണ് അതിൽ അകപ്പെടുക എന്ന് അവർക്ക് നന്നായറിയാം. ഈയൊരു സ്വഭാവസവിശേഷത കാരണത്താലാണ് അന്ത്യനാളടുക്കുമ്പോൾ ജനങ്ങളിൽ ഭൂരിഭാഗവും അവരായിത്തീരുന്നത്.'

അംറുബ്നുൽ ആസ്(റ) പ്രശംസിച്ച റോമാക്കാരുടെ ഈ സ്വഭാവസവിശേഷത എന്തുകൊണ്ട് നാം സ്വീകരിക്കുന്നില്ല എന്ന് നാം അത്ഭുതപ്പെടുകയാണ്. കാരണം, അത് പ്രശംസനീയമായ ഒരു സ്വഭാവമാണ്. ഏതൊരു നന്മക്കും ഏറ്റവും അർഹരായവർ നാമാണ്. വിവേകം ഏതൊരു വിഷയത്തിലും പ്രശംസനീയമാണ്. വിവേകം, സൗമ്യത, അവധാനത എന്നിവയിലൂടെ ബുദ്ധിമാനായ ഒരാളുടെ ചിന്തകൾ പ്രകാശമാനമാകും. ഇത്തരം സ്വഭാവങ്ങൾ ഒരാളുടെ ബുദ്ധിയെയും ജ്ഞാനത്തെയും അറിയിക്കുന്നു. അപ്പോൾ, ഫിത്ന വെളിപ്പെടുകയും അവസ്ഥകൾ മാറുകയും ചെയ്താൽ അഹ്‌ലുസ്സുന്ന വൽജമാഅ സ്വീകരിക്കുന്ന ഒന്നാമത്തെ മാർഗനിർദേശമാണിത്. ■



കവർ സ്റ്റോറി

# സകാത്ത്:
## ഇഹപരാനുഗ്രഹ വർധനവിന്

പി.എൻ അബ്ദുറഹ്മാൻ അബ്ദുല്ലത്വീഫ്

**സമ്പത്തും സൗകര്യങ്ങളും സ്രഷ്ടാവ് കനിഞ്ഞരുളി നൽകിയ അനുഗ്രഹങ്ങളാണ്. ഔദാര്യമായി കിട്ടിയ അനുഗ്രഹങ്ങൾ അർഹർക്ക് പകുത്ത് നൽകുമ്പോഴാണ് അത് പ്രതിഫലാർഹമാവുന്നത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറച്ചു കൊണ്ടുവരുന്നതിനേക്കാൾ ഇഹപര വിജയം തന്നെയാണ് സകാത്തിൻെറ അകംപൊരുൾ.**

വർധനവ്, വികാസം, ശുദ്ധീകരണം തുടങ്ങിയ അർഥങ്ങളാണ് ഭാഷയിൽ സകാത്തിനുള്ളത്. അനുഗൃഹീതനും പരമോന്നതനുമായ അല്ലാഹുവിന് ആരാധനയെന്നോണം നിർണിതമായ ചില സമ്പത്തുകളിൽനിന്നും, നിർബന്ധവും നിർണിതവുമായ ഒരു വിഹിതം, നിർണിതമായ അവകാശികൾക്ക് നൽകുന്നത് എന്നാണ് 'സകാത്തി'നെ കർമശാസ്ത്ര പണ്ഡിതന്മാർ നിർവചിച്ചിട്ടുള്ളത്.

സകാത്തിന്റെ ഭാഷാർഥത്തിന് അതിന്റെ നിർവചനവുമായി ഏറെ ബന്ധമുണ്ട്. എല്ലാ നിലയ്ക്കും സകാത്ത് വർധനവാണ്.

1. നൽകുന്ന ആളുടെ ഈമാൻ വർധിക്കുന്നു. പ്രവാചകൻ(സ്വ) പറഞ്ഞു: "താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടുന്നതുവരെ ഒരാളും വിശ്വാസിയാവുകയില്ല" (സ്വഹീഹ് മുസ്‌ലിം).

നമ്മുടെ ആവശ്യങ്ങൾക്കുള്ള പണം ലഭിക്കണമെന്ന് നാം ആഗ്രഹിക്കാറില്ലേ? അതുപോലെ നമ്മുടെ സഹോദരങ്ങൾക്കും അവരുടെ ആവശ്യത്തിനുള്ള സമ്പത്ത് ലഭിക്കട്ടെയെന്ന് നാം ആഗ്രഹിക്കേണ്ടതുണ്ട്. അത് നമ്മുടെ ഈമാൻ വർധിക്കുവാൻ ഇടവരുത്തുന്നു. അല്ലാഹു പറയുന്നു :

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ഏതൊരു വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെക്കുറിച്ച് അറിയുന്നവനാകുന്നു" (ആലുഇംറാൻ: 92).

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ സകാത്ത് കൊടുക്കാൻ അർഹതയുള്ളവനായിരിക്കെ കൊടുക്കാതിരിക്കുന്ന ഒരാളുടെ ഈമാൻ പൂർണമാകില്ലെന്ന് പറയേണ്ടതില്ലല്ലോ.

2. സമ്പത്തും അതിലുള്ള ബറകത്തും വർധിക്കാൻ സകാത്ത് കാരണമാകുന്നു. **അല്ലാഹു പറയുന്നു:**

"അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉത്പാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും എല്ലാം അറിയുന്നവനുമാകുന്നു" (അൽബക്വറ:261).

അതിനാലാണ് സാമ്പത്തികമായ ഞെരുക്കം അനുഭവിക്കുന്ന ആളുകൾ ചെറിയ തോതിലാണെങ്കിലും ദാനം നൽകട്ടെയെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയത്. ദാനം നൽകുകവഴി അല്ലാഹു അവർക്ക് സമ്പത്ത് വർധിപ്പിച്ചുകൊടുക്കുകയും അവരുടെ പ്രയാസങ്ങൾ നീങ്ങുകയും ചെയ്യും. 'താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു' എന്ന് അല്ലാഹുതന്നെ പറഞ്ഞിരിക്കെ സമ്പത്ത് വർധിപ്പിക്കാൻ ഇതിലും നല്ല മാർഗം വേറെ ഏതാണ്?

അതുപോലെ പ്രവാചകൻ(സ) പറഞ്ഞു: "ദാനധർമം കാരണത്താൽ ഒരു സമ്പത്തിലും കുറവ് വന്നിട്ടില്ല" (സ്വഹീഹ് മുസ്‌ലിം). അഥവാ ദാനധർമം സമ്പത്ത് വർധിക്കാൻ കാരണമാകുന്നു. പ്രവാചകന്റെ മറ്റൊരു വചനത്തിൽ ഇപ്രകാരം കാണാം:

"രണ്ടു മലക്കുകൾ ഇറങ്ങുകയും അവർ ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുകൊണ്ടല്ലാതെ ഏതൊരു ദിവസവും നേരം പുലരുന്നില്ല. അവരിലൊരാൾ പറയും: 'അല്ലാഹുവേ, സമ്പത്ത് ദാനം ചെയ്യുന്നവന് നീ അതിനെക്കാൾ നല്ലത് നൽകേണമേ.' മറ്റൊരാൾ ഇപ്രകാരം പറയും: 'അല്ലാഹുവേ, സമ്പത്ത് പിടിച്ചുവെക്കുന്നവന് നീ നാശം വിതക്കേണമേ" (ബുഖാരി, മുസ്‌ലിം).

ദാനധർമങ്ങൾ സമ്പത്തിൽ വർധനവാണ് ഉണ്ടാക്കുന്നത് എന്ന് പ്രമാണങ്ങളിൽനിന്നും കൃത്യമായി മനസ്സിലാക്കാം. സാമ്പത്തികശാസ്ത്രമനുസരിച്ചും ദാനധർമവും സകാത്തും വർധനവാണ്. ഏതൊരു സമൂഹത്തിലും ദാരിദ്ര്യവും തൊഴിലില്ലായ്മയും പട്ടിണിയും വ്യാപിച്ചാൽ അവരുടെ സമ്പദ്‌വ്യവസ്ഥയും അവരുടെ നാട്ടിലെ സുരക്ഷിതത്വവുമെല്ലാം താറുമാറാകും. ഉല്പാദനശേഷി കുറയും. അതുവഴി വിലക്കയറ്റം ഉണ്ടാകും. ദാരിദ്ര്യവും തൊഴിലില്ലായ്മയും വിലക്കയറ്റവും ഒരുമിച്ചു വന്നാൽ കുറ്റകൃത്യങ്ങൾ സ്വാഭാവികമായും വർധിക്കും. അത് ആ സമൂഹത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയെയും പ്രതികൂലമായി ബാധിക്കും. ആ നിലയ്ക്ക് ആ സമൂഹത്തിന്റെ കെട്ടുറപ്പിന് ആ സമൂഹത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്ന ഓരോ ആളുടെയും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന് സകാത്ത് ഒരു അത്ഭുതകരമായ പരിഹാരമാണ്.

പണക്കാരുടെ കൈയിൽനിന്നും നിർണിതമായ ഒരു വിഹിതം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട അവകാശികൾക്ക് നൽകുകവഴി ആ സമൂഹത്തിന് ഉണർവും ഉന്മേഷവും ലഭിക്കുന്നു. അവരുടെ ഉല്പാദന ശേഷി വർധിക്കുന്നു. അതുമുഖേന തൊഴിലവസരങ്ങളും വിലക്കുറവും ഉണ്ടാകുന്നു. ആ സമൂഹം ഒന്നടങ്കം വളരുന്നു. കുറ്റകൃത്യങ്ങൾ കുറയുന്നു. സുരക്ഷിതത്വവും സമാധാനവും വർധിക്കുന്നു. സകാത്ത് നൽകുന്ന ആളുകൾക്കും അതിന്റെ ഗുണം ലഭിക്കുന്നു. അവർക്ക് നിക്ഷേപാവസരങ്ങളും കച്ചവടാവസരങ്ങളും വർധിക്കുന്നു. എത്ര അത്ഭുതകരം! ഇതെല്ലാംതന്നെ 'സകാത്ത്' എന്ന പദത്തിന്റെ ഭാഷാർഥവും അതിന്റെ നിർവചനവുമായുള്ള ബന്ധത്തെയുമാണ് സൂചിപ്പിക്കുന്നത്.

3. സകാത്തടക്കമുള്ള ദാനധർമങ്ങൾ അന്ത്യനാളിലെ കടുത്ത ചൂടിൽനിന്നും രക്ഷ ലഭിക്കാൻ കാരണമാകുന്നു. അർശിന്റെ തണലല്ലാത്ത മറ്റൊരു തണലുമില്ലാത്ത ദിവസത്തിൽ തണൽ ലഭിക്കാൻ അതൊരു കാരണമാണ്. അല്ലാഹുവിന്റെ പ്രവാചകൻ(സ്വ) പറഞ്ഞു:

**ദാനധർമങ്ങൾ സമ്പത്തിൽ വർധനവാണ് ഉണ്ടാക്കുന്നത് എന്ന് പ്രമാണങ്ങളിൽനിന്നും കൃത്യമായി മനസ്സിലാക്കാം. സാമ്പത്തികശാസ്ത്രമനുസരിച്ചും ദാനധർമവും സകാത്തും വർധനവാണ്. ഏതൊരു സമൂഹത്തിലും ദാരിദ്ര്യവും തൊഴിലില്ലായ്മയും പട്ടിണിയും വ്യാപിച്ചാൽ അവരുടെ സമ്പദ്‌വ്യവസ്ഥയും അവരുടെ നാട്ടിലെ സുരക്ഷിതത്വവുമെല്ലാം താറുമാറാകും. ഉല്പാദനശേഷി കുറയും. അതുവഴി വിലക്കയറ്റം ഉണ്ടാകും. ദാരിദ്ര്യവും തൊഴിലില്ലായ്മയും വിലക്കയറ്റവും ഒരുമിച്ചു വന്നാൽ കുറ്റകൃത്യങ്ങൾ സ്വാഭാവികമായും വർധിക്കും. അത് ആ സമൂഹത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയെയും പ്രതികൂലമായി ബാധിക്കും. ആ നിലയ്ക്ക് ആ സമൂഹത്തിന്റെ കെട്ടുറപ്പിന് ആ സമൂഹത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്ന ഓരോ ആളുടെയും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന് സകാത്ത് ഒരു അത്ഭുതകരമായ പരിഹാരമാണ്.**

"അന്ത്യനാളിൽ ഓരോരുത്തരും തങ്ങൾ നൽകിയ ദാനധർമങ്ങളുടെ തണലിലായിരിക്കും" (മുസ്നദ് അഹ്മദ്, സ്വഹീഹ് ഇബ്നുഖുസൈമ).

4. സകാത്ത് നൽകുന്നവന്റെ സൽസ്വഭാവങ്ങൾ വർധിക്കാൻ അത് കാരണമായിത്തീരുന്നു.

പിശുക്ക് ഏതൊരു സമൂഹത്തിലും ഏറെ മോശപ്പെട്ട സ്വഭാവമാണ്. എന്നാൽ തന്റെ സഹജീവിയുടെ പ്രയാസങ്ങൾ അടുത്തറിയുന്നതും അവനൊരു കൈത്താങ്ങാകുന്നതും ഏറെ പ്രശംസനീയമാണുതാനും. സാമൂഹികജീവിയായ മനുഷ്യന്റെ സ്വഭാവഗുണങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന സ്വഭാവഗുണങ്ങളാണല്ലോ ദയ, കാരുണ്യം, എളിമ, വിനയം, ഔദാര്യം, സ്നേഹം, വിശാലമനസ്കത, ദുഃഖവും സന്തോഷവും പങ്കുവെക്കൽ തുടങ്ങിയവ. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്പത്തിൽനിന്ന് നിശ്ചിതമായ ഒരു വിഹിതം തന്റെ കൂടെ ജീവിക്കുന്ന ആവശ്യക്കാരന്റെ അവകാശമാണ് എന്നും, അത് താൻ അവന് നൽകുന്ന ഔദാര്യമല്ല, മറിച്ച് അവന് ലഭിക്കേണ്ട അവകാശമാണ് എന്നുമുള്ള ബോധത്തോടെയും പൂർണ മനസ്സോടെയും നൽകുകവഴി ഈ സ്വഭാവ ഗുണങ്ങളെല്ലാം ഒരാൾക്ക് നേടിയെടുക്കാൻ സാധിക്കുന്നു. ആ നിലയ്ക്ക് സൽസ്വഭാവങ്ങൾ വർധിക്കാൻ സകാത്ത് ഒരു കാരണമായിത്തീരുന്നു. സുബ്ഹാനല്ലാഹ്!

5. സകാത്ത് സ്വർഗ പ്രവേശനത്തിന് കാരണമാകുന്നു:

അബ്ദുല്ലാഹിബ്നു സലാം(റ) ഉദ്ധരിക്കുന്നു: "പ്രവാചകൻ(സ) പറഞ്ഞു: 'അല്ലയോ ജനങ്ങളേ, നിങ്ങൾ സലാം പറയുന്നത് വ്യാപകമാക്കുക, ആവശ്യക്കാരെ ഭക്ഷിപ്പിക്കുക, കുടുംബബന്ധം പുലർത്തുക, ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കുകയും ചെയ്യുക. എങ്കിൽ നിങ്ങൾക്ക് നിഷ്പ്രയാസം സ്വർഗത്തിൽ പ്രവേശിക്കാം" (മുസ്നദ് അഹ്മദ്).

**സാമൂഹികജീവിയായ മനുഷ്യന്റെ സ്വഭാവഗുണങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന സ്വഭാവഗുണങ്ങളാണല്ലോ ദയ, കാരുണ്യം, എളിമ, വിനയം, ഔദാര്യം, സ്നേഹം, വിശാലമനസ്കത, ദുഃഖവും സന്തോഷവും പങ്കുവെക്കൽ തുടങ്ങിയവ. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്പത്തിൽനിന്ന് നിശ്ചിതമായ ഒരു വിഹിതം തന്റെ കൂടെ ജീവിക്കുന്ന ആവശ്യക്കാരന്റെ അവകാശമാണ് എന്നും, അത് താൻ അവന് നൽകുന്ന ഔദാര്യമല്ല, മറിച്ച് അവന് ലഭിക്കേണ്ട അവകാശമാണ് എന്നുമുള്ള ബോധത്തോടെയും പൂർണ മനസ്സോടെയും നൽകുകവഴി ഈ സ്വഭാവ ഗുണങ്ങളെല്ലാം ഒരാൾക്ക് നേടിയെടുക്കാൻ സാധിക്കുന്നു**

6. അല്ലാഹുവിന്റെ കോപം അകറ്റാനും അവന്റെ തൃപ്തി വർധിക്കാനും സകാത്ത് ഒരു കാരണമാണ്. പ്രവാചകൻ(സ്വ) പറഞ്ഞു: "ദാനധർമ്മം അല്ലാഹുവിന്റെ കോപം അണക്കുന്നു" (തിർമിദി, ത്വബ്റാനി).
7. പാപങ്ങൾ പൊറുക്കപ്പെടാനും നന്മകൾ വർധിക്കാനും സകാത്ത് കാരണമാകുന്നു. പ്രവാചകൻ(സ്വ) പറഞ്ഞു: "വെള്ളം തീയണക്കുന്നതുപോലെ ദാനധർമങ്ങൾ പാപങ്ങളെയും അണക്കുന്നു" (മുസ്നദ് അഹ്മദ്, തിർമിദി).
8. മഴ വർധിക്കാൻ സകാത്ത് കാരണമാകുന്നു. പ്രവാചകൻ(സ്വ) പറഞ്ഞു: "തങ്ങളുടെ സമ്പത്തിൽ നിന്നും നൽകേണ്ട സകാത്ത് ഏതെങ്കിലും സമൂഹം പിടിച്ചുവെക്കുന്ന പക്ഷം, ആകാശത്തുനിന്നും അവർക്ക് ലഭിക്കേണ്ട ജലവും പിടിച്ചുവെക്കപ്പെടുക തന്നെ ചെയ്യും" (ഇബ്നുമാജ).
9. സകാത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ കുറക്കുകയും, സാമ്പത്തികസുരക്ഷ വർധിപ്പിക്കുകയും ചെയ്യുന്നു.

പാവപ്പെട്ടവർക്ക് അവരുടെ ആവശ്യങ്ങൾക്കുള്ള പണം ലഭിക്കുക വഴി അവർ കുറ്റകൃത്യങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നു. തങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്പത്തിൽനിന്നും കൃത്യമായി സകാത്ത് നൽകാൻ തയ്യാറാവുന്ന ആളുകൾ സ്വാഭാവികമായും സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് മുതിരുകയുമില്ലല്ലോ. അതുപോലെ പണക്കാരും പാവപ്പെട്ടവരും തമ്മിൽ ഉണ്ടാകാനിടയുള്ള അകൽച്ചയും അതുവഴി ഇല്ലാതാകുന്നു. സാമൂഹിക പ്രശ്നങ്ങളും സകാത്തിലൂടെ പരിഹരിക്കപ്പെടുന്നു. അല്ലാഹു എത്ര അനുഗൃഹീതൻ. സുബ്ഹാനല്ലാഹ്!

10. വരാനിരിക്കുന്ന അപകടങ്ങളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും സകാത്ത് സുരക്ഷ നൽകുന്നു.

പ്രവാചകൻ(സ) പറഞ്ഞു: "നിങ്ങൾ ദാനധർമങ്ങൾ നൽകാൻ ധൃതികാണിക്കുക. പരീക്ഷണങ്ങൾക്ക് അവയെ മറികടക്കാൻ സാധിക്കുകയില്ല" (ത്വബ്റാനി).

11. മതബോധം വർധിക്കാനും അല്ലാഹുവിന്റെ നിയമങ്ങളെക്കുറിച്ച് കൂടുതൽ പഠിച്ച് മനസ്സിലാക്കാനും സകാത്ത് കാരണമാകുന്നു. സകാത്ത് നൽകണമെങ്കിൽ അതിന്റെ നിയമങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട്തന്നെ സകാത്ത് നൽകുന്നവർ അതുമായി ബന്ധപ്പെട്ടുള്ള അധ്യാപനങ്ങൾ മനസ്സിലാക്കാനും അവ പാലിക്കാനും തയ്യാറായി മുന്നോട്ട് വരുന്നു. ഇത് അവരെ സ്വർഗത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. പ്രവാചകൻ(സ്വ) പറഞ്ഞു:

"അറിവ് ലഭിക്കാനിടയാക്കുന്ന വഴിയിൽ ആരെങ്കിലും സഞ്ചരിച്ചാൽ, അല്ലാഹു അവന് സ്വർഗത്തിലേക്കുള്ള വഴിയും എളുപ്പമാക്കികൊടുക്കും" (സ്വഹീഹ് മുസ്‌ലിം).

ഈ നിലയ്ക്കെല്ലാം സകാത്ത് വർധനവാണ്. ഇനിയും എത്രയോ കാര്യങ്ങൾ പണ്ഡിതന്മാർ സകാത്ത് മൂലം ഉണ്ടാകുന്ന വർധനവിന്റെ കൂട്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഈ ഉപകാരങ്ങളെല്ലാം ലഭിക്കണമെങ്കിൽ സകാത്ത് നൽകുന്നവന്റെ മനസ്സും ഉദ്ദേശ്യവും നന്നാകണം.

ഇബ്നുൽക്വയ്യിം(റഹി) പറയുന്നു:

“ദാനധർമവും ഔദാര്യവും ഹൃദയവിശാലത നൽകുന്നു. പക്ഷേ, മനസ്സറിഞ്ഞുകൊണ്ട് അർപ്പണ ബോധത്തോടെ ദാനം നൽകുന്ന ഒരാൾക്കേ അത് ലഭിക്കുകയുള്ളൂ. അഥവാ തന്റെ കയ്യിൽനിന്നും പണം നൽകുന്നതിനു മുമ്പായി മനസ്സുകൊണ്ട് നൽകിയിരിക്കണം. എന്നാൽ തന്റെ കൈകൊണ്ടു ദാനം നൽകിയിട്ടും മനസ്സിൽ ആ പണം അപ്പോഴും കുടിയിരിക്കുകയാണെങ്കിൽ അവന്റെ ദാനം അവനൊരിക്കലും ഉപകാരപ്പെടുന്നില്ല” (സാദുൽ മആദ്).

അതുകൊണ്ട് കൈകൊണ്ട് നൽകുന്നതിനു മുമ്പ് മനസ്സുകൊണ്ട് നൽകാൻ നാമോരോരുത്തരും തയ്യാറാവുക.

**സംശയനിവാരണം**

സ്വർണത്തിന്റെ സകാത്തുമായി ബന്ധപ്പെട്ട് പലർക്കും പല സംശയങ്ങളുമുണ്ടാവാം. ഉപയോഗിക്കുന്ന ആഭരണത്തിനും സകാത്തുണ്ട് എന്നതാണ് പ്രബലമായ അഭിപ്രായം. അതിൽതന്നെ പലർക്കുമുള്ള ചില സംശയങ്ങളും അവയുടെ നിവാരണവുമാണ് താഴെ കൊടുക്കുന്നത്:

*ചോദ്യം: വീട്ടിലുള്ള എല്ലാവരുടെ ആഭരണങ്ങളും കൂട്ടി അവ മൊത്തത്തിൽ പത്തര പവൻ തികയുക എന്നാണോ, അതല്ല ഓരോരുത്തരുടെയും ആഭരണങ്ങൾ വ്യത്യസ്തമായിത്തന്നെ പരിഗണിച്ചാൽ മതിയോ ?*

ഉത്തരം: ഓരോരുത്തരുടെയും ആഭരണങ്ങൾ വ്യത്യസ്തമായി പരിഗണിച്ചാൽ മതി. കാരണം വ്യക്തികൾക്കാണ് സകാത്ത് ബാധകമാകുന്നത്. കുടുംബത്തിനല്ല. അതിനാൽതന്നെ ഒരു കുടുംബത്തിലെ വ്യത്യസ്ത അംഗങ്ങളുടെ ഉടമസ്ഥതയിലുള്ളവ വെവ്വേറെത്തന്നെ പരിഗണിച്ചാൽ മതി.

*ചോദ്യം: മഹ്ർ സ്വർണാഭരണമാണ് എങ്കിൽ അതുകൂടി കൂട്ടിയാണോ കൈവശമുള്ള സ്വർണാഭരണത്തിന് നിസ്വാബ് തികയുന്നുണ്ടോ എന്ന് നോക്കേണ്ടത്?*

ഉത്തരം: അതെ. മഹ്ർ ആണ് എന്നതുകൊണ്ട് അതിന് സകാത്ത് ബാധകമാകാതാകുന്നില്ല. അതുകൊണ്ടുതന്നെ മഹ്ർ സ്വർണാഭരണമാണ് എങ്കിൽ ആ മഹ്ർ അടക്കം കൈവശമുള്ള മൊത്തം സ്വർണം എത്രയുണ്ട് എന്ന് നോക്കിയാണ്, തന്റെ കൈവശമുള്ള സ്വർണത്തിന് നിസ്വാബ് തികയുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത്. നിസ്വാബ് തികയുന്നുണ്ട് എങ്കിൽ ഓരോ ഹിജ്റ വർഷം തികയുമ്പോഴും അതിന്റെ രണ്ടര ശതമാനം സകാത്തായി നൽകണം.

*ചോദ്യം: നിസ്വാബ് എത്തിയ, അഥവാ 85 ഗ്രാമിൽ (ഏകദേശം പത്തര പവൻ) കൂടുതൽ സ്വർണം ഉണ്ടെങ്കിൽ അത് കഴിച്ച് ബാക്കിയുള്ള സ്വർണത്തിന്റെ രണ്ടര ശതമാനമാണോ സകാത്തായി നൽകേണ്ടത്?.*

ഉത്തരം: അല്ല. നിസ്വാബ് അടക്കമുള്ള മൊത്തം സ്വർണത്തിന്റെ രണ്ടര ശതമാനം ആണ് സകാത്തായി നൽകേണ്ടത്. ഉദാ: ഒരാളുടെ കൈവശം ഇരുപത് പവൻ സ്വർണം ഉണ്ടെങ്കിൽ ആ ഇരുപത് പവൻ സ്വർണത്തിന്റെ രണ്ടര ശതമാനം സകാത്തായി നൽകണം.

*ചോദ്യം: 85 ഗ്രാം ആണല്ലോ സ്വർണത്തിന്റെ നിസ്വാബ്. എന്റെ കയ്യിൽ 50ഗ്രാം സ്വർണവും ബാക്കി 35 ഗ്രാം സ്വർണത്തിന് തുല്യമായ കറൻസിയോ വിൽപന വസ്തുവോ ഉണ്ടെങ്കിൽ ഞാൻ ആ സ്വർണത്തെ അവയോടൊപ്പം കൂട്ടി മൊത്തത്തിലുള്ളതിന്റെ രണ്ടര ശതമാനം സകാത്തായി നൽകണോ?*

**“ദാനധർമവും ഔദാര്യവും ഹൃദയവിശാലത നൽകുന്നു. പക്ഷേ, മനസ്സറിഞ്ഞുകൊണ്ട് അർപ്പണ ബോധത്തോടെ ദാനം നൽകുന്ന ഒരാൾക്കേ അത് ലഭിക്കുകയുള്ളൂ. അഥവാ തന്റെ കയ്യിൽ നിന്നും പണം നൽകുന്നതിനു മുമ്പായി മനസ്സുകൊണ്ട് നൽകിയിരിക്കണം. എന്നാൽ തന്റെ കൈകൊണ്ടു ദാനം നൽകിയിട്ടും മനസ്സിൽ ആ പണം അപ്പോഴും കുടിയിരിക്കുകയാണെങ്കിൽ അവന്റെ ദാനം അവനൊരിക്കലും ഉപകാരപ്പെടുന്നില്ല’’ (സാദുൽ മആദ്).**



ഉത്തരം: അപ്രകാരം ചെയ്യണം എന്നതാണ് ശൈഖ് ഇബ്നുബാസ്(റഹി)യുടെ അഭിപ്രായം. കാരണം സ്വർണം നാണയ ഗണത്തിൽ പെട്ടതാണ്. അതുകൊണ്ട് കൈവശമുള്ള കറൻസിയും സ്വർണവും ചേർത്തു വച്ചോ, അതല്ലെങ്കിൽ കൈവശമുള്ള കച്ചവടവസ്തുവുമായി ചേർത്തുവച്ചോ സ്വർണം 85ഗ്രാം തികയുന്നുവെങ്കിൽ അതിന്റെ രണ്ടര ശതമാനം സകാത്തായി നൽകണം എന്നതാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. അതാണ് കൂടുതൽ സൂക്ഷ്മത.

*ചോദ്യം: സ്വർണത്തിന്റെ സകാത്ത് ആ സ്വർണത്തിൽ നിന്നുതന്നെ നൽകണോ? വളരെ വിലപിടിപ്പുള്ള സ്വർണാഭരണങ്ങൾക്കും അതിന്റെ തൂക്കത്തിന്റെ 2.5% തന്നെയാണോ സകാത്ത്?*

ഉത്തരം: സ്വർണത്തിന്റെ സകാത്ത് സ്വർണത്തിൽനിന്നോ, തത്തുല്യമായ കറൻസിയിൽ നിന്നോ നൽകിയാൽ മതി. ഒരാളുടെ കൈവശം 85 ഗ്രാമോ അതിൽ കൂടുതലോ സ്വർണം ഉണ്ടെങ്കിൽ മൊത്തം തൂക്കത്തിന്റെ 2.5% ശതമാനമാണ് സകാത്തായി നൽകേണ്ടത്. എന്നാൽ വിൽപന ഉദ്ദേശിക്കുന്ന സ്വർണമാണ് എങ്കിൽ അതിന്റെ മാർക്കറ്റ് വിലയുടെ 2.5% ആണ് സകാത്ത് നൽകേണ്ടത്. തൂക്കത്തിന്റെ 2.5% അല്ല. അഥവാ വിൽപന ഉദ്ദേശിക്കുന്ന സ്വർണത്തിന് ആഭരണം, അമൂല്യമായ എന്തെങ്കിലും വസ്തു എന്നിങ്ങനെ അതിന്റെ തൂക്കത്തെക്കാൾ വലിയ മൂല്യം അതിനുണ്ട് എങ്കിൽ, എത്ര വലിയ വിലയായാലും അതിന്റെ മാർക്കറ്റ് വിലയുടെ 2.5% നൽകാൻ ഒരാൾ ബാധ്യസ്ഥനാണ്.

ശൈഖ് സ്വാലിഹ് അൽ ഫൗസാൻ ഹഫിദഹുല്ലയോടുള്ള ചോദ്യവും മറുപടിയും ഇവിടെ കൊടുക്കുന്നു: ചോദ്യോത്തരത്തിൽ ചില കാര്യങ്ങൾ പ്രത്യേകം പഠിക്കേണ്ടതായുണ്ട്. അത് ആദ്യം വ്യക്തമാക്കിയ ശേഷം ചോദ്യോത്തരം നൽകുന്നതായിരിക്കും കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാൻ എളുപ്പം.

**പാവപ്പെട്ടവർക്ക് അവരുടെ ആവശ്യങ്ങൾക്കുള്ള പണം ലഭിക്കുക വഴി അവർ കുറ്റകൃത്യങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നു. തങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്പത്തിൽനിന്നും കൃത്യമായി സകാത്ത് നൽകാൻ തയ്യാറാവുന്ന ആളുകൾ സ്വാഭാവികമായും സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് മുതിരുകയുമില്ലല്ലോ. അതുപോലെ പണക്കാരും പാവപ്പെട്ടവരും തമ്മിൽ ഉണ്ടാകാനിടയുള്ള അകൽച്ചയും അതുവഴി ഇല്ലാതാകുന്നു. സാമൂഹിക പ്രശ്നങ്ങളും സകാത്തിലൂടെ പരിഹരിക്കപ്പെടുന്നു. അല്ലാഹു എത്ര അനുഗ്യഹീതൻ. സുബ്ഹാനല്ലാഹ്!**

ഒന്ന്: തന്റെ ഉടമസ്ഥതയിൽ നിലനിൽക്കുവാൻ ഉദ്ദേശിച്ചാണ്, അഥവാ വിൽപന ഉദ്ദേശിച്ചുകൊണ്ടല്ല ഒരാൾ സ്വർണം വാങ്ങുന്നത് എങ്കിൽ, സ്വർണം എത്ര രൂപക്ക് ഒരാൾ വാങ്ങി എന്നതോ, അതിന്റെ വില എത്രയാണ് എന്നതോ അനുസരിച്ചല്ല, മറിച്ച് സകാത്ത് ബാധകമാകുന്ന സമയത്ത് കൈവശമുള്ള സ്വർണത്തിന് തൂക്കത്തിന്റെ 2.5% എന്ന അടിസ്ഥാനത്തിലാണ് സകാത്ത് നൽകേണ്ടത്. ഉദാ: വലിയ വിലകൊടുത്ത് വാങ്ങിയ ആഭരണമാണ് എങ്കിലും അതിലുള്ള സ്വർണത്തിന്റെ തൂക്കം കണക്കാക്കി അതിന്റെ രണ്ടര ശതമാനം നൽകാനാണ് ഒരാൾ ബാധ്യസ്ഥനാകുന്നത്.

രണ്ട്: ഒരാൾ വിൽപന ഉദ്ദേശിക്കുന്നതായ ആഭരണമാണ് എങ്കിൽ, ആഭരണം എന്ന നിലയ്ക്കോ മറ്റോ അതിലുള്ള സ്വർണത്തിന്റെ തൂക്കത്തെക്കാൾ വലിയ വില അതിനുണ്ട് എങ്കിൽ, ആ മാർക്കറ്റ് വിലയുടെ 2.5% ആണ് അയാൾ സകാത്തായി നൽകേണ്ടത്.

മൂന്ന്: ഒരാൾക്ക് സ്വർണത്തിൽ ബാധകമാകുന്ന സകാത്ത് സ്വർണമായോ, അതിന് തുല്യമായ കറൻസിയായോ നൽകാവുന്നതാണ്.

*ചോദ്യം: ഞാൻ 500 ദീനാറിന് കുറച്ച് സ്വർണം വാങ്ങി. ആ സ്വർണത്തിന് ഒരു വർഷം തികഞ്ഞു. ഞാൻ ആ അഞ്ഞൂറ് ദീനാറിനാണോ സകാത്ത് കൊടുക്കേണ്ടത് അതല്ല സകാത്ത് ബാധകമാകുന്ന സമയത്തുള്ള ആ സ്വർണത്തിന്റെ വില കണക്കാക്കിയാണോ? അതായത് ഒരു വർഷത്തിന് ശേഷമുള്ള വില. സ്വർണത്തിന്റെ വില കൂടുകയും കുറയുകയും ചെയ്യുമല്ലോ?*

ശൈഖ് സ്വാലിഹ് അൽ ഫൗസാൻ നൽകിയ മറുപടി: "ഒരാൾ തന്റെ ഉടമസ്ഥതയിൽ നിലനിൽക്കുക, ഉപയോഗവസ്തു എന്നീ അർഥത്തിൽ (അതായത് വിൽപനക്ക് വേണ്ടിയല്ലാതെ) ആണ് സ്വർണം ഉടമപ്പെടുത്തിയത് എങ്കിൽ അയാൾ അതിൽ നിന്നും 2.5% സകാത്ത് നൽകാൻ ബാധ്യസ്ഥനാണ്. അതിന്റെ വിലയിലേക്ക് അയാൾ നോക്കേണ്ടതില്ല. കാരണം ആ സ്വർണത്തിൽനിന്നും സകാത്ത് നൽകുക എന്നതാണ് ബാധ്യത. ആ സകാത്ത് വേറെ വല്ല നാണയങ്ങളിലുമായാണ് നൽകാൻ ഉദ്ദേശിക്കുന്നത് എങ്കിൽ 2.5% (രണ്ടര ശതമാനം തൂക്കത്തിന്) താൻ സകാത്ത് നൽകാൻ ഉദ്ദേശിക്കുന്ന കറൻസികളിൽ അപ്പോൾ എന്ത് വിലവരും എന്ന് അന്വേഷിക്കുകയും അത് നൽകുകയും ചെയ്യുക. ഇനി ആ സ്വർണത്തിൽനിന്ന് സ്വർണമായിത്തന്നെ നൽകുകയാണ് എങ്കിൽ അതിന്റെ വില അന്വേഷിക്കാതെ നേരെ സ്വർണം നൽകിയാൽ മതി. കാരണം തന്റെ സ്വർണത്തിന്റെ സകാത്ത് അയാൾ സ്വർണത്തിൽനിന്നും തന്നെ നൽകി.

എന്നാൽ ഒരാൾ വിൽപനക്ക് വേണ്ടിയാണ് സ്വർണം വാങ്ങിയത് എങ്കിൽ, അതിന്റെ വില വർധിക്കുമ്പോൾ വിൽക്കാം എന്നതാണ് അവന്റെ താൽപര്യമെങ്കിൽ തന്റെ കൈവശമുള്ള സ്വർണത്തിന്റെ (അല്ലെങ്കിൽ ആഭരണത്തിന്റെ) സകാത്ത് ബാധകമാകുന്ന സമയത്തെ മാർക്കറ്റ്

വില അറിയാൻ അയാൾ ബാധ്യസ്ഥനാണ്. അതെത്രതന്നെ വിലപിടിപ്പുള്ളതാണെങ്കിലും അതിന്റെ വിലയുടെ 2.5% സകാത്ത് നൽകാൻ ബാധ്യസ്ഥനാണ്" http://ar.islamway.net/fatwa/7135 . അഥവാ ജ്വല്ലറിക്കാർ, സ്വർണക്കച്ചവടക്കാർ, പഴയ വിലപിടിപ്പുള്ള ആഭരണങ്ങളും നാണയങ്ങളും വിൽപന നടത്തുന്നവർ തുടങ്ങിയ ആളുകൾ അവരുടെ കൈവശമുള്ള സ്വർണത്തിന്റെ തൂക്കം നോക്കി അതിന്റെ 2.5% എന്ന നിലക്കല്ല, മറിച്ച് തങ്ങളുടെ കൈവശമുള്ള വിൽപന വസ്തുക്കൾ മാർക്കറ്റ് റേറ്റ് അനുസരിച്ച് എത്ര വിലമതിക്കുന്നു എന്ന് കണക്കാക്കി, അതെത്ര വിലപിടിപ്പുള്ളതാണെങ്കിലും സകാത്ത് ബാധകമാകുന്ന സമയത്തെ അതിന്റെ വിലയുടെ 2.5% ആണ് സകാത്തായി നൽകേണ്ടത്.

എന്നാൽ ഒരാളുടെ കൈവശമുള്ള വിൽപന ഉദ്ദേശിക്കാത്ത സ്വർണാഭരണങ്ങൾക്ക് അതിന്റെ തൂക്കത്തിന്റെ 2.5% നൽകിയാൽ മതി. അത് സ്വർണമായോ തത്തുല്യമായ കറൻസിയായോ നൽകാം. അല്ലാഹു അനുഗ്രഹിക്കട്ടെ.

**ഭൂമിയുടെ (സ്ഥലത്തിന്റെ) സകാത്ത്**

ഒരാൾ തന്റെ വ്യക്തിപരമായ ആവശ്യത്തിനു വേണ്ടി, അഥവാ കൃഷിക്ക്, വീട് വെക്കാൻ, കെട്ടിടം പണിയാൻ, ഒരു സമ്പാദ്യം എന്ന നിലയ്ക്ക് സ്വന്തം ഉടമസ്ഥതയിൽ നിലനിർത്താൻ, മക്കൾക്കോ, ബന്ധുക്കൾക്കോ നൽകാൻ, വക്വഫ് ചെയ്യാൻ എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തോടെ കച്ചവടാവശ്യത്തി നല്ലാതെ വാങ്ങിക്കുന്ന ഭൂമിക്ക് സകാത്ത് ബാധകമാകുകയില്ല. എന്നാൽ വിൽപന ഉദ്ദേശിച്ചുകൊണ്ട് (അത് പിന്നീടായാലും ശരി) വാങ്ങിക്കുന്ന ഭൂമിക്ക് കച്ചവട വസ്തുവായതിനാൽ തന്നെ സകാത്ത് ബാധകമാണ്. ഇനി ഒരാൾ സ്വന്തം ആവശ്യത്തിന് വേണ്ടി വാങ്ങിച്ച വസ്തു എപ്പോഴാണോ വിൽക്കുവാൻ തീരുമാനിക്കുന്നത് അപ്പോൾ മുതൽ അത് കച്ചവടവസ്തുവായി മാറുന്നു. കച്ചവട വസ്തുക്കൾക്ക് സകാത്ത് ബാധകമാണ്; തിരിച്ച് വിൽക്കുന്നില്ല എന്ന തീരുമാനമെടുക്കുന്നതുവരെ. ഇവിടെ ഓരോരുത്തരും മനസ്സിലാക്കേണ്ടത് സകാത്തിൽനിന്നും രക്ഷപ്പെടാൻ സാങ്കേതികമായ 'പദം' മാറ്റങ്ങൾകൊണ്ട് കഴിയില്ല എന്നാണ്. അല്ലാഹു കണ്ണിന്റെ കട്ടുനോട്ടവും ഹൃദയങ്ങളിൽ ഒളിച്ചുവെക്കുന്നതും അറിയുന്നവനാണ്. അതിനാൽ അവനവന്റെ ഉദ്ദേശ്യത്തെക്കുറിച്ച് അവനവനുതന്നെയാണ് അറിയുക.

**കച്ചവടവസ്തുവിന്റെ ഹൗൽ നിർണയിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ടത്**

1. വാങ്ങിക്കുമ്പോൾ തന്നെ വിൽപന ഉദ്ദേശിച്ചുകൊണ്ടാണ് വാങ്ങിച്ചതെങ്കിൽ, വാങ്ങിയ തീയതിയല്ല മറിച്ച് വാങ്ങാനുപയോഗിച്ച പണത്തിന്റെ ഹൗൽ ആണ് പരിഗണിക്കേണ്ടത്. അഥവാ പണം കച്ചവട വസ്തുവായി മാറുന്നത് ഹൗലിനെ ബാധിക്കുന്നില്ല. ഉദാ: ഒരാളുടെ കൈവശം 10 ലക്ഷം രൂപയുണ്ട്. അതിന്റെ ഹൗൽ തികയുന്നത് മുഹർറം 1 നാണ് എന്ന് കരുതുക. അയാൾ ആ 10 ലക്ഷം രൂപക്ക് സ്വഫർ 3ന് കച്ചവടാവശ്യത്തിനായി ഒരു സ്ഥലം വാങ്ങിച്ചുവെങ്കിൽ, അതിന്റെ സകാത്ത് കണക്കു കൂട്ടേണ്ടത് മുഹർറം 1 നാണ്. എന്നാൽ കണക്കുകൂട്ടേണ്ട വിലയുടെ കാര്യത്തിൽ ഹൗൽ തികയുമ്പോഴുള്ള മാർക്കറ്റ് വിലയാണ് പരിഗണിക്കുക. അതായത് 10 ലക്ഷം രൂപക്ക് വാങ്ങിച്ച വസ്തുവിന് ഹൗൽ തികയുന്ന സന്ദർഭത്തിൽ 9 ലക്ഷം രൂപയാണ് എങ്കിൽ, 9 ലക്ഷം രൂപയുടെ 2.5% ആണ് സകാത്തായി നൽകേണ്ടത്, 12 ലക്ഷം രൂപയാണ് ആ സമയത്തെ വിലയെങ്കിൽ അതിന്റെ 2.5% ആണ് സകാത്തായി നൽകേണ്ടത്.

2. എന്നാൽ വിൽക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയല്ലാതെ സ്വന്തം ഉടമസ്ഥതയിൽ നിലനിർത്താൻ ആഗ്രഹിച്ചുകൊണ്ട് ഒരാൾ വാങ്ങിച്ച ഭൂമിക്ക് സകാത്ത് ബാധകമല്ല. അത്തരം ഒരു സ്ഥലം എപ്പോഴാണോ ഒരാൾ വിൽക്കാൻ തീരുമാനിക്കുന്നത് അപ്പോൾ മാത്രമെ കച്ചവട വസ്തുവായി മാറുകയും സകാത്ത് ബാധകമാകുകയും

**സ്വർണത്തിന്റെ സകാത്ത് സ്വർണത്തിൽനിന്നോ, തത്തുല്യമായ കറൻസിയിൽ നിന്നോ നൽകിയാൽ മതി. ഒരാളുടെ കൈവശം 85 ഗ്രാമോ അതിൽ കൂടുതലോ സ്വർണം ഉണ്ടെങ്കിൽ മൊത്തം തൂക്കത്തിന്റെ 2.5% ശതമാനമാണ് സകാത്തായി നൽകേണ്ടത്. എന്നാൽ വിൽപന ഉദ്ദേശിക്കുന്ന സ്വർണമാണ് എങ്കിൽ അതിന്റെ മാർക്കറ്റ് വിലയുടെ 2.5% ആണ് സകാത്ത് നൽകേണ്ടത്. തൂക്കത്തിന്റെ 2.5% അല്ല. അഥവാ വിൽപന ഉദ്ദേശിക്കുന്ന സ്വർണത്തിന് ആഭരണം, അമൂല്യമായ എന്തെങ്കിലും വസ്തു എന്നിങ്ങനെ അതിന്റെ തൂക്കത്തെക്കാൾ വലിയ മൂല്യം അതിനുണ്ട് എങ്കിൽ, എത്ര വലിയ വിലയായാലും അതിന്റെ മാർക്കറ്റ് വിലയുടെ 2.5% നൽകാൻ ഒരാൾ ബാധ്യസ്ഥനാണ്.**



ചെയ്യുന്നുള്ളൂ. വിൽക്കാനുള്ള തീരുമാനം എപ്പോൾ എടുക്കുന്നുവോ അന്നുമുതലാണ് അതിന്റെ ഹൗൽ ആരംഭിക്കുന്നത്.

**വാടകയുടെ സകാത്ത്**

സകാത്ത് കണക്കുകൂട്ടുമ്പോൾ വാടകവസ്തുക്കളുടെ മൂലധനം അതിൽ കൂട്ടേണ്ടതില്ല. കിട്ടുന്ന വാടകക്ക് മാത്രമാണ് സകാത്ത് ബാധകം.

ഉദാ: ഒരാളുടെ കൈവശം പത്തുലക്ഷം വിലമതിക്കുന്ന ഒരു വീട് ഉണ്ട് എന്ന് കരുതുക. 4000 രൂപ മാസവാടകക്കാണ് ആ വീട് വാടകക്ക് നൽകിയത് എങ്കിൽ അതിൽനിന്ന് കിട്ടുന്ന വരുമാനത്തിന് മാത്രമെ സകാത്ത് ബാധകമാകൂ. ആ ബിൽഡിംഗ് അയാൾ വിൽക്കാൻ ഉദ്ദേശിക്കുന്ന വസ്തുവല്ല. മറിച്ച് തന്റെ ഉടമസ്ഥതയിൽ നിലനിർത്തുന്ന വസ്തുവാണ്. അതിനാൽ ആ വീടിന്റെ വിലയ്ക്ക് സകാത്ത് നൽകേണ്ടതില്ല. എന്നാൽ അതിൽനിന്ന് കിട്ടുന്ന വരുമാനത്തിന് മാത്രം അയാൾ സകാത്ത് നൽകിയാൽ മതി.

*അത് എപ്രകാരമാണ് നൽകേണ്ടത്?*

ഒരാളുടെ കൈയിൽ നിസ്വാബ് തികഞ്ഞ പണമുണ്ടെങ്കിൽ, നിസ്വാബ് തികഞ്ഞതിന് ശേഷം ലഭിക്കുന്ന വാടകകളെല്ലാം ആ നിസ്വാബിലേക്ക് ചേർത്തുവെക്കുക. ഹൗൽ തികയുമ്പോൾ കൈവശമുള്ളത് എത്രയാണോ അതിന്റെ 2.5% കൊടുക്കുക.

ഉദാ: ഒരാളുടെ കൈവശം ഒരു ലക്ഷം രൂപയുണ്ട്. വാടകയിനത്തിൽ ലഭിക്കുന്ന വാടകകൾ എല്ലാം അയാൾ ആ പണത്തോടൊപ്പം ചേർത്തുവെക്കുന്നു. ആ ഒരുലക്ഷം രൂപയുടെ ഹൗൽ തികയുന്ന ദിവസം തന്റെ കൈവശം ആ പണത്തിൽനിന്നും എത്ര അവശേഷിക്കുന്നുണ്ടോ അത് കണക്കുകൂട്ടി അതിന്റെരണ്ടര ശതമാനം സകാത്തായി നൽകുന്നു.

ഒരാളുടെ കൈയിൽ നിസ്വാബ് ഇല്ലെങ്കിൽ നിസ്വാബ് തികയുന്നതുമുതലാണ് ആ വാടകയുടെ ഹൗൽ ആരംഭിക്കുന്നത്. ഹൗൽ തികയുമ്പോൾ തന്റെ കൈവശം എത്രയുണ്ടോ അതിന്റെ 2.5% കൊടുക്കുക.

ഉദാ: ഒരാളുടെ കൈവശം യാതൊരു പണവുമില്ല. അയാൾക്ക് വാടകയിനത്തിൽ മാസാമാസം നാലായിരം രൂപ ലഭിക്കുന്നു. അവ ചേർത്തുവെച്ച ശേഷം എപ്പോഴാണോ അയാളുടെ കൈയിൽ 595 ഗ്രാം വെള്ളിക്ക് തുല്യമായ പണം സ്വരൂപിക്കപ്പെടുന്നത് അപ്പോൾ അയാളുടെ ഹൗൽ ആരംഭിക്കുന്നു. ഒരു ഹിജ്റ വർഷക്കാലം തികയുമ്പോൾ എത്രയാണോ അയാളുടെ കൈവശം ഉള്ളത് അതിന്റെ രണ്ടര ശതമാനം സകാത്തായി നൽകുന്നു.

**ഒരാൾ വിൽപനക്ക് വേണ്ടിയാണ് സ്വർണം വാങ്ങിയത് എങ്കിൽ, അതിന്റെ വില വർധിക്കുമ്പോൾ വിൽക്കാം എന്നതാണ് അവന്റെ താൽപര്യമെങ്കിൽ തന്റെ കൈവശമുള്ള സ്വർണത്തിന്റെ (അല്ലെങ്കിൽ ആഭരണത്തിന്റെ) സകാത്ത് ബാധകമാകുന്ന സമയത്തെ മാർക്കറ്റ് വില അറിയാൻ അയാൾ ബാധ്യസ്ഥനാണ്. അതെത്രതന്നെ വിലപിടിപ്പുള്ളതാണെങ്കിലും അതിന്റെ വിലയുടെ 2.5% സകാത്ത് നൽകാൻ ബാധ്യസ്ഥനാണ്’’ [http://ar.islamway.net/fatwa/7135]. അഥവാ ജ്വല്ലറിക്കാർ, സ്വർണക്കച്ചവടക്കാർ, പഴയ വിലപിടിപ്പുള്ള ആഭരണങ്ങളും നാണയങ്ങളും വിൽപന നടത്തുന്നവർ തുടങ്ങിയ ആളുകൾ അവരുടെ കൈവശമുള്ള സ്വർണത്തിന്റെ തൂക്കം നോക്കി അതിന്റെ 2.5% എന്ന നിലക്കല്ല, മറിച്ച് തങ്ങളുടെ കൈവശമുള്ള വിൽപന വസ്തുക്കൾ മാർക്കറ്റ് റേറ്റ് അനുസരിച്ച് എത്ര വിലമതിക്കുന്നു എന്ന് കണക്കാക്കി, അതെത്ര വിലപിടിപ്പുള്ളതാണെങ്കിലും സകാത്ത് ബാധകമാകുന്ന സമയത്തെ അതിന്റെ വിലയുടെ 2.5% ആണ് സകാത്തായി നൽകേണ്ടത്.**

**ഒരാളുടെ കൈയിൽ നിസ്വാബ് തികഞ്ഞ പണമുണ്ടെങ്കിൽ, നിസ്വാബ് തികഞ്ഞതിന് ശേഷം ലഭിക്കുന്ന വാടകകളെല്ലാം ആ നിസ്വാബിലേക്ക് ചേർത്തുവെക്കുക. ഹൗൽ തികയുമ്പോൾ കൈവശമുള്ളത് എത്രയാണോ അതിന്റെ 2.5% കൊടുക്കുക. ഒരാളുടെ കൈയിൽ നിസ്വാബ് ഇല്ലെങ്കിൽ നിസ്വാബ് തികയുന്നതുമുതലാണ് ആ വാടകയുടെ ഹൗൽ ആരംഭിക്കുന്നത്. ഹൗൽ തികയുമ്പോൾ തന്റെ കൈവശം എത്രയുണ്ടോ അതിന്റെ 2.5% കൊടുക്കുക.**



എന്നാൽ ഹൗൽ തികയുന്നതിനു മുമ്പായി ചെലവായിപ്പോകുന്ന പണത്തിന് സകാത്ത് ബാധകമല്ല. അതുപോലെ ഹൗൽ പൂർത്തിയാകുന്നതിനു നിസ്വാബിൽ നിന്നും കുറവ് വന്നാൽ ഹൗൽ മുറിയും. പിന്നീട് എപ്പോഴാണോ വീണ്ടും നിസ്വാബ് എത്തുന്നത് അപ്പോൾ ഹൗൽ പുനരാരംഭിക്കുകയാണ് ചെയ്യുക.

വാടകയുടെ സകാത്തായി 2.5%മാണ് നൽകേണ്ടത് എന്നതാണ് ശൈഖ് ഇബ്‌നു ഉസൈമീൻ (റഹി) യും, ശൈഖ് ഇബ്‌നുബാസ് (റഹി), ശൈഖ് സ്വാലിഹ് അൽഫൗസാൻ ഹഫിദഹുല്ലയും സൗദി അറേബ്യയിലെ ഉന്നത പണ്ഡിതസഭയുമെല്ലാം രേഖപ്പെടുത്തിയിട്ടുള്ളത്. നാണയത്തിന്റെ സകാത്താണ് ഇതിനും ബാധകം. വാടകയുടെ സകാത്ത് എന്ന് പ്രത്യേകം ഒരു കണക്ക് പ്രമാണങ്ങളിൽ വന്നിട്ടില്ല. സ്വാഭാവികമായും സ്വഹാബത്തിന്റെ കൈവശമുള്ള സ്വണനാണയവും വെള്ളിനാണയവുമെല്ലാം വാടക വഴിയോ, കൂലിപ്പണി വഴിയോ, ശമ്പളം വഴിയോ, കച്ചവടം വഴിയോ ഒക്കെ ലഭിച്ചതായിരിക്കുമല്ലോ. അതിൽ വാടകയാണെങ്കിൽ ഇത്ര, ശമ്പളമാണെങ്കിൽ ഇത്ര എന്നിങ്ങനെ റസൂൽ (സ്വ) വേർതിരിച്ചിട്ടില്ല. മറിച്ച് നാണയത്തിന്റെ സകാത്ത് നൽകാനാണ് പഠിപ്പിച്ചത്. അതിനാൽതന്നെ വാടകക്കും സകാത്തായി നൽകേണ്ടത് 2.5% തന്നെയാണ്.

വാടകക്ക് പത്തുശതമാനവും അഞ്ചുശതമാനവുമൊക്കെ നൽകണം എന്ന് പറയുന്നവർ അതിനെ കൃഷിയുമായി താരതമ്യം ചെയ്യുകയാണ് ചെയ്യുന്നത്. യഥാർഥത്തിൽ കൃഷിയും വാടകയും തമ്മിൽ ബന്ധമില്ല. ഉസ്വൂലുൽ ഫിക്വ്ഹിൽ 'പരസ്പര ബന്ധമില്ലാത്തവ തമ്മിലുള്ള താരതമ്യം' എന്ന ഗണത്തിലാണ് അത് പെടുക. അതിനാൽതന്നെ ആ ക്വിയാസ് തെളിവായി പരിഗണിക്കുകയില്ല.

**കൊടുക്കാൻ ബാക്കിയുള്ള സകാത്ത്**

*ചോദ്യം: കഴിഞ്ഞ വർഷത്തെ സകാത്തിൽനിന്നു കൊടുക്കാൻ ബാക്കിയുള്ള തുക ഈ വർഷത്തെ സകാത്തിൽ ഉൾപ്പെടുത്താൻ പറ്റുമോ, അതല്ല അതു തനിയെ കൊടുക്കണമോ?*

ഉത്തരം: അതാതു വർഷത്തെ സകാത്ത് നമ്മുടെമേൽ നിർബന്ധമായിക്കഴിഞ്ഞാൽ ശറഇയ്യായ കാരണങ്ങളാലല്ലാതെ അത് വൈകിപ്പിക്കാൻ പാടില്ല. അഥവാ അതിന്റെ അവകാശികളെ കണ്ടെത്താൻ എടുക്കുന്ന സമയം, നൽകാനുള്ള പണം കൈവശം ഇല്ലാതിരിക്കൽ, ഭരണകൂടം സകാത്ത് പിരിക്കുന്ന നാടുകളിൽ അവരിൽനിന്നും വരുന്ന കാലതാമസം, സകാത്ത് സ്വീകർത്താവ് സ്വയം കൈപ്പറ്റുന്നത് വൈകിപ്പിച്ചാൽ എന്നിങ്ങനെയുള്ള കാരണങ്ങളാലല്ലാതെ സകാത്ത് വൈകിപ്പിക്കരുത്.

**വാടകയുടെ സകാത്തായി 2.5%മാണ് നൽകേണ്ടത് എന്നതാണ് ശൈഖ് ഇബ്‌നു ഉസൈമീൻ (റഹി) യും, ശൈഖ് ഇബ്‌നുബാസ് (റഹി), ശൈഖ് സ്വാലിഹ് അൽഫൗസാൻ ഹഫിദഹുല്ലയും സൗദി അറേബ്യയിലെ ഉന്നത പണ്ഡിതസഭയുമെല്ലാം രേഖപ്പെടുത്തിയിട്ടുള്ളത്. നാണയത്തിന്റെ സകാത്താണ് ഇതിനും ബാധകം. വാടകയുടെ സകാത്ത് എന്ന് പ്രത്യേകം ഒരു കണക്ക് പ്രമാണങ്ങളിൽ വന്നിട്ടില്ല. സ്വാഭാവികമായും സ്വഹാബത്തിന്റെ കൈവശമുള്ള സ്വണനാണയവും വെള്ളിനാണയവുമെല്ലാം വാടക വഴിയോ, കൂലിപ്പണി വഴിയോ, ശമ്പളം വഴിയോ, കച്ചവടം വഴിയോ ഒക്കെ ലഭിച്ചതായിരിക്കുമല്ലോ. അതിൽ വാടകയാണെങ്കിൽ ഇത്ര, ശമ്പളമാണെങ്കിൽ ഇത്ര എന്നിങ്ങനെ റസൂൽ (സ്വ) വേർതിരിച്ചിട്ടില്ല. മറിച്ച് നാണയത്തിന്റെ സകാത്ത് നൽകാനാണ് പഠിപ്പിച്ചത്. അതിനാൽതന്നെ വാടകക്കും സകാത്തായി നൽകേണ്ടത് 2.5% തന്നെയാണ്.**


**താൻ കൊടുത്തുവീട്ടാനുള്ള സകാത്ത് എത്ര വർഷം പിന്നിട്ടാലും ഒരാളുടെ മേൽ ബാധ്യതയായിത്തന്നെ നിലനിൽക്കും. കാരണം സകാത്ത് എന്നുള്ളത് പാവപ്പെട്ടവരുടെ അവകാശമാണ്. അതുകൊണ്ടുതന്നെ അതൊരു കടമാണ്. അതിനാലാണ് മരണപ്പെട്ടുപോയ ആൾ സകാത്ത് കൊടുത്തുവീട്ടാനുണ്ടെങ്കിൽ അയാളുടെ ധനത്തിൽനിന്നും അനന്തര സ്വത്ത് വിഹിതം വെക്കുന്നതിന് മുമ്പായി വീട്ടേണ്ട കടങ്ങളിൽ ഒന്നായി സകാത്തിനെ പരിഗണിക്കുന്നത്.**

അല്ലാത്തപക്ഷം വൈകിപ്പിച്ച് പോയാൽ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും തൗബ ചെയ്യുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹു നമ്മുടെ വീഴ്ചകൾ പൊറുത്ത് തരികയും മതപരമായ അറിവ് നമുക്ക് വർധിപ്പിച്ചുതരികയും ചെയ്യുമാറാകട്ടെ.

താൻ കൊടുത്തുവീട്ടാനുള്ള സകാത്ത് എത്ര വർഷം പിന്നിട്ടാലും ഒരാളുടെ മേൽ ബാധ്യതയായിത്തന്നെ നിലനിൽക്കും. കാരണം സകാത്ത് എന്നുള്ളത് പാവപ്പെട്ടവരുടെ അവകാശമാണ്. അതുകൊണ്ടുതന്നെ അതൊരു കടമാണ്. അതിനാലാണ് മരണപ്പെട്ടുപോയ ആൾ സകാത്ത് കൊടുത്തുവീട്ടാനുണ്ടെങ്കിൽ അയാളുടെ ധനത്തിൽനിന്നും അനന്തരസ്വത്ത് വിഹിതം വെക്കുന്നതിന് മുമ്പായി വീട്ടേണ്ട കടങ്ങളിൽ ഒന്നായി സകാത്തിനെ പരിഗണിക്കുന്നത്.

താങ്കൾ ചോദിച്ചതുപോലെ തന്റെ ഈ വർഷത്തെ സകാത്തായ സംഖ്യയുടെ കൂടെയോ, ഒറ്റക്കായോ നൽകാവുന്നതാണ്. അത് സകാത്തിന് അർഹരായ അവകാശികളുടെ കയ്യിലേക്കാണ് എത്തേണ്ടത് എന്ന് മാത്രം. അല്ലാഹു സ്വീകരിക്കുകയും താങ്കൾക്ക് തക്കതായ പ്രതിഫലം നൽകുകയും ചെയ്യട്ടെ.

ലേഖനം



# മാസനിർണയത്തിന് പ്രവാചകവിരുദ്ധ മാനദണ്ഡങ്ങൾ സ്വീകരിക്കാത്തത് യാഥാസ്ഥിതികതയോ?

**പി. ഒ. ഉമർഫാറൂഖ്**

ഈ വർഷത്തെ റമദാൻ മാസപ്പിറവിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായവ്യത്യാസങ്ങൾ വായനക്കാരുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ. ഓരോ വിഭാഗവും മാസനിർണയത്തിന് വ്യത്യസ്ത മാനദണ്ഡങ്ങൾ ഉപയോഗിച്ചു എന്നതാണ് ഈ അഭിപ്രായ ഭിന്നതകൾക്ക് കാരണം.

ഹിജ്റ കലണ്ടറുകാർ ന്യൂമൂണിന്റെ കണക്ക് അടിസ്ഥാനപ്പെടുത്തി മാസാരംഭം നിശ്ചയിച്ചപ്പോൾ മർകസുദ്ദഅ്‌വ വിഭാഗം സൂര്യാസ്തമയ ശേഷം ചക്രവാളത്തിലെ ചന്ദ്രസാന്നിധ്യം (മൂൺസെറ്റ് ലാഗ്) എന്ന കണക്കാണ് അടിസ്ഥാനപ്പെടുത്തിയത്. കേരള ഹിലാൽ കമ്മിറ്റിയാകട്ടെ, ശഅ്ബാൻ മാസം മൂൺസെറ്റ് ലാഗിനെ അടിസ്ഥാനപ്പെടുത്തി നിശ്ചയിക്കുകയും തദടിസ്ഥാനത്തിലുള്ള 29ന് മാസപ്പിറവി കാണാൻ അണികളെ ആഹ്വാനം ചെയ്യുകയും ചെയ്തു. മൂൺസെറ്റ് ലാഗിനെ അടിസ്ഥാനപ്പെടുത്തിയുള്ള 29ന് ഹിലാൽ രൂപപ്പെടുകയില്ല എന്ന യാഥാർഥ്യം മനസ്സിലാക്കാതെയാണ് കേരള ഹിലാൽ കമ്മിറ്റി അത്തരമൊരു ആഹ്വാനം നടത്തിയത്.

ചുരുക്കത്തിൽ ഈ മൂന്നു വിഭാഗങ്ങളുടെയും തീരുമാനങ്ങൾ പ്രവാചചര്യക്ക് വിരുദ്ധമാണ് എന്ന് വിഷയം സൂക്ഷ്മമായി പഠിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും. നാലാമത്തെ വിഭാഗമായ വിസ്ഡം ഹിലാൽ വിംഗ് മാസപ്പിറവി കാണാത്തതിന്റെ അടിസ്ഥാനത്തിൽ റജബ് 30 പൂർത്തിയാക്കുകയും തദടിസ്ഥാനത്തിലുള്ള ശഅ്ബാൻ 29ന് മാസപ്പിറവി കാണാൻ ശ്രമിക്കുകയും ചെയ്തു. ഈ നാലു വിഭാഗങ്ങളിൽ ആരുടെ രീതിയാണ് പ്രവാചകചര്യയോട് യോജിക്കുന്നത് എന്ന് മനസ്സിലാക്കാൻ അഗാധമായ മതപാണ്ഡിത്യമൊന്നും

**മാസപ്പിറവി വിഷയത്തിൽ വിസ്ഡം ഹിലാൽ വിംഗിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അത് സുന്നത്തിനെ പൂർണമായും അനുധാവനം ചെയ്തുകൊണ്ടുള്ളതും ശാസ്ത്രീയ വസ്തുതകളോട് പൊരുത്തപ്പെട്ടു പോകുന്നതുമാണ്. ഏതെങ്കിലും ഘട്ടത്തിൽ സുന്നത്തിനു വിരുദ്ധമായ നിലപാട് വിസ്ഡം ഹിലാൽ വിംഗ് സ്വീകരിച്ചിട്ടില്ല. മാസത്തിന് ആരംഭം കുറിക്കേണ്ടത് കാഴ്ചയുടെ അടിസ്ഥാനത്തിലായിരിക്കണം എന്ന പ്രവാചകരീതി മുറുകെ പിടിച്ചുകൊണ്ടാണ് വിസ്ഡം ഹിലാൽ വിംഗ് തീരുമാനം എടുത്തിട്ടുള്ളത്.**



ആവശ്യമില്ല. നിർഭാഗ്യകരമെന്നു പറയട്ടെ, പ്രവാചകചര്യയനുസരിച്ച് റമദാൻ നിശ്ചയിച്ച വിസ്ഡം ഹിലാൽ വിംഗിനെ ദാക്ഷിണ്യമില്ലാതെ വിമർശിക്കാനാണ് മൂന്ന് വിഭാഗങ്ങളും കൂട്ടായി പരിശ്രമിച്ചത്. അവർ നടത്തിയിട്ടുള്ള വിമർശനങ്ങളെ നമുക്കൊന്നു വിലയിരുത്തുകയും പഠനവിധേയമാക്കുകയും ചെയ്യാം.

***മാസപ്പിറവിയുടെ വിഷയത്തിൽ വിസ്ഡം ഹിലാൽ വിംഗ് യാഥാസ്ഥിതികതയിലേക്ക് തിരിച്ചുപോകുകയാണോ?***

മാസപ്പിറവി വിഷയത്തിൽ വിസ്ഡം ഹിലാൽ വിംഗിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അത് സുന്നത്തിനെ പൂർണമായും അനുധാവനം ചെയ്തുകൊണ്ടുള്ളതും ശാസ്ത്രീയ വസ്തുതകളോട് പൊരുത്തപ്പെട്ടു പോകുന്നതുമാണ്. ഏതെങ്കിലും ഘട്ടത്തിൽ സുന്നത്തിനു വിരുദ്ധമായ നിലപാട് വിസ്ഡം ഹിലാൽ വിംഗ് സ്വീകരിച്ചിട്ടില്ല. മാസത്തിന് ആരംഭം കുറിക്കേണ്ടത് കാഴ്ചയുടെ അടിസ്ഥാനത്തിലായിരിക്കണം എന്ന പ്രവാചകരീതി മുറുകെ പിടിച്ചുകൊണ്ടാണ് വിസ്ഡം ഹിലാൽ വിംഗ് തീരുമാനമെടുത്തിട്ടുള്ളത്. റമദാനും പെരുന്നാൾ മാസങ്ങളും മാത്രമല്ല; എല്ലാ മാസങ്ങളുടെയും ആരംഭം കുറിക്കേണ്ടത് പിറവിയുടെ കാഴ്ചയുടെ അടിസ്ഥാനത്തിലായിരിക്കണം എന്നതാണ് പ്രവാചകചര്യ. ന്യൂമൂൺ ഉണ്ടായി എന്നതോ സൂര്യാസ്തമയ ശേഷം ദൃശ്യയോഗ്യമാകാത്ത നിലയിൽ ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ട് എന്നതോ മാസം ആരംഭിക്കുന്നതിനുള്ള മാനദണ്ഡമായി വിസ്ഡം കാണുന്നില്ല. പ്രവാചക തിരുമേനി(സ്വ) അങ്ങനെ പഠിപ്പിച്ചിട്ടുമില്ല. ചക്രവാളത്തിൽ ഹിലാൽ രൂപപ്പെടുകയും അത് ദൃശ്യയോഗ്യമാകുകയും ചെയ്യുമ്പോൾ മാത്രമാണ് മാസം ആരംഭിക്കുക. ഹിലാൽ കണ്ടതിനുശേഷം മാസം ആരംഭിക്കുക എന്ന പ്രവാചകചര്യ പൂർണമായും അടിസ്ഥാനപ്പെടുത്തുന്നതിനെ 'യാഥാസ്ഥിതികത' എന്ന് വിശേഷിപ്പിക്കുന്നുവെങ്കിൽ ആ 'യാഥാസ്ഥിതികത'യെ പുൽകാൻ വിസ്ഡം ഹിലാൽ വിംഗ് ആഗ്രഹിക്കുന്നു.


***ശാസ്ത്രം ഏറെ പുരോഗമിച്ച ഈ കാലത്ത് മാസം ഉറപ്പിക്കുന്നതിന് ഗോളശാസ്ത്ര കണക്കുകൾ ഉപയോഗിക്കുകയല്ലേ വേണ്ടത്?***

മാസപ്പിറവി നിർണയിക്കുന്നതിന് പ്രവാചകൻ(സ്വ) നിർണയിച്ച മാനദണ്ഡം 'ഹിലാൽ കാണുക' എന്നതാണ്. ഹിലാൽ കാണുന്നത് എപ്പോൾ എന്ന് കണ്ടെത്തുന്നതിനുള്ള ഒരു കണക്കും ഗോളശാസ്ത്രത്തിലില്ല. അതുകൊണ്ടു തന്നെ മാസപ്പിറവി നിർണയത്തിൽ കണക്കുപയോഗിക്കാനാകും എന്ന വാദം നിരർഥകമാണ്.

***മാസനിർണയത്തിൽ കണക്ക് ഉപയോഗിക്കാനാവില്ല എന്നാണോ പറയുന്നത്?***

ചന്ദ്രമാസം 29ന് ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ കണക്ക് ഉപയോഗിക്കാം. ചന്ദ്രൻ ചക്രവാളത്തിൽ ഇല്ല എങ്കിൽ അന്ന് മാസപ്പിറവി നോക്കേണ്ടതില്ല. ചക്രവാളത്തിൽ ഇല്ലാത്ത ചന്ദ്രനെ ആരെങ്കിലും കണ്ടു എന്നു പറഞ്ഞാൽ അത് തള്ളിക്കളയാൻ ശാസ്ത്രീയമായ ഈ അറിവ് ഉപയോഗപ്പെടുത്താം.

***സൂര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിലുണ്ടായാൽ മുജാഹിദ് കലണ്ടറുകളിൽ മാസമാരംഭിച്ചതായി കണക്കാക്കുന്നു. ഇതിലെന്താണ് തെറ്റ്?***



സൂര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിലുണ്ട് എന്നതുകൊണ്ട് മാത്രം ഹിലാൽ രൂപപ്പെട്ടു കൊള്ളണമെന്നില്ല. അതുകൊണ്ടുതന്നെ സൂര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിലുണ്ട് എന്നത് മാസാരംഭത്തിന്റ മാനദണ്ഡമായി കാണാനാവില്ല. പിറവിയുടെ കാഴ്ചയെ മാസാരംഭത്തിന്റെ മാനദണ്ഡമായി നിശ്ചയിച്ച പ്രവാചക തിരുമേനിയുടെ കൽപനകൾക്ക് വിരുദ്ധമായി സൂര്യാസ്തമയശേഷം ചക്രവാളത്തിലെ ചന്ദ്രസാന്നിധ്യം എന്ന 'വ്യാജ കണക്ക്' ഉപയോഗിച്ചാണ് കലണ്ടറുകളിൽ മാസാരംഭം നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ ഇത്തരം കലണ്ടറുകൾ ഉപയോഗിച്ച് ഇസ്‌ലാമികാനുഷ്ഠാനങ്ങളുടെ തീയതി നിശ്ചയിക്കുന്നത് നബിചര്യക്ക് വിരുദ്ധമാണ്.

*സൂര്യൻ അസ്തമിച്ചശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടായാൽ മാസം പിറന്നതായി കണക്കാക്കിക്കൂടേ?*

സൂര്യാസ്തമയശേഷം എത്ര സമയം ചന്ദ്രൻ ചക്രവാളത്തിലുണ്ടായാൽ ഹിലാൽ കാണാനാവും എന്ന് ശാസ്ത്രത്തിനു തീർത്തുപറയാനാവില്ല. ചിലപ്പോൾ പത്തോ പതിനഞ്ചോ മിനുട്ട് ചന്ദ്രൻ ചക്രവാളത്തിലുണ്ടായാൽ ഹിലാൽ കാണാൻ കഴിഞ്ഞേക്കാം. എന്നാൽ മറ്റു ചില മാസങ്ങളിൽ 45 മിനുട്ട് ചക്രവാളത്തിലുണ്ടായാൽ പോലും ദൃശ്യയോഗ്യമായ നിലയിൽ ഹിലാൽ രൂപപ്പെട്ടുകൊള്ളണമെന്നുമില്ല.

*എന്തുകൊണ്ടാണ് ഈ അനിശ്ചിതത്വം?*

ഭൂമിക്കുചുറ്റും ചന്ദ്രൻ ചലിക്കുന്ന പാതയിൽ (Orbit) മാസാവസാനം ചന്ദ്രൻ എവിടെ നിൽക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ദൃശ്യസാധ്യത നിലനിൽക്കുന്നത്. ഭൂമിക്കുചുറ്റും ചന്ദ്രൻ ചലിക്കുന്നത് ദീർഘവൃത്താകൃതിയിലുള്ള ഒരു പാതയിലൂടെയാണെന്ന് നമുക്കറിയാം. അതിനാൽ എല്ലാ സമയത്തും ചന്ദ്രനും ഭൂമിയും ഒരേ അകലത്തിലായിരിക്കില്ല. പാത വൃത്താകൃതിയായിരുന്നുവെങ്കിൽ ഈ അകലം എല്ലായ്പോഴും ഒന്നു തന്നെയായിരിക്കും. എന്നാൽ പാതയുടെ ആകൃതി ദീർഘവൃത്തമായതിനാൽ ഭൂമിയും ചന്ദ്രനും തമ്മിലുള്ള അകലം ഓരോ ദിവസവും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. മാസത്തിലൊരിക്കൽ ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്ത് വരുന്ന സന്ദർഭവും (perigee) ഭൂമിയോട് ഏറ്റവും അകലത്തിൽ നിൽക്കുന്ന സന്ദർഭവും (apogee) ഉണ്ടാകും. Kepler's law of planetory motion അനുസരിച്ച് മാസാവസാനം ചന്ദ്രൻ ഭൂമിയോടടുത്താണെങ്കിൽ ഹിലാൽ രൂപപ്പെടാനാവശ്യമായ elongation angleകൈവരിക്കാൻ ചന്ദ്രന് പെട്ടെന്ന് സാധിക്കുന്നു. ഇത്തരം ഘട്ടങ്ങളിൽ ഹിലാൽ വേഗത്തിൽ രൂപപ്പെടും. ഭൂമിയിൽനിന്ന് അകലം കൂടുന്തോറും ഹിലാൽ രൂപീകരണം വൈകുകയും ദൃശ്യസാധ്യത കുറയുകയും ചെയ്യും. ഇത് മൂലം ഹിലാൽ രൂപപ്പെടാനാവശ്യമായ elongation angle കൈവരിക്കാൻ ചന്ദ്രന് കൂടുതൽ സമയം ആവശ്യമായിവരുന്നു. ഇത്തരം സന്ദർഭങ്ങളിൽ സൂര്യാസ്തമയശേഷം ദീർഘിച്ചസമയം ചന്ദ്രൻ ചക്രവാളത്തിലുണ്ടായിരുന്നാലും ആ ചന്ദ്രനെ കാണാൻ കഴിയില്ല.

ശാസ്ത്ര വസ്തുതകൾ ഇങ്ങനെയായിരിക്കെ, സുര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിലുണ്ട് എന്ന കാരണത്താൽ മാസം പിറന്നു എന്നു കരുതുന്നത് തീർത്തും തെറ്റായ ധാരണയാണ്. അതുകൊണ്ടുതന്നെ സൂര്യാസ്തമയ ശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടായാൽ മാസം ആരംഭിക്കുന്നതായി കണക്കാക്കുന്ന കലണ്ടറുകൾ ഉപയോഗിച്ച് ഇസ്‌ലാമിക ആരാധനകളുടെ തീയതി നിശ്ചയിക്കുന്നത് മതാധ്യാപനങ്ങൾക്ക് എതിരാണ്.

*പിന്നെ എന്തിനാണ് മുജാഹിദ് കലണ്ടറുകളിൽ അറബി തീയതികൾ നൽകിയിരിക്കുന്നത്?*

സൂര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഉണ്ടാകുന്ന ആദ്യ ദിവസം മാസപ്പിറവി കാണാനും കാണാതിരിക്കാനുമുള്ള സാധ്യതയുണ്ട്. പിറവി കാണാനുള്ള ആദ്യ സാധ്യതാദിനം എന്ന നിലയിൽ തൊട്ടടുത്ത ദിവസം ചന്ദ്ര

**സൂര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിലുണ്ട് എന്നതുകൊണ്ട് മാത്രം ഹിലാൽ രൂപപ്പെട്ടു കൊള്ളണമെന്നില്ല. അതുകൊണ്ടുതന്നെ സൂര്യാസ്തമയശേഷം ചന്ദ്രൻ ചക്രവാളത്തിലുണ്ട് എന്നത് മാസാരംഭത്തിന്റ മാനദണ്ഡമായി കാണാനാവില്ല. പിറവിയുടെ കാഴ്ചയെ മാസാരംഭത്തിന്റെ മാനദണ്ഡമായി നിശ്ചയിച്ച പ്രവാചകന്റെ കൽപനകൾക്ക് വിരുദ്ധമായി സൂര്യാസ്തമയശേഷം ചക്രവാളത്തിലെ ചന്ദ്രസാന്നിധ്യം എന്ന 'വ്യാജ കണക്ക് ഉപയോഗിച്ചാണ് കലണ്ടറുകളിൽ മാസാരംഭം നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ ഇത്തരം കലണ്ടറുകൾ ഉപയോഗിച്ച് ഇസ്‌ലാമികാനുഷ്ഠാനങ്ങളുടെ തീയതി നിശ്ചയിക്കുന്നത് നബിചര്യക്ക് വിരുദ്ധമാണ്.**



മാസത്തിന്റെ ഒന്നാം തീയതിയായി മുജാഹിദു കലണ്ടറുകളിൽ രേഖപ്പെടുത്തുന്നു. തീയതികളെക്കുറിച്ച് ഏകദേശധാരണ നൽകുന്നു എന്നല്ലാതെ ഇസ്‌ലാമിക ആചാരാനുഷ്ഠാനങ്ങളുടെ തീയതികൾ നിശ്ചയിക്കാൻ ഈ തീയതികൾ ഉപയോഗിച്ചുകൂടാ. ചക്രവാളത്തിൽ നിലനിൽക്കുന്ന ചന്ദ്രനെ കണ്ടാൽ മാത്രമേ മാസം പിറന്നതായി കണക്കാക്കാനാവൂ. അതിനാൽ കലണ്ടറുകളിൽ നൽകിയിരിക്കുന്ന തീയതിയനുസരിച്ച് നോമ്പ്, പെരുന്നാളുകൾ ആചരിക്കുന്നത് സുന്നത്തിന് വിരുദ്ധമാണ്.

*റമദാനും പെരുന്നാൾ മാസങ്ങളും ഒഴികെയുള്ള മറ്റു മാസങ്ങൾ കലണ്ടറനുസരിച്ച് തീരുമാനിച്ചുകൂടേ?*

കലണ്ടറനുസരിച്ച് ഏതൊരു മാസത്തെയും ആദ്യതീയതി നിശ്ചയിക്കുന്നത് പ്രവാചകതിരുമേനി(സ്വ) കൽപിക്കാത്ത മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ്. അതിനാൽ കലണ്ടർ ഉപയോഗിച്ച് മാസാരംഭം നിശ്ചയിക്കുന്നത് ഇസ്‌ലാമിക വിരുദ്ധമാണ്.

*പ്രവാചക മാതൃകയനുസരിച്ച് റമദാൻ തീയതികൾ നിർണയിക്കുന്നത് എങ്ങനെയാണ്?*

ശഅ്ബാൻ മാസപ്പിറവി കാണുന്നത് മുതൽ 29 ദിവസം കണക്കാക്കി ആ ദിവസം മാസപ്പിറവി കാണാൻ ശ്രമിക്കുക. മാസപ്പിറവി കണ്ടാൽ അടുത്ത ദിവസം നോമ്പ് ആരംഭിക്കുക. മാസപ്പിറവി മറക്കപ്പെട്ടാൽ 30 പൂർത്തിയാക്കി റമദാനിലേക്ക് പ്രവേശിക്കുക. ഇതാണ് പ്രവാചകരീതി. ഈ രീതിയിൽ തന്നെയാണ് വിസ്ഡം ഹിലാൽ വിംഗ് ഈ വർഷത്തെ റമദാൻ ആരംഭം തീരുമാനിച്ചത്.

*കേരള ഹിലാൽ കമ്മിറ്റിയുടെ ഭാഗത്ത് എന്തു പിഴവാണ് സംഭവിച്ചത്?*

പിറവി കാണാതെ കലണ്ടർ അനുസരിച്ച് ശഅ്ബാൻ തീയതികൾ തീരുമാനിക്കുകയും കലണ്ടർ അനുസരിച്ചുള്ള 29ാം തീയതി മാസപ്പിറവി കാണാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ഇതു പ്രവാചക രീതിക്കു യോജിക്കാത്തതാണ്. മാസപ്പിറവിയുടെ അടിസ്ഥാനത്തിലായിരുന്നു ശഅ്ബാൻ ഒന്ന് തീരുമാനിക്കേണ്ടിയിരുന്നത് .

*ശഅ്ബാൻ മാസാരംഭം നിശ്ചയിക്കാൻ കലണ്ടറുകൾ ഉപയോഗപ്പെടുത്താമോ?*

ശഅ്ബാൻ മാസാരംഭം നിശ്ചയിക്കാൻ കലണ്ടറുകൾ ഉപയോഗപ്പെടുത്തുമ്പോൾ പ്രവാചക തിരുമേനി(സ്വ) നിശ്ചയിച്ച 'ഹിലാൽ കാണുക' എന്ന മാനദണ്ഡം ഉപേക്ഷിക്കേണ്ടിവരുന്നു. റമദാൻ നിശ്ചയിക്കുന്നതിനുമുമ്പ് ശഅ്ബാൻ തീയതികൾ അറിയുവാൻ പ്രവാചകൻ(സ്വ) പ്രത്യേകം സൂക്ഷ്മത പുലർത്തിയിരുന്നു. ആഇശ(റ)യിൽനിന്നും ഉദ്ധരിക്കുന്ന ഈ ഹദീഥ് കാണുക:

"മറ്റേതൊരു മാസത്തെ സൂക്ഷിക്കുന്നതിനെക്കാൾ ഉപരിയായി ശഅ്ബാനിന്റെ ഹിലാലിനെ റസൂൽ (സ്വ) ശ്രദ്ധിക്കാറുണ്ടായിരുന്നു. ശേഷം, റമദാൻ പിറവി കണ്ടുകഴിഞ്ഞാൽ അദ്ദേഹം നോമ്പുപിടിക്കും. മേഘംകൊണ്ട് മറയ്ക്കപ്പെട്ടാൽ മുപ്പത് ദിവസം കണക്കാക്കുകയും പിന്നീട് നോമ്പു പിടിക്കുകയും ചെയ്യും" (അബൂദാവൂദ്, അഹ്മദ്)

റമദാൻ നിർണയിക്കുന്നതിന് ശഅ്ബാൻ അടിസ്ഥാനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഈ പ്രവാചകാധ്യാപനം വ്യക്തമാക്കുന്നു. ഇതിൽനിന്നും നമുക്ക് വ്യക്തമാകുന്ന കാര്യങ്ങൾ ചുവടെ സംഗ്രഹിക്കാം:

1. നബി(സ്വ) എല്ലാ മാസവും മാസപ്പിറവി കാണാൻ ശ്രദ്ധിച്ചിരുന്നു.

2. എന്നാൽ മറ്റു മാസങ്ങളെക്കാൾ ശഅ്ബാൻ പിറവിയുടെ കാര്യത്തിൽ പ്രവാചകൻ(സ്വ) കൂടുതൽ ശ്രദ്ധിച്ചിരുന്നു.

3. ശഅ്ബാനിന്റെ 29 കണക്കാക്കിയിരുന്നത് ശഅ്ബാൻ പിറവിയുടെ അടിസ്ഥാനത്തിലായിരുന്നു.

4. പിറവി കാണാനാവാത്ത സന്ദർഭങ്ങളിൽ 30 ദിവസം കണക്കാക്കിയതും ശഅ്ബാൻ പിറവിയുടെ അടിസ്ഥാനത്തിലായിരുന്നു.

**ഭൂമിക്കു ചുറ്റും ചന്ദ്രൻ ചലിക്കുന്ന പാതയിൽ (Orbit) മാസാവസാനം ചന്ദ്രൻ എവിടെ നിൽക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ദൃശ്യസാധ്യത നിലനിൽക്കുന്നത്. ഭൂമിക്കു ചുറ്റും ചന്ദ്രൻ ചലിക്കുന്നത് ദീർഘവൃത്താകൃതിയിലുള്ള ഒരു പാതയിലൂടെയാണെന്ന് നമുക്കറിയാം. അതിനാൽ എല്ലാ സമയത്തും ചന്ദ്രനും ഭൂമിയും ഒരേ അകലത്തിലായിരിക്കില്ല. പാത വൃത്താകൃതിയായിരുന്നുവെങ്കിൽ ഈ അകലം എല്ലായ്പോഴും ഒന്നുതന്നെയായിരിക്കും. എന്നാൽ പാതയുടെ ആകൃതി ദീർഘവൃത്തമായതിനാൽ ഭൂമിയും ചന്ദ്രനും തമ്മിലുള്ള അകലം ഓരോദിവസവും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.**

*നബി(സ്വ)യും സ്വഹാബത്തും എല്ലാ മാസങ്ങളിലും മാസപ്പിറവി കാണാൻ ശ്രമിച്ചിരുന്നില്ല എന്ന് ഹിലാൽ കമ്മിറ്റിക്കാരുടെ കുറിപ്പുകളിൽ കാണുന്നുണ്ടല്ലോ?*

തങ്ങളുടെ കലണ്ടർ പ്രയോഗത്തെ സാധൂകരിക്കാൻവേണ്ടി ഉന്നയിക്കുന്ന വ്യാജവാദമാണ് ഇത്. നബി(സ്വ)യും സ്വഹാബത്തും എല്ലാ മാസങ്ങളിലും 'അയ്യാമുൽ ബീള്' നോമ്പുനോറ്റിട്ടുണ്ട്. മാസപ്പിറവി കാണാതെ അതിന്റെ തീയതികൾ നിശ്ചയിക്കാനാവില്ലല്ലോ. മാസപ്പിറവി കണ്ടില്ല എന്ന് വാദിക്കുന്നവർ നബി(സ്വ) ഏതുമാർഗം ഉപയോഗിച്ചാണ് തീയതി നിശ്ചയിച്ചത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

*റമദാനും പെരുന്നാൾ മാസങ്ങളും അല്ലാത്ത മറ്റു മാസങ്ങൾ കാണണമെന്ന് പഠിപ്പിക്കുന്ന ഹദീഥുകൾ എവിടെ?*

റമദാനിലും പെരുന്നാൾ മാസങ്ങളിലും മാത്രമെ പ്രവാചകൻ (സ്വ) മാസപ്പിറവി കണ്ടിരുന്നുള്ളൂ എന്ന് തെറ്റുധരിപ്പിക്കാൻ തങ്ങളുടെ കുറിപ്പിൽ ഉന്നയിച്ചിരിക്കുന്ന വെല്ലുവിളിയാണ് ഇത്. മുകളിലുദ്ധരിച്ച ശഅ്ബാൻ പിറവിയെക്കുറിച്ചുള്ള ഹദീഥിലേക്ക് ഒന്ന് കണ്ണോടിക്കുക. മറ്റേതൊരു മാസത്തെ ശ്രദ്ധിക്കുന്നതിനെക്കാൾ കൂടുതൽ ശഅ്ബാനിന്റെ ഹിലാൽ പ്രവാചകൻ(സ്വ) ശ്രദ്ധിക്കാറുണ്ടായിരുന്നു എന്ന പരാമർശത്തിൽനിന്ന് എല്ലാ മാസങ്ങളും കാണാൻ നബി(സ്വ) ശ്രദ്ധിച്ചിരുന്നു എന്നല്ലേ മനസ്സിലാകുന്നത്? കൂടുതൽ ശ്രദ്ധ ശഅ്ബാനിന് നൽകി എന്നും വ്യക്തം. ഇനി മറ്റൊരു ഹദീഥ് കാണുക:

ഹകമുബ്നു അഅ്റജ്(റ) ഉദ്ധരിക്കുന്നു: "ഞാൻ ഇബ്നു അബ്ബാസിന്റെ അടുത്ത് ചെന്നു. അദ്ദേഹം സംസമിന്റെ അടുത്ത് തന്റെ മേൽതട്ടം തലയണയാക്കി കിടക്കുകയായിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'ആശൂറാ നോമ്പിനെപ്പറ്റി എനിക്ക് പറഞ്ഞുതരൂ.' അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'നീ മുഹർറം പിറവി കണ്ടാൽ പിന്നെ ദിവസം എണ്ണി ഒമ്പതാം ദിവസം നോമ്പുകാരനായിക്കൊള്ളുക.' ഞാൻ ചോദിച്ചു: 'നബി(സ്വ) ഇങ്ങനെയാണോ നോമ്പെടുത്തത്?' അദ്ദേഹം പറഞ്ഞു: അതെ" (മുസ്‌ലിം:1133).

നബി(സ്വ) മുഹർറം എങ്ങനെ ആരംഭിച്ചു എന്നും മുഹർറം നോമ്പ് നോറ്റത് ഏതു തീയതിയിൽ എന്നും വളരെ കൃത്യമായി ഈ ഹദീഥിൽ വിശദീകരിക്കുന്നു. ഹിലാൽ കമ്മിറ്റി വാദിക്കുന്നതുപോലെ റമദാനിനും പെരുന്നാൾ മാസങ്ങൾക്കും മാത്രമല്ല നബി (സ്വ) ഹിലാൽ കണ്ടത് എന്ന് വ്യക്തമാകാൻ ഈ രണ്ടു ഹദീഥുകൾ തന്നെ ധാരാളം.

റമദാൻ, പെരുന്നാൾ മാസങ്ങൾക്ക് മാത്രം മാസപ്പിറവി കണ്ടാൽമതി എന്നും മറ്റുള്ളവയ്ക്ക് തങ്ങളുടെ 'അൽമനാർ കലണ്ടർ' ഉപയോഗിച്ചാൽമതി എന്നും സമർഥിക്കാൻ ശ്രമിക്കുന്നവർക്ക് ഈ ഹദീഥുകൾ കനത്ത തിരിച്ചടിയാണ് നൽകുന്നത്. ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ അടുത്ത മുഹർറം മാസം ആരംഭിക്കുന്നതിന് കലണ്ടർ ഉപയോഗിച്ച് തീയതി തീരുമാനിക്കാതെ മാസപ്പിറവി കാണാൻ ആഹ്വാനം ചെയ്യുകയാണ് ഹിലാൽ കമ്മിറ്റി ചെയ്യേണ്ടത്.

*ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ കലണ്ടർ മാസക്കലണ്ടറോ?*

ഹിജ്റ കലണ്ടറിന്റെ ഉപജ്ഞാതാവായ ഉമർ(റ) ഹിലാൽ കാണാതെ കലണ്ടർ രൂപപ്പെടുത്തിയില്ലേ എന്ന ചോദ്യം ഉന്നയിച്ച് മാസനിർണയത്തിന് കലണ്ടർ ഉപയോഗിക്കാമെന്ന് വരുത്തിത്തീർക്കാനുള്ള കുറിപ്പുകാരന്റെ ശ്രമം അങ്ങേയറ്റം അപഹാസ്യമാണെന്ന് പറയാതെ വയ്യ. ഉമറി(റ)ന്റെ കലണ്ടർ പൂർണമായും ഭരണപരമായ ആവശ്യത്തിനു(Civil Purposes) വേണ്ടി മാത്രമാണ് ഉപയോഗപ്പെടുത്തിയിരുന്നത് എന്ന കാര്യം ഹിലാൽ കമ്മിറ്റിക്കുവേണ്ടി കുറിപ്പുകളെഴുതുന്നവർക്ക് അറിയാത്തതുകൊണ്ടല്ല.

> **ഒരിക്കൽപോലും ഇസ്‌ലാമിക മാസനിർണയത്തിന് ഉമർ(റ) ഹിലാലിനെ പരിഗണിക്കാത്ത ആ കലണ്ടർ ഉപയോഗിച്ചിട്ടില്ല. മാത്രമല്ല, ഉമർ(റ) മാസപ്പിറവി ദർശിച്ചതും മറ്റുള്ളവരുടെ സാക്ഷ്യം അംഗീകരിച്ചുകൊണ്ട് മാസം പ്രഖ്യാപിച്ചതുമായ ഒട്ടേറെ ഉദ്ധരണികൾ ഗ്രന്ഥങ്ങളിലുണ്ട്. ഒരിക്കലെങ്കിലും കലണ്ടർ ഉപയോഗിച്ച് അദ്ദേഹം നോമ്പും പെരുന്നാളും ഉറപ്പിച്ചതായി കാണിക്കുന്ന ഏതെങ്കിലും ഒരു പ്രമാണം കലണ്ടർ വാദക്കാർക്ക് ഉദ്ധരിക്കാൻ സാധിക്കുമോ? അങ്ങനെ സാധിക്കാത്തപക്ഷം കലണ്ടർ കണക്കുകൾ ഉപയോഗിച്ച് മാസം നിർണയിക്കുന്നതിൽ നിന്നും കേരള ഹിലാൽ കമ്മിറ്റി പിൻവാങ്ങുകയാണ് വേണ്ടത്.**

മാസനിർണയത്തിന് പ്രവാചകവിരുദ്ധ മാനദണ്ഡങ്ങൾ ഉപയോഗിക്കുന്ന കലണ്ടറുകൾക്ക് സാധുത നൽകുവാൻവേണ്ടി മാത്രമാണ് കലണ്ടർ വാദക്കാർ ഇത് മറച്ചുവെക്കുന്നത്. ഒരിക്കൽപോലും ഇസ്‌ലാമിക മാസനിർണയത്തിന് ഉമർ(റ) ഹിലാലിനെ പരിഗണിക്കാത്ത ആ കലണ്ടർ ഉപയോഗിച്ചിട്ടില്ല. മാത്രമല്ല, ഉമർ(റ) മാസപ്പിറവി ദർശിച്ചതും മറ്റുള്ളവരുടെ സാക്ഷ്യം അംഗീകരിച്ചുകൊണ്ട് മാസം പ്രഖ്യാപിച്ചതുമായ ഒട്ടേറെ ഉദ്ധരണികൾ ഗ്രന്ഥങ്ങളിലുണ്ട്. ഒരിക്കലെങ്കിലും കലണ്ടർ ഉപയോഗിച്ച് അദ്ദേഹം നോമ്പും പെരുന്നാളും ഉറപ്പിച്ചതായി കാണിക്കുന്ന ഏതെങ്കിലും ഒരു പ്രമാണം കലണ്ടർ വാദക്കാർക്ക് ഉദ്ധരിക്കാൻ സാധിക്കുമോ? അങ്ങനെ സാധിക്കാത്തപക്ഷം കലണ്ടർ കണക്കുകൾ ഉപയോഗിച്ച് മാസം നിർണയിക്കുന്നതിൽ നിന്നും കേരള ഹിലാൽ കമ്മിറ്റി പിൻവാങ്ങുകയാണ് വേണ്ടത്.

**(തുടരും)**

അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 48

# അൽഫത്ഹ് (വിജയം)

(മദീനയിൽ അവതരിച്ചത്)

## ഹുദൈബിയ ചരിത്രം

നാഫിഅ്(റ) പറഞ്ഞു: "ഹിജ്‌റ ആറ്, ദുൽക്വഅ്ദ മാസത്തിലായിരുന്നു ഹുദൈബിയ സംഭവം. ഇതാണ് സ്വീകാര്യമായ അഭിപ്രായം. സുഹ്‌രി, ഖതാദ, മൂസബ്‌നുഉക്വ്ബ, മുഹമ്മദുബ്‌നു ഇസ്ഹാക് മുതലായവരെല്ലാം ഈ അഭിപ്രായക്കാരാണ്. ഹിശാമുബ്‌നു ഉർവ(റ) തന്റെ പിതാവിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: 'റമദാനിലാണ് ഹുദൈബിയയിലേക്ക് നബി(സ്വ) പുറപ്പെട്ടത്. അത് ഉണ്ടായതാവട്ടെ ശവ്വാലിലും. ഇത് ഒരു ധാരണപ്പിശകാണ്. ഫത്ഹ് യുദ്ധം നടന്നത് റമദാനിലാണ്.' അബുൽഅസ്‌വദ് ഉർവയിൽനിന്ന് ഉദ്ധരിക്കുന്നു: 'ദുൽക്വഅ്ദയിലായിരുന്നു എന്നതാണ് ശരി.' ബുഖാരിയും മുസ്‌ലിമും അനസി(റ)ൽനിന്ന് നിവേദനം ചെയ്യുന്നു: 'നബി(സ്വ) നാല് ഉംറകൾ നിർവഹിച്ചു. എല്ലാം ദുൽക്വഅ്ദയിലായിരുന്നു. ഹുദൈബിയ ഉംറയും അവയിൽ ഉൾപ്പെടുന്നു.'

ഇതിൽ നബി(സ്വ)യുടെ കൂടെ 1500 പേരു ണ്ടായിരുന്നു. ബുഖാരിയിലും മുസ്‌ലിമിലും ജാബിറി(റ)ൽനിന്ന് നിവേദനം ചെയ്തതായി ഇപ്രകാരം കാണാം: 'അവർ ആയിരത്തി നാനൂറ് പേരുണ്ടായിരുന്നു.' ബുഖാരിയും മുസ്‌ലിമും അബ്ദുല്ലാഹിബ്‌നു അബീ ഔഫയിൽനിന്നും ഉദ്ധരിക്കുന്നതിൽ 'ഞങ്ങൾ ആയിരത്തി മുന്നൂറു പേരുണ്ടായിരുന്നു' എന്നാണ്. ക്വതാദ(റ) പറയുന്നു: "ഞാൻ സഈദുബ്‌നു മുസ്വയ്യിബിനോട് ചോദിച്ചു: 'ബൈഅത്തു രിള്‌വാനിൽ പങ്കെടുത്ത സംഘത്തിൽ എത്രപേരുണ്ടായിരുന്നു?' അദ്ദേഹം പറഞ്ഞു: 'രണ്ടായിരത്തി അഞ്ഞൂറ്.' ഞാൻ പറഞ്ഞു: 'ജാബിറുബ്‌നു അബ്ദുല്ല(റ) പറഞ്ഞു ആയിരത്തി നാനൂറ് എന്ന്.' അദ്ദേഹം പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. തെറ്റിദ്ധാരണയാണത്. അദ്ദേഹം എന്നോട് പറഞ്ഞത് ആയിരത്തി അഞ്ഞൂറ് ആണെന്നാണ്.' ഞാൻ പറഞ്ഞു: 'ജാബിറി(റ)ൽനിന്ന് രണ്ടഭിപ്രായവും സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. അദ്ദേഹത്തിൽനിന്നും സ്വീകാര്യമായി വന്ന റിപ്പോർട്ടിൽ ഹുദൈബിയ വർഷം അവർ എഴുപത് ഒട്ടകങ്ങളെ അറുത്തു എന്നാണ്. ഒരൊട്ടകം ഏഴുപേർക്ക് മതിയാകും.' അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: 'നിങ്ങൾ എത്രപേരുണ്ടായിരുന്നു?' 'കാലാൾ പടയും കുതിരപ്പടയുമായി ആയിരത്തി നാനൂറ് പേർ.' മനസ്സ് മുൻഗണന നൽകുന്നത് ഈ അഭിപ്രായത്തിന്നാണ്. ഈ അഭിപ്രായമാണ് അൽബറാഅ്ബ്‌നു ആസിബ്, മഅ്ക്വലുബ്‌നു യസാർ, സലമതുബ്‌നുൽ അക്വ്അ് എന്നിവർക്കുള്ളത് ഇതാണ് രണ്ട് റിപ്പോർട്ടുകളിൽ ഏറ്റവും സ്വീകാര്യമായതിലുള്ളത്.

മുസ്വയ്യബ്ബ്‌നു ഹസൻ ഈ അഭിപ്രായക്കാരനാണ്. സഈദുബ്‌നു മുസ്വയ്യബ് അദ്ദേഹത്തിന്റെ പിതാവിൽനിന്നും അദ്ദേഹത്തിൽ നിന്ന് ക്വതാദയും അദ്ദേഹത്തിൽനിന്ന് ശുഅ്ബയും പറയുന്നത്, ആ മരച്ചുവട്ടിൽ നബി(സ്വ)യോടൊപ്പം ആയിരത്തി നാനൂറുപേരുണ്ടായിരുന്നു എന്നാണ്. അവർ എഴുന്നൂറ് പേരായിരുന്നു എന്ന് പറഞ്ഞവർക്ക് വ്യക്തമായ തെറ്റ് സംഭവിച്ചിട്ടുണ്ട്. കാരണം അവർ ഒരു ദിവസത്തിന് എഴുപത് ഒട്ടകങ്ങളെ അറുത്തിരുന്നു എന്നാണ്.

ഒരൊട്ടകം ഏഴ്പേർക്കോ പത്തുപേർക്കോ മതിയാകും. അപ്പോൾ ഈ പറഞ്ഞത് ശരിയല്ല. ഏഴ് പേർക്കാണ് ഒരൊട്ടകത്തെ അറുത്തത് എന്ന് അദ്ദേഹം വ്യക്തമാക്കുമ്പോൾ, മൊത്തം അവർ എഴുപത് ഒട്ടകങ്ങളെ അറുത്തിട്ടുണ്ടെങ്കിൽ തന്നെ നാനൂറ്റി തൊണ്ണൂറ് ആളുകളുണ്ടായിരിക്കും. അതുകൊണ്ടാണ് അദ്ദേഹം അതേ ഹദീസിന്റെ അവസാനത്തിൽ അവർ ആയിരത്തി നാനൂറ് പേരുണ്ടായിരുന്നു എന്ന് പറഞ്ഞത്.

അവർ ദുൽഹുലൈഫയിൽ ആയിരുന്നപ്പോ ൾ പ്രവാചകൻ തന്റെ ബലിമൃഗത്തെ അടയാളപ്പെടുത്തുകയും തയ്യാറാക്കുകയും ചെയ്തു. ഉംറക്ക് ഇഹ്റാമിൽ പ്രവേശിച്ചു. ഖുറൈശികളെക്കുറിച്ച് തനിക്ക് വിവരം നൽകാൻ ഖുസാ അയിൽനിന്നുള്ള ഒരു ചാരനെ നിയോഗിക്കുകയും ചെയ്തു. അസ്ഥാന്റെ അടുത്ത് എത്താറായപ്പോൾ പ്രവാചകൻ(സ്വ) നിയോഗിച്ച ചാരൻ വന്ന് പറഞ്ഞു: 'ഞാൻ വരുന്ന സന്ദർഭത്തിൽ കഅബ്ബ്നു ലുഅയ്യ്, അഹാബീഹി (ചില അറബ് ഗോത്രങ്ങൾ)നെ താങ്കൾക്കെതിരെ സംഘടിപ്പിച്ചിട്ടുണ്ട്. താങ്കൾക്കെതിരെ ഒരു സംഘം സംഘടിച്ചുകഴിഞ്ഞു. കഅ്ബയിൽനിന്ന് താങ്കളെ തടയുവാനും താങ്കളോട് യുദ്ധം ചെയ്യുവാനും വേണ്ടി.' നബി(സ്വ) തന്റെ അനുചരന്മാരോട് കൂടിയാലോചന നടത്തി. 'ഖുറൈശികളെ സഹായിച്ച ഇവരോട് നാം യുദ്ധം ചെയ്യുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?' അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവിനും അവന്റെ റസൂലിനും അറിയാം. തീർച്ചയായും നാം വന്നത് ഉംറ നിർവഹിക്കാനാണ്. ഒരാളോടും യുദ്ധം ചെയ്യാനല്ല. എന്നാൽ കഅ്ബയിലേക്ക് നാം പോകുന്നതിനെ തടസ്സപ്പെടുത്തിയാൽ അവരോട് നാം യുദ്ധം ചെയ്യും.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്നാൽ പോകൂ.' അങ്ങനെ അവർ പോയി.

അങ്ങനെ അവർ വഴിയിലായിരിക്കെ, നബി (സ്വ) പറഞ്ഞു: 'ഖാലിദുബ്നുൽവലീദ് ഖുറൈശികളുടെ ഒരു കുതിരപ്പടയിൽ ഗുമൈമിൽ എത്തിയിട്ടുണ്ട്. അതിനാൽ വലത്തോട്ട് പോകൂ.' സൈന്യത്തിന്റെ പൊടിപടലങ്ങൾകൊണ്ട് മാത്രമാണ് ഖാലിദുബ്നുൽവലീദ്(റ) അവരെക്കുറിച്ച് മനസ്സിലാക്കിയത്. അപ്പോൾ ഖുറൈശികൾക്ക് മുന്നറിയിപ്പ് നൽകാൻ അദ്ദേഹം പോയി. നബി(സ) ഇറങ്ങിയതായ സൻയയിൽ എത്തുന്നതുവരെ നബി(സ്വ) യാത്ര ചെയ്തു. അവിടെ നബിയുടെ വാഹനം മുട്ടുകുത്തി. അപ്പോൾ ജനങ്ങൾ പറഞ്ഞു: 'പോകട്ടെ, പോകട്ടെ.' പക്ഷേ, അത് മുന്നോട്ട് പോയില്ല. അപ്പോൾ അവർ പറഞ്ഞു: 'ഖസ്വാഅ് നടക്കാതെയായി.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'ഖസ്വാഅ് നടക്കാതെയാവില്ല. അത് അതിന്റെ സ്വഭാവമല്ല. ആനയെ തടഞ്ഞവൻ അതിനെ തടഞ്ഞുവെച്ചിരിക്കുകയാണ്.' പിന്നീട് നബി (സ്വ) പറഞ്ഞു: 'അല്ലാഹു പരിശുദ്ധിപ്പെടുത്തിയവരെ ആദരിക്കുന്ന എന്തൊന്ന് നിങ്ങൾ എന്നോട് ചോദിച്ചാലും അത് ഞാൻ നിങ്ങൾക്ക് തന്നിരിക്കും.' അതിനുശേഷം



ഖസ്വാഇനെ ഒന്നുകൂടി തെളിച്ചു. അപ്പോൾ അത് ചാടി. എന്നിട്ട് അൽപം നീങ്ങി. അങ്ങനെ അത് ഹുദൈബിയയുടെ അങ്ങേയറ്റത്തുള്ള അൽപം വെള്ളമുള്ള ഒരു വെള്ളക്കെട്ടിന്നരികിൽ ഇറങ്ങി. ജനങ്ങൾ അതിൽനിന്ന് വെള്ളം കുടിക്കാൻ തുടങ്ങി. അതിലെ വെള്ളം കുറയാൻ അധികം താമസിച്ചില്ല. അങ്ങനെ അവർ നബി(സ്വ)യോട് ദാഹത്തെക്കുറിച്ച് പറഞ്ഞു. അപ്പോൾ നബി(സ്വ) തന്റെ ആവനാഴിയിൽനിന്ന് ഒരമ്പെടുത്തു. അതിനെ അതിൽ വെക്കാൻ പറഞ്ഞു. അദ്ദേഹം (റിപ്പോർട്ടർ) പറഞ്ഞു: 'അല്ലാഹുവാണെ, അങ്ങനെ അവരെല്ലാവരും ദാഹം തീർത്ത് കുടിക്കുന്നതുവരെ വെള്ളം കുതിച്ചൊഴുകി.'

നബി(സ്വ)യും സ്വഹാബത്തും അവിടെ തമ്പടിച്ചതിൽ ഖുറൈശികൾ ഭയന്നു. തന്റെ ഒരു അനുചരനെ അവരിലേക്കയക്കാൻ നബി (സ്വ) ആഗ്രഹിച്ചു. അതിനായി ഉമറുബ്നുൽഖത്വാബിനെ വിളിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ ഉപദ്രവിക്കപ്പെട്ടാൽ എനിക്കു വേണ്ടി പ്രതികരിക്കാൻ ബനൂ കഅ്ബിൽപെട്ട ഒരാളും അവിടെയില്ല.' അപ്പോൾ നബി(സ്വ) ഉസ്മാനുബ്നു അഫ്ഫാനെ(റ) അയച്ചു. അദ്ദേഹത്തിന്റെ ബന്ധുക്കൾ അവിടെയുണ്ട്. അദ്ദേഹം അതിനു യോഗ്യനാണ്. അങ്ങനെ ഉസ്മാൻ(റ) വിനെ വിളിക്കുകയും ഖുറൈശികളിലേക്ക് നിയോഗിക്കുകയും ചെയ്തു. നബി(സ്വ) അദ്ദേഹത്തോട് പറഞ്ഞു: 'നമ്മൾ യുദ്ധത്തിന് വന്നതല്ലെന്ന് അവരെ അറിയിക്കണം. നാം വന്നത് ഉംറ ചെയ്യാൻ ഉദ്ദേശിച്ച് മാത്രമാണ്. അതോടൊപ്പം അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യും.' മക്കയിലുള്ള സത്യവിശ്വാസികളായ സ്ത്രീ-പുരുഷന്മാരെക്കണ്ട് വിജയത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കാനും സത്യവിശ്വാസം മറച്ചുവെക്കേണ്ടതില്ലാത്തവിധം തന്റെ മതം മക്കത്ത് പരസ്യമാക്കാൻ കഴിയുമെന്നും അവരെ അറിയിക്കാനും നിർദേശിച്ചു.

അങ്ങനെ ഉസ്മാൻ(റ) പോയി. ബൽദഹിൽ ഖുറൈശികളുടെ സമീപത്തുകൂടി കടന്നുപോയി, അപ്പോൾ

അവർ ചോദിച്ചു: 'താങ്കൾ എങ്ങോട്ടാണ്?' അദ്ദേഹം പറഞ്ഞു: 'നിങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ വേണ്ടി അല്ലാഹുവിന്റെ ദൂതൻ നിയോഗിച്ചതാണ് എന്നെ.' ഞങ്ങൾ യുദ്ധത്തിന് വന്നതല്ലെന്ന് അദ്ദേഹം അവരെ അറിയിക്കുകയും ചെയ്തു. അവർ പറഞ്ഞു: 'താങ്കൾ പറഞ്ഞതെല്ലാം ഞങ്ങൾ കേട്ടു. താങ്കൾ താങ്കളുടെ ആവശ്യം നിർവഹിച്ചുകൊള്ളുക.' അബാനുബ്നു സഈദ് വരികയും അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ കുതിരയുടെ ജീൻ ശരിയാക്കി അദ്ദേഹത്തെ തന്റെ കുതിരപ്പുറത്ത് കയറ്റുകയും ചെയ്തു. അങ്ങനെ അദ്ദേഹം ഉസ്മാൻ(റ)വിന് അഭയം നൽകി. മക്കയിൽ എത്തുവോളം അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. ഉസ്മാൻ(റ) മടങ്ങിയെത്തുന്നതിനുമുമ്പെ മുസ്‌ലിംകൾ പറഞ്ഞു: 'ഉസ്മാൻ(റ) നമുക്കുമുമ്പ് കഅ്ബയിലെത്തി, ത്വവാഫ് ചെയ്തു.' അപ്പോൾ അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: 'നാം തടസ്സപ്പെട്ടുനിൽക്കെ അദ്ദേഹം ത്വവാഫ് ചെയ്യുമെന്ന് ഞാൻ വിചാരിക്കുന്നില്ല.' അപ്പോൾ അവർ പറഞ്ഞു: 'അദ്ദേഹം സുരക്ഷിതനായിരിക്കെ, അദ്ദേഹത്തിന് ത്വവാഫ് ചെയ്യാൻ എന്താണ് തടസ്സം?' അപ്പോൾ നബി(സ്വ) പറഞ്ഞു: 'നാം അദ്ദേഹത്തോടൊപ്പം ത്വവാഫ് ചെയ്യുന്നതുവരെ അദ്ദേഹം ത്വവാഫ് ചെയ്യില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.'

സന്ധിയുടെ കാര്യത്തിൽ മുശ്‌രിക്കുകളും മുസ്‌ലിംകളും തമ്മിൽ അസ്വസ്ഥതകളുണ്ടായി. രണ്ട് വിഭാഗങ്ങളിൽ ഒരാൾ മറ്റെ വിഭാഗത്തിലെ ഒരാളെ അമ്പെറിഞ്ഞു. അത് ഏറ്റുമുട്ടലായിത്തീ ർന്നു. കല്ലുകൊണ്ടും അമ്പുകൊണ്ടും അവർ പരസ്പരം എറിയാൻ തുടങ്ങി. അങ്ങനെ ഉസ്മാൻ(റ) കൊല്ലപ്പെട്ടുവെന്ന് നബി(സ്വ)ക്ക് വിവരം കിട്ടി. അപ്പോൾ നബി(സ്വ) അവരെ പ്രതിജ്ഞയ്ക്ക്(ബൈഅത്ത്) വേണ്ടി ക്ഷണിച്ചു. അങ്ങനെ മുസ്‌ലിംകളെല്ലാം രോഷാകുലരായി. ആ മരത്തിന്റെ ചുവട്ടിൽവെച്ച്, ഒരിക്കലും പിന്തിരിഞ്ഞുപോവുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. അപ്പോൾ നബി(സ്വ) തന്റെ സ്വന്തം കൈ പിടിച്ചു പറഞ്ഞു: 'ഇത് ഉസ്മാനുവേണ്ടിയാണ്.'

ബൈഅത്ത് പൂർത്തിയായപ്പോൾ മടങ്ങിയെത്തി. അപ്പോൾ മുസ്‌ലിംകൾ പറഞ്ഞു: 'അബൂ അബ്ദില്ല! കഅ്ബ ത്വവാഫ് ചെയ്ത് ആശ്വാസം കൊണ്ടുവല്ലേ?' അദ്ദേഹം പറഞ്ഞു: 'എത്ര മോശമായാണ് നിങ്ങൾ എന്നെപ്പറ്റി വിചാരിച്ചത്? എന്റെ ആത്മാവ് ആരുടെ കയ്യിലാ ണോ അവനെക്കൊണ്ടു സത്യം, നബി(സ്വ) ഹുദൈബിയയിൽ താമസിക്കെ ഞാൻ ഒരു വർഷം മുഴുവൻ മക്കത്ത് താമസിച്ചാലും അല്ലാഹുവിന്റെ ദൂതൻ ത്വവാഫ് ചെയ്യുന്നതുവരെ ഞാൻ ത്വവാഫ് ചെയ്യുകയില്ല. എന്നെ ക്വുറൈശികൾ ത്വവാഫ് ചെയ്യാൻ ക്ഷണിച്ചു. അപ്പോൾ ഞാൻ വിസമ്മതിച്ചു.' അപ്പോൾ മുസ്‌ലിംകൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതൻ ഞങ്ങളിൽ ഏറ്റവും അറിവുള്ളവനും നല്ലത് വിചാരിക്കുന്നവനുമാകുന്നു.'

ആ മരത്തിന്റെ ചുവട്ടിൽ ബൈഅത്ത് ചെയ്യാൻ ഉമർ(റ) നബി(സ്വ)യുടെ കൈ പിടിച്ചു. അപ്പോൾ ജദ്ദ് ഇബ്നു കൈസ് അല്ലാത്തവരെല്ലാം ബൈഅത്ത് ചെയ്തു. നബി(സ്വ)യുടെ ദേഹത്ത് തട്ടാതിരിക്കാൻ വേണ്ടി മഅ്കലുബ്നു യസാർ ആ മരത്തിന്റെ ഒരു കൊമ്പ് ഉയർത്തിക്കൊണ്ടിരുന്നു. ആദ്യമായി ബൈഅത്ത് ചെയ്തത് അബൂസിനാനുൽ അസദി ആയിരുന്നു. സലമതുബ്നുൽ അക്‌വഅ് രാവിലെയും ഉച്ചയ്ക്കും വൈകുന്നേരത്തുമായി മൂന്നുതവണ ബൈഅത്ത് ചെയ്തു.

ഇതെല്ലാം നടന്നുകൊണ്ടിരിക്കെ, ബദീലുബ്നു വർക്വാഉൽഖുസാഇയ്യ് ഏതാനും ഖുസാഅക്കാരോടൊപ്പം വന്നു. തിഹാമക്കാരിൽ അവരായിരുന്നു റസൂലിന്റെ ഉപദേശത്തിന്റെയും രഹസ്യത്തിന്റെയും ആളുകൾ. അദ്ദേഹം പറ ഞ്ഞു: 'കഅ്ബുബ്നു ലുഅയ്യും അമീറുബ്നു ൽലുഅയ്യും ഹുദൈബിയ തടാകത്തിന്നരികി ൽ തമ്പടിച്ചിട്ടുണ്ട്. ഞാൻ വരുമ്പോൾ, അവരോടൊപ്പം കുട്ടിയുള്ള ഒട്ടകമുണ്ട്. അവർ നിന്നോട് യുദ്ധം ചെയ്യുന്നവരും കഅ്ബയിൽനിന്ന് തടയുന്നവരുമാണ്.' റസൂൽ(സ്വ) പറഞ്ഞു: 'ഞങ്ങൾ ഒരാളോടും യുദ്ധത്തിന് വന്നതല്ല. ഞങ്ങൾ ഉംറക്ക് മാത്രം വന്നതാണ്. തീർച്ചയായും ക്വുറൈശികൾക്കും യുദ്ധം ബുദ്ധിമുട്ടും പ്രയാസവുമാണ്. അവർ ഉദ്ദേശിക്കുകയാണെങ്കിൽ ഞാൻ അവരെ സഹായിക്കും. എനിക്കും ജനങ്ങൾക്കുമിടയിൽ അവർ ഒഴിവാകും. ഇനി ജനങ്ങൾ പ്രവേശിച്ചിടത്ത് പ്രവേശിക്കാനാണ് അവരുദ്ദേശിക്കുന്നതെങ്കിൽ അവരങ്ങനെ ചെയ്യട്ടെ. ഇനി അവർ വിസമ്മതിക്കുകയാണെങ്കിൽ യുദ്ധം മാത്രം. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ സത്യം, ഈ കാര്യത്തിന് ഞാൻ അവരോട് യുദ്ധം ചെയ്യുകതന്നെ ചെയ്യും; മരണം വരെ, അല്ലെങ്കിൽ അല്ലാഹു അവന്റെ കൽപന നടപ്പിലാക്കുന്നതുവരെ.' ബദീഅ് പറഞ്ഞു: 'താങ്കൾ പറഞ്ഞത് ഞാൻ അവർക്കെത്തിക്കാം.' അങ്ങനെ അയാൾ ക്വുറൈശികളുടെ അടുത്തേക്ക് പോയി. എന്നിട്ട് പറഞ്ഞു: 'ഈ മനുഷ്യന്റെ അടുക്കൽനിന്നുള്ള ചില വിവരങ്ങളുമായാണ് ഞാൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. അദ്ദേഹം ഒരു കാര്യം പറയുന്നത് ഞാൻ കേട്ടു. നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഞാനത് അവതരിപ്പിക്കാം.' അപ്പോൾ ചില അവിവേകികൾ പറഞ്ഞു: 'അയാളെക്കുറിച്ചൊന്നും നീ ഞങ്ങളോട് സംസാരിക്കേണ്ട ആവശ്യമില്ല.' എന്നാൽ അവരിൽ ബുദ്ധിമാന്മാർ പറഞ്ഞു: 'കൊണ്ടുവരൂ, കേൾക്കട്ടെ അവൻ പറയുന്നത്.' അദ്ദേഹം പറഞ്ഞു: 'അയാൾ ഇപ്രകാരമെല്ലാം പറയുന്നതായി ഞാൻ കേട്ടു.' അപ്പോൾ ഉർവതുബ്നു മസ്ഊദ് അസ്സഖഫി പറഞ്ഞു: 'നല്ലൊരു പദ്ധതിയാണ് അദ്ദേഹം നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്. നിങ്ങളത് സ്വീകരിക്കൂ. അദ്ദേഹത്തിന്റെ അടുത്ത് പോകാൻ എന്നെ അനുവദിക്കൂ.' അപ്പോൾ അവർ പറഞ്ഞു: 'താങ്കൾ പോവുക.' ■







# കള്ളപ്രവാചകന്മാർ രംഗത്ത്

ഹുസൈൻ സലഫി
: +971 50 634 6963

ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ നബി(സ്വ)യുടെ അടുത്തേക്ക് എത്തുന്ന നിവേദകസംഘങ്ങളുടെ വരവ് കൂടി. മക്കയുടെയും യമനിന്റെയും ഇടയിലെ യമാമയിൽ താമസിക്കുന്ന ബനൂഹനീഫയുടെ നിവേദകസംഘം അതിൽ പ്രധാനപ്പെട്ടതായിരുന്നു. ആ നിവേദകസംഘത്തിന്റെ തലവൻ മുസയ്‌ലിമത്ഇബ്‌നു ഥുമാമയായിരുന്നു. പതിനേഴ് പേരായിരുന്നു ആ കൂട്ടത്തിലുണ്ടായിരുന്നത്. നബി(സ്വ)യെക്കാൾ പ്രായം കൂടുതലുള്ള ആളായിരുന്നു അയാൾ. അങ്ങനെ അയാൾ നബി(സ്വ)യുടെ അടുത്തെത്തി മുസ്‌ലിമായി തിരിച്ചുപോയി. കൂടെയുള്ളവരും നബി(സ്വ)യിൽ വിശ്വസിച്ചിരുന്നു. എന്നാൽ ഇയാൾ നബി(സ്വ)യുടെ അടുത്തേക്ക് വരാൻ അൽപം അഹങ്കാരം കാണിക്കുകയും നേതാവാകാൻ മോഹിക്കുകയും ചെയ്തിരുന്നു. ഞാൻ റഹ്‌മാനാണ് എന്നുവരെ അയാൾ വാദിച്ചിരുന്നു എന്ന് ചരിത്രത്തിൽ കാണാം. യമാമക്കാരുടെ റഹ്‌മാനാണെന്ന് വാദിച്ച് നേതൃത്വം മോഹിച്ച് നടന്നിരുന്ന മുസയ്‌ലിമ നബി(സ്വ)യുടെ അടുത്ത് വരുന്നത് നമുക്ക് ചരിത്രത്തിൽ ഇപ്രകാരം കാണാം:

ഇബ്‌നു അബ്ബാസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ കാലത്ത് മുസയ്‌ലിമതുൽ കദ്ദാബ് വരിക

യുണ്ടായി. എന്നിട്ട് അയാൾ പറഞ്ഞു: 'മുഹമ്മദ് തന്റെ കാലശേഷം കാര്യങ്ങൾ എന്നെ ഏൽപിക്കുകയാണെങ്കിൽ ഞാൻ അവനെ പിന്തുടരുന്നതാണ്.' അയാളുടെ ജനതയിൽനിന്ന് ധാരാളം പേരും (അയാളുടെ കൂടെ) അവിടെ വന്നു. അല്ലാഹുവിന്റെ റസൂലും(സ്വ) കൂടെയുണ്ടായിരുന്ന ഥാബിത് ഇബ്നുകൈസ് ഇബ്നു ശമ്മാസും അയാളിലേക്ക് (സ്വീകരിക്കാനായി) മുന്നോട്ടുവന്നു. അന്നേരം നബി(സ്വ)യുടെ കൈയിൽ ഒരു ഈത്തപ്പന മട്ടൽ ഉണ്ടായിരുന്നു. അങ്ങനെ അവിടുന്ന് മുസയ്‌ലിമയുടെ ആളുകളുടെ മധ്യത്തിൽ നിന്നു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'ഈ (ഈത്തപ്പന മട്ടലിന്റെ) കഷ്ണം നീ എന്നോട് ചോദിച്ചാലും ഞാൻ അത് നിനക്ക് തരുന്നതല്ല. (വിശ്വാസിക്കാതെ) നീ പുറകോട്ട് പോകുകയാണെങ്കിൽ അല്ലാഹു നിന്നെ അറുത്ത് കളയുന്നതാണ്. തീർച്ചയായും നിന്റെ കാര്യത്തിൽ ഞാൻ ചിലതെല്ലാം കണ്ടിട്ടുണ്ട്" (ബുഖാരി).

നബി(സ്വ) അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിലായിരുന്നു ഇപ്രകാരം പറഞ്ഞത്. മുസയ്‌ലിമയുടെ കള്ളത്തരത്തവും ദുർവിചാരവും അല്ലാഹു അവിടുത്തേക്ക് വെളിപ്പെടുത്തിക്കൊടുത്തു. മുസയ് ലിമ വരുന്നതിന് മുമ്പേ തന്നെ അല്ലാഹു ഇത് അറിയിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. ഇബ്നു അബ്ബാസ്(റ) പറയുകയാണ്:

"അബൂഹുറയ്‌റ എന്നോട് പറയുകയുണ്ടായി; തീർച്ചയായും അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'ഞാൻ ഉറങ്ങുന്നതിനിടയിൽ സ്വർണത്താലുള്ള രണ്ട് വളകൾ എന്റെ കൈയിൽ ഞാൻ കാണുകയുണ്ടായി. അത് എന്നെ വല്ലാതെ വേദനിപ്പിച്ചു. അങ്ങനെ സ്വപ്നത്തിൽ എനിക്ക് വഹ്‌യ് നൽകപ്പെട്ടു: 'അവ രണ്ടിലും ഊതുക.' അപ്പോൾ ഞാൻ അവയിൽ ഊതി. അപ്പോൾ അവ പാറിപ്പോകുകയും ചെയ്തു. അവ രണ്ടിനെയും ഞാൻ വ്യാഖ്യാനിക്കുന്നത് എനിക്ക് ശേഷം രണ്ട് കള്ളന്മാർ രംഗത്ത് വരുമെന്നതാണ്. അവരിൽ ഒരാൾ അൽഅൻസിയും മറ്റേത് മുസയ്‌ലിമയുമായിരുന്നു" (ബുഖാരി).

എങ്ങനെയാണ് നബി(സ്വ) ആ സ്വപ്നത്തിന് ഈ രൂപത്തിൽ വ്യാഖ്യാനം നൽകിയത് എന്ന് പണ്ഡിതന്മാർ വിവരിക്കുന്നുണ്ട്: കളവ് എന്നത് ഒരു വസ്തുവിനെ അതിന്റെ യഥാർഥ സ്ഥാനത്തല്ലാതെ വെക്കലാണല്ലോ. സ്വർണത്താലുള്ള വളകൾ അണിയൽ സ്ത്രീകളാണല്ലോ അണിയൽ. അത് നബി(സ്വ) തന്റെ കൈകളിൽ കാണുന്നു. ഒരാൾക്ക് അവകാശമില്ലാത്ത ഒരു കാര്യം വാദിക്കുന്ന രണ്ടാളുകൾ പ്രത്യക്ഷപ്പെടാനിരിക്കുന്നു എന്ന് അവിടുന്ന് മനസ്സിലാക്കി. അതിന്റെ അടിസ്ഥാനത്തിലാണ് നബി(സ്വ) അപ്രകാരം ആ സ്വപ്നത്തെ വ്യാഖ്യാനിച്ചത്.

മുസയ്‌ലിമയുടെ മോഹം കേട്ട നബി(സ്വ) ഈ സ്വപ്നത്തെ കുറിച്ച് ഓർത്തു. ഇതിൽ ഒരു 'വള' ഇവൻ തന്നെ. ഇവൻ കുഴപ്പക്കാരനാണ്. പക്ഷേ, അയാളെ കൊല്ലാൻ നബി(സ്വ) മുതിർന്നില്ല. എന്നാൽ അവന് അല്ലാഹുവിന്റെ റസൂൽ(സ്വ) മുന്നറിയിപ്പ് നൽകി. അധികനേരം അവനോട് സംസാരിക്കാൻ നബി(സ്വ) കൂട്ടാക്കിയതുമില്ല. കൂടെയുണ്ടായിരുന്ന ഥാബിതി(റ)നോട് സംസാരിക്കാൻ ഏൽപിച്ച് അവിടുന്ന് പിന്മാറി.

അങ്ങനെ മുസയ്‌ലിമ യമാമയിലേക്ക് മടങ്ങി. അവിടെ എത്തിയ ശേഷം നബി(സ്വ)ക്ക് ഇപ്രകാരം ഒരു കത്ത് എഴുതുകയുണ്ടായി: "അല്ലാഹുവിന്റെ റസൂലായ മുസയ്‌ലിമയിൽനിന്ന് അല്ലാഹുവിന്റെ റസൂലായ മുഹമ്മദിന്. താങ്കൾക്ക് സമാധാനം. തീർച്ചയായും താങ്കളുടെ കൂടെ കാര്യങ്ങളിൽ ഞാനും പങ്കാളിയാകാം. താങ്കൾക്ക് നല്ല വീടുകളിൽ കഴിയുന്നവരടെ കാര്യവും എനിക്ക് ഗ്രാമീണരുടെ കാര്യവും. പക്ഷേ, ക്വുറയ്ശികൾ അക്രമികളായ ജനതയാകുന്നു." ഉടനെ അല്ലാഹുവിന്റെ റസൂൽ(സ്വ) അയാൾക്ക് മറുപടി എഴുതി: "അല്ലാഹുവിന്റെ റസൂലായ മുഹമ്മദിൽനിന്ന് പെരുംകള്ളനായ മുസയ്‌ലിമയിലേക്ക്, സന്മാർഗം പിന്തുടരുന്നവർക്കാകുന്നു സലാം. തീർച്ചയായും ഭൂമി അല്ലാഹുവി

**മുസയ്‌ലിമ നബി(സ്വ)യുടെ കത്തിനെ തീരെ ഗൗനിച്ചതേയില്ല. അവൻ നാട്ടിൽ അനുയായികളെ ഉണ്ടാക്കാനായി നബിയാണെന്നും വാദിച്ച് നടക്കുകയായിരുന്നു. തനിക്കും ക്വുർആൻ ഇറങ്ങുന്നുണ്ടെന്നു പറഞ്ഞ് ചില വചനങ്ങൾ പ്രാസമൊപ്പിച്ച് പ്രചരിപ്പിക്കാൻ ശ്രമിച്ചു. യമാമക്കാരിൽ പലരും അവനിൽ വിശ്വസിച്ചു. അവരെ അവന്റെ വരുതിയി തന്നെ നിർത്താനായി അവർക്ക് പല സൗകര്യങ്ങളും വാഗ്ദാനം നൽകുകയും ചെയ്തു. അഥവാ ക്വുർആൻ നിഷിദ്ധമാക്കിയ മദ്യം അയാൾ അനുവദനീയമാക്കി. വ്യഭിചാരത്തിനും അംഗീകാരം നൽകി.**

ന്റെതാകുന്നു. അതിനെ അല്ലാഹു അവന്റെ അടിമകളിൽനിന്ന് അവനുദ്ദേശിക്കുന്നവരെ അനന്തരമാക്കുന്നതാണ്. സൂക്ഷ്മത പുലർത്തുന്നവർക്കത്രെ (നല്ല) പര്യവസാനം" (ഇബ്നു കഥീർ).

മുസയ്‌ലിമ നബി(സ്വ)യുടെ കത്തിനെ തീരെ ഗൗനിച്ചതേയില്ല. അവൻ നാട്ടിൽ അനുയായികളെ ഉണ്ടാക്കാനായി നബിയാണെന്നും വാദിച്ച് നടക്കുകയായിരുന്നു. തനിക്കും ഖുർആൻ ഇറങ്ങുന്നുണ്ടെന്നു പറഞ്ഞ് ചില വചനങ്ങൾ പ്രാസമൊപ്പിച്ച് പ്രചരിപ്പിക്കാൻ ശ്രമിച്ചു. യമാമക്കാരിൽ പലരും അവനിൽ വിശ്വസിച്ചു. അവരെ അവന്റെ വരുതിയിൽ തന്നെ നിർത്താനായി അവർക്ക് പല സൗകര്യങ്ങളും വാഗ്ദാനം നൽകുകയും ചെയ്തു. അഥവാ ഖുർആൻ നിഷിദ്ധമാക്കിയ മദ്യം അയാൾ അനുവദനീയമാക്കി. വ്യഭിചാരത്തിനും അംഗീകാരം നൽകി. താൻ നബിയാണെന്നതിന് സാക്ഷ്യം വഹിച്ചവർക്ക് നിസ്‌കാരത്തിൽ നിന്ന് ഇളവും നൽകി. തെമ്മാടികൾ കൊതിക്കുന്ന എല്ലാ കാര്യത്തിനും മുസയ്‌ലിമഃ അനുവാദം നൽകിയതോടെ അവർക്കെല്ലാം പെരുത്ത് ഇഷ്ടമായി. അവർ അയാളുടെ പിന്നാലെ കൂടുകയും ചെയ്തു. സജാഹ് എന്ന് പറയുന്ന ഒരു പെണ്ണ് അയാളിലേക്ക് വല്ലാതെ ആകർഷിക്കപ്പെട്ടു. ഈ പെണ്ണും പ്രവാചകത്വം വാദിച്ച് നബിച്ചിയായി രംഗത്ത് വന്നിട്ടുണ്ട്. ഇവർ തമ്മിൽ വിവാഹവും നടന്നു. മുസയ്‌ലിമ കൊല്ലപ്പെട്ടതിന് ശേഷം ഇവർ മുസ്‌ലിമായി എന്നതാണ് ചരിത്രം.

മുസയ്‌ലിമതുൽ കദ്ദാബിന്റെ രണ്ട് ദൂതന്മാരായ ഇബ്നു നവ്വാഹയും ഇബ്നു ഉഥാലും അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അടുക്കലേക്ക് വന്നു. അപ്പോൾ അവിടുന്ന് അവരോട് ചോദിച്ചു: "ഞാൻ അല്ലാഹുവിന്റെ റസൂലാണ് എന്നത് നിങ്ങൾ സാക്ഷ്യംവഹിക്കുന്നവരാണോ?" അവർ പറഞ്ഞു: "മുസയ്‌ലിമ അല്ലാഹുവിന്റെ റസൂലാണെന്ന്

**ഥൗബാനി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'എന്റെ സമുദായത്തിൽ നിന്ന് ചില വിഭാഗക്കാർ ബഹുദൈവാരാധകരോട് ചേരുന്നതുവരെയും എന്റെ സമുദായത്തിൽനിന്ന് ചില വിഭാഗക്കാർ വിഗ്രഹങ്ങളെ ആരാധിക്കുന്നതുവരെയും ഞാൻ നബിയാണെന്ന് വാദിക്കുന്ന മുപ്പത് പെരുംകള്ളന്മാർ എന്റെ സമുദായത്തിൽനിന്നും ഉണ്ടാകുന്നതുവരെയും അന്ത്യദിനം സംഭവിക്കുന്നതല്ല. ഞാൻ പ്രവാചകന്മാരിൽ അന്തിമനാകുന്നു. എനിക്ക് ശേഷം നബിയില്ല'' (അബൂദാവൂദ്).**

ഞങ്ങൾ സാക്ഷ്യംവഹിക്കുന്നു.' അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നവനാകുന്നു. ഞാൻ ദൂതന്മാരെ വധിക്കുന്നവനായിരുന്നെങ്കിൽ നിങ്ങളെ ഇരുവരെയും ഞാൻ വധിക്കുകതന്നെ ചെയ്യുമായിരുന്നു" (സീറതുന്നബവിയ്യ, ഇബ്നു കഥീർ).

ഹിജ്‌റ പത്താം വർഷത്തിലായിരുന്നു ഇയാളുടെ പ്രവാചകത്വം വാദിച്ചുള്ള രംഗപ്രവേശനം. അബൂബക്‌റി(റ)ന്റെ ഭരണകാലത്ത് അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ പ്രവചനം പുലരുകയുണ്ടായി. ഹിജ്‌റ പന്ത്രണ്ടാം വർഷത്തിൽ അബൂബക്‌റി(റ)ന്റെ ഭരണകാലത്ത് യമാമക്കാരുമായുണ്ടായ യുദ്ധത്തിൽ അവൻ കൊല്ലപ്പെടുകയും ചെയ്തു. വഹ്ശി(റ) ആയിരുന്നു അയാളെ വധിച്ചത്.

ഉഹ്ദ് യുദ്ധത്തിൽ നബി(സ്വ)യുടെ പിതൃവ്യൻ ഹംസ(റ)യെ ചാട്ടുളികൊണ്ട് വധിച്ചത് വഹ്ശിയായിരുന്നല്ലോ. വഹ്ശി പിന്നീട് ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം തത്തുല്ല്യമായ ഒരു പ്രതികാരം ചെയ്ത് അതിന് പ്രായശ്ചിത്തം നൽകുമെന്ന് അദ്ദേഹം തീരുമാനിച്ചിരുന്നു. ഏറ്റവുംനല്ല മനുഷ്യനെ കൊന്നതിന് ഏറ്റവും ദുഷ്ടനായ ഒരാളെ കല്ലാൻ അവസരം ആഗ്രഹിച്ച ആളായിരുന്നു വഹ്ശി(റ). യമാമ യുദ്ധത്തിൽ മുസയ്‌ലിമയുടെ തലയറുത്തെടുത്തു എന്നതാണ് ചരിത്രം. അതെ, നബി(സ്വ) മുമ്പ് നടത്തിയ പ്രവചനം സത്യമാകുകയും ചെയ്തു. അസ്‌വദുൽ അനസി നബി(സ്വ)യുടെ കാലത്തും മുസയ്‌ലിമ അബൂബക്‌റി(റ)ന്റെ കാലത്തും കൊല്ലപ്പെട്ടു. നബി(സ്വ) കണ്ട ആ രണ്ട് വളകളും പാറിപ്പോയി. കള്ളപ്രവാചകന്മാരുടെ രംഗപ്രവേശത്തെ സംബന്ധിച്ച് നബി(സ്വ) നമുക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്:

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "... മുപ്പതോളം വരുന്ന പെരുംനുണയന്മാരും വ്യാജന്മാരുമായവർ അയക്കപ്പെടുന്നതുവരെ അന്ത്യസമയം വരുന്നതല്ല. അവർ എല്ലാവരും അല്ലാഹുവിന്റെ റസൂലാണെന്ന് വാദിക്കുകയും ചെയ്യുന്നതാണ്" (ബുഖാരി).

ഥൗബാനി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'എന്റെ സമുദായത്തിൽ നിന്ന് ചില വിഭാഗക്കാർ ബഹുദൈവാരാധകരോട് ചേരുന്നതുവരെയും എന്റെ സമുദായത്തിൽനിന്ന് ചില വിഭാഗക്കാർ വിഗ്രഹങ്ങളെ ആരാധിക്കുന്നതുവരെയും ഞാൻ നബിയാണെന്ന് വാദിക്കുന്ന മുപ്പത് പെരുംകള്ളന്മാർ എന്റെ സമുദായത്തിൽനിന്നും ഉണ്ടാകുന്നതുവരെയും അന്ത്യദിനം സംഭവിക്കുന്നതല്ല. ഞാൻ പ്രവാചകന്മാരിൽ അന്തിമനാകുന്നു. എനിക്ക് ശേഷം നബിയില്ല" (അബൂദാവൂദ്).

മുഹമ്മദ് നബി(സ്വ) അന്ത്യപ്രവാചകനാണ്. എന്നാൽ ഈ ഉമ്മത്തിൽനിന്ന് വ്യാജന്മാരായ നബിമാർ രംഗത്ത് വരുന്നതാണെന്ന് നബി(സ്വ) മുന്നറിയിപ്പ് നൽകുമ്പോൾ ചില കാര്യങ്ങൾ മാനസ്സിലാക്കേണ്ടതുണ്ട്. നബി(സ്വ)യുടെ പ്രവചനം സത്യമാകും. ഇത്തരത്തിലുള്ള കള്ളന്മാർ വന്ന് പ്രവാ

ചകത്വം വാദിക്കുമ്പോൾ അവരിൽ വിശ്വസിക്കാൻ പാടില്ല. മുഹമ്മദ് നബി(സ്വ) അവസാനത്തെ നബിയാണെന്ന വിശ്വാസം പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ കാതലായ ഭാഗമാണ്. സ്വഹാബിമാരുടെ കാലത്ത് കള്ളപ്രവാചകന്മാർ രംഗത്ത് വന്നപ്പോൾ അവർ എടുത്ത സമീപനം നാം ശ്രദ്ധിക്കേണ്ടതുണ്ട്. കള്ളപ്രവാചകന്മാർ നിരത്തുന്ന വ്യാജ തെളിവുകൾ സത്യമാണോ അല്ലയോ എന്ന് അവർ പരിശോധിച്ചില്ല. കാരണം നബി (സ്വ) അന്തിമദൂതനാകുന്നു എന്ന അടിസ്ഥാനവിശ്വാസത്തെ തകർക്കുന്നതാണ് അത്. ഇതേ സമീപനമാണ് നമ്മളും സ്വീകരിക്കേണ്ടത്. വ്യാജവാദി എന്ത് കാണിച്ചാലും അതൊന്നുംതന്നെ അയാൾ നബിയാണെന്ന് വിശ്വസിക്കാൻ കാരണമല്ല. അങ്ങനെ വിശ്വസിക്കുന്നവർ ഇസ്‌ലാമിൽനിന്നും പുറത്തുപോകുന്നതാണ്.

നബി(സ്വ)യുടെ പ്രവചനംപോലെ ധാരാളം ആണുങ്ങളും പെണ്ണുങ്ങളുമെല്ലാം നുബുവ്വത്ത് വാദിച്ച് രംഗത്തുവന്നതായി നമുക്ക് ചരിത്രത്തിൽ കാണാൻ സാധിക്കും. പലരും പിന്നീട് അവരുടെ വാദത്തിൽനിന്ന് പിന്മാറി ഇസ്‌ലാം സ്വീകരിച്ചവരാണ്. പലരും കാഫിറായിട്ട് തന്നെയാണ് മരണപ്പെടുകയുണ്ടായത്. അക്കൂട്ടത്തിൽ ഒരാളാണ് ഇന്ത്യയിൽ മുളപൊട്ടിയ മിർസാഗുലാം അഹ്മദ് ഖാദിയാനി. പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ലയിലെ ബട്ടാല താലൂക്കിൽ പെട്ട ഖാദിയാൻ ഗ്രാമത്തിൽ മിർസാഗുലാം മുർതസയുടെയും ചിറാഗ് ബീവിയുടെയും മകനായി 1835ൽ ജനിച്ചു. ഇയാളുടെ അനുയായികളാണ് ഇന്ന് ഖാദിയാനികളെന്നും അഹ്മദിയ്യാക്കളെന്നുമൊക്കെ അറിയപ്പെടുന്നത്.

ഈസാ(അ) മരണപ്പെട്ടിട്ടുണ്ട് എന്നതായിരുന്നു അയാളുടെ ആദ്യവെടി. അവസാനകാലത്ത് വരാനിരിക്കുന്ന മസീഹ് (മിശിഹ) താനാണെന്ന് വരുത്തിത്തീർക്കാനായിരുന്നു ടിയാൻ ഇപ്രകാരം

**അയാൾക്ക് ഉണ്ടായിരുന്ന രോഗത്തെപോലും താൻ നബിയാണെന്നതിന് തെളിവായി വ്യാഖ്യാനിച്ചിരുന്നു! അപസ്മാരവും മൂത്രവാർച്ചയുമായിരുന്നു അസുഖങ്ങൾ. ഈസാ(അ) ദമസ്കസിലെ പള്ളി മിനാരത്തിൽ ഇറങ്ങുന്ന സമയത്ത് രണ്ട് മഞ്ഞപ്പുതപ്പ് അണിഞ്ഞിട്ടുണ്ടാകുമെന്ന് പറഞ്ഞത് അയാളുടെ രണ്ട് രോഗമാണ് സൂചിപ്പിക്കുന്നത് എന്നതായിരുന്നു ടിയാന്റെ കണ്ടെത്തൽ. അതിനാൽ രോഗം ചികിത്സിച്ച് സുഖപ്പെടുത്താൻ അയാൾ സമ്മതിക്കാറില്ലായിരുന്നു.**

തട്ടിയത്. അയാളുടെ അത്ഭുതമായി പറയുന്നത് ചെറുപ്പം മുതൽക്കേ ചില രോഗങ്ങളുണ്ടായിരുന്നു എന്നതാണ്. അപസ്മാര രോഗിയായിരുന്നു അയാൾ. ഇടക്കിടെ ബോധരഹിതനായി വീഴാറുണ്ടായിരുന്നു. ഓർമശക്തി വളരെ കുറവായിരുന്നു. കാലിൽ സോക്സ് ധരിക്കുമ്പോൾ പോലും മുന്നും പിന്നും ശ്രദ്ധിക്കാതെ ഇടാറുണ്ടായിരുന്നു എന്നുവരെ ചരിത്രം പറയുന്നു. ഷൂ ധരിക്കുമ്പോൾ ഇടതും വലതും തിരിയാതെ മാറി ധരിക്കും. ചെറുപ്പം മുതൽതന്നെ വീട്ടിൽവെച്ച് ചെറിയ മോഷണം നടത്താറുണ്ടായിരുന്നു. ഒരു ദിവസം വീട്ടിൽനിന്ന് ഒരു സാധനം എടുക്കാൻ ആരോ നിർദേശിച്ചപ്പോൾ പഞ്ചസാരയാണെന്ന് വിചാരിച്ച് ഉപ്പ് വാരി കീശയിലിട്ട് വരികയും പഞ്ചസാരയാണെന്ന് വിചാരിച്ച് അത് കഴിക്കുകയും ചെയ്തു.

അയാൾക്ക് ഉണ്ടായിരുന്ന രോഗത്തെപോലും താൻ നബിയാണെന്നതിന് തെളിവായി വ്യാഖ്യാനിച്ചിരുന്നു! അപസ്മാരവും മൂത്രവാർച്ചയുമായിരുന്നു അസുഖങ്ങൾ. ഈസാ(അ) ദമസ്കസിലെ പള്ളി മിനാരത്തിൽ ഇറങ്ങുന്ന സമയത്ത് രണ്ട് മഞ്ഞപ്പുതപ്പ് അണിഞ്ഞിട്ടുണ്ടാകുമെന്ന് പറഞ്ഞത് അയാളുടെ രണ്ട് രോഗമാണ് സൂചിപ്പിക്കുന്നത് എന്നതായിരുന്നു ടിയാന്റെ കണ്ടെത്തൽ. അതിനാൽ രോഗം ചികിത്സിച്ച് സുഖപ്പെടുത്താൻ അയാൾ സമ്മതിക്കാറില്ലായിരുന്നു. ഇപ്രകാരമെല്ലാമുള്ള വഷളത്തരങ്ങൾ തട്ടിവിട്ടിട്ടും കൂടെക്കൂടാൻ ആളുകളുണ്ട്.



അപ്പോൾ അയാളെ പറ്റി പഠിക്കാനും തെളിവുകൾ പരതാനും നാം പോകേണ്ടതില്ല. മുഹമ്മദ് നബി (സ്വ)ക്ക് ശേഷം പ്രവാചകത്വം വാദിക്കുന്നവർ എല്ലാവരും വ്യാജന്മാരാണെന്നതാണ് നമ്മുടെ വിശ്വസം. ഇവർ കാഫിറുകളാണെന്നാണ് ഇസ്‌ലാമിക ലോകത്തിന്റെ തീരുമാനം. ഇസ്‌ലാമിലെ ഒരു അവാന്തരവിഭാഗമായി പോലും അവരെ പരിഗണിച്ചുകൂടാ. മുഹമ്മദ് നബി (സ്വ)യുടെ പ്രത്യേകതയായി അല്ലാഹുതന്നെ അറിയിച്ചത് കാണുക:

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ (ഖാതമുന്നബിയ്യീൻ) ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ഖുർആൻ 33:40).

'ഖാതമുന്നബിയ്യീൻ' എന്ന് പറഞ്ഞാൽ നബിമാരിൽ അവസാനത്തെയാൾ എന്നാണ് അർഥം. 'ഖാതം' എന്ന് പദത്തിന് 'മുദ്ര' എന്നും അർഥമുണ്ട്. ഒരു പേപ്പറിൽ എല്ലാം എഴുതി മുദ്രവെക്കപ്പെട്ടാൽ പിന്നെ അതിൽ മാറ്റമില്ലല്ലോ. അതെ, നബി(സ്വ)യോടെ നുബുവ്വത്തിന് മുദ്ര വെക്കപ്പെട്ടു. ഇനി ഒരാളും നുബുവ്വത്ത് വാദിച്ച് വരാനില്ല. എന്നാൽ ഖാദിയാനികൾ 'നബിമാരിൽ ശ്രേഷ്ഠൻ' എന്ന അർഥമാണ് നൽകുന്നത്. ഈ അർഥം കൽപിക്കുവാൻ ഭാഷയിലോ മറ്റോ യാതൊരു രേഖയും തന്നെയില്ല.

**'ഖാതമുന്നബിയ്യീൻ' എന്ന് പറഞ്ഞാൽ നബിമാരിൽ അവസാനത്തെയാൾ എന്നാണ് അർഥം. 'ഖാതം' എന്ന് പദത്തിന് 'മുദ്ര' എന്നും അർഥമുണ്ട്. ഒരു പേപ്പറിൽ എല്ലാം എഴുതി മുദ്രവെക്കപ്പെട്ടാൽ പിന്നെ അതിൽ മാറ്റമില്ലല്ലോ. അതെ, നബി(സ്വ)യോടെ നുബുവ്വത്തിന് മുദ്ര വെക്കപ്പെട്ടു. ഇനി ഒരാളും നുബുവ്വത്ത് വാദിച്ച് വരാനില്ല. എന്നാൽ ഖാദിയാനികൾ 'നബിമാരിൽ ശ്രേഷ്ഠൻ' എന്ന അർഥമാണ് നൽകുന്നത്. ഈ അർഥം കൽപിക്കുവാൻ ഭാഷയിലോ മറ്റോ യാതൊരു രേഖയും തന്നെയില്ല.**



നബി(സ്വ)ക്ക് ശേഷം പ്രവാചകത്വം വാദിക്കാതെ അല്ലാഹുവുമായി നേരിട്ട് തങ്ങൾക്ക് ബന്ധമുണ്ടെന്നും പുതിയ അറിവുകൾ അല്ലാഹു തങ്ങൾക്ക് നേരിട്ട് കൈമാറുന്നുണ്ടെന്നും ചില ത്വരീഖത്ത് വാദികളും ഇക്കാലത്ത് പ്രചരിപ്പിക്കുന്നുണ്ട്. അവരും വ്യാജന്മാർ തന്നെ. ഇത്തരത്തിൽ ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അവർ പറയുന്ന പുതിയ അറിവിന്റെ ഉറവിടം എവിടെയാണെന്ന് കാണുക:

"(നബിയേ, പറയുക:) ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? പെരും നുണയൻമാരും പാപികളുമായ എല്ലാവരുടെ മേലും അവർ (പിശാചുക്കൾ) ഇറങ്ങുന്നു" (ഖുർആൻ 26:221,222).

'വഹ്‌യ്' (ദിവ്യബോധനം) എന്ന് പറയുന്നില്ലെങ്കിലും അല്ലാഹുവിൽനിന്ന് തങ്ങൾക്ക് നേരിട്ട് കാര്യങ്ങൾ നൽകപ്പെടുന്നുണ്ടെന്ന് പറയുന്നവർ എല്ലാവരും പാപികളും കള്ളന്മാരുമാകുന്നു. പിശാചുക്കളാകുന്നു അവരിൽ ഇറങ്ങുന്നത്. മഹാനായ ശൈഖ് മുഹമ്മദ് അബ്ദുൽ ഖാദിർ ജീലാനി(റ)യെ പറ്റി ചിലർ പ്രചരിപ്പിക്കുന്നത് നോക്കൂ:

'ചൊല്ലീല ഞാനൊന്നും എന്നോട് ചൊല്ലാതെ
ചൊല്ല് നീ എന്റെ അമാനിൽ അതെന്നോവർ'

മുഹമ്മദ് നബി(സ്വ)ക്ക് ശേഷമാണല്ലോ ശൈഖിന്റെ ജനനം. നബി(സ്വ)യുടെ വഫാതിലൂടെ വഹ്‌യ് നിന്നു എന്നതാണ് സ്വഹാബിമാർ വിശ്വസിച്ചത്. അതു തന്നെയാണ് അഹ്‌ലുസ്സുന്നയുടെ വിശ്വാസവും. എന്നാൽ ശൈഖ് അല്ലാഹുവിന്റെ കൽപന പ്രകാരമാണ് സംസാരിച്ചിരുന്നതെന്നും അതിന് അല്ലാഹുവിന്റെ കാവൽ ശൈഖിന് ഉണ്ടായിരുന്നു എന്നെല്ലാമാണ് ഇത്തരക്കാർ സമൂഹത്തിൽ പ്രചരിപ്പിക്കുന്നത്.

**(അടുത്ത ലക്കത്തിൽ: നബി (സ്വ)യുടെ വിവാഹങ്ങൾ)**




**പ്രവാചകൻ(സ്വ) വിവാഹിതരായ വർക്ക് നൽകിയ ആദ്യ ഉപദേശം വിവാഹം കഴിഞ്ഞയുടൻ ചുരുങ്ങിയത് ഏഴു ദിവസമെ ങ്കിലും പരസ്പരം പിരിയാതെ കഴിച്ചുകൂട്ടുക എന്നതാണല്ലോ. നാം മധുവിധു എന്ന് പറയാ റുള്ള ഈ കാലഘട്ടം വിവാഹ ജീവിതത്തിലെ ഏറെ പ്രാധാന്യ മുള്ള ഘട്ടമാണ്. പരസ്പരമു ള്ള എല്ലാ ഇഷ്ടാനിഷ്ടങ്ങളും തിരിച്ചറിഞ്ഞ് അവയ്ക്കനുസ രിച്ച് ഭാവിജീവിതം ക്രമപ്പെടു ത്താനുള്ള റിഹേഴ്സൽ! എത്ര സുന്ദരവും പ്രായോഗികവുമായ മാർഗ നിർദേശം!**

# ലൈംഗികത: അറിയേണ്ട ചില വസ്തുതകൾ

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

ഫാമിലി കൗൺസലറുടെ മുന്നിലിരിക്കുന്ന യുവാവ് വല്ലാതെ പരിക്ഷീണിതനാണ്. മൂന്നാമത്തെ സിറ്റിംഗാണ്. വിവാഹമോചനം വേണമെന്ന കാര്യത്തിൽ പെൺകുട്ടി ഉറച്ചുനിൽക്കുകയാണ്. ആദ്യമൊക്കെ അവൾ പറയാൻ മടിച്ചിരുന്ന കാര്യം രണ്ട് സിറ്റിംഗ് ആയപ്പോഴേക്ക് തുറന്നു പറഞ്ഞു.

പ്രശ്നത്തിന്റെ മർമം ഇതായിരുന്നു: അവൾ വിദേശത്ത് മാതാപിതാക്കൾക്കൊപ്പമാണ് വളർന്നത്. ഫ്ളാറ്റ് ജീവിതം. അടച്ചിട്ട നാല് ചുമരുകൾക്കുള്ളിൽ ശ്വാസം തിങ്ങിപ്പോകാതിരിക്കാൻ ജോലിക്കാരായ ഉമ്മയും ഉപ്പയും പരമാവധി ശ്രദ്ധിച്ചിരുന്നു.

മതകാര്യങ്ങളിൽ നിഷ്ഠ പുലർത്തുന്ന കുടുംബം. എങ്കിലും സാധ്യമായതും പരിധികൾ ലംഘിക്കാത്തതുമായ എല്ലാ ആസ്വാദനങ്ങളും സന്തോഷങ്ങളും മക്കൾക്ക് നൽകുന്നതിൽ അവർ ശ്രദ്ധ പുലർത്തിയിരുന്നു. വീടിനുള്ളിൽ തികഞ്ഞ സൗഹൃദാന്തരീക്ഷം പുലർത്തി. എന്തും തുറന്നുപറയാനുള്ള സാഹചര്യം മക്കൾക്കും മാതാപിതാക്കൾക്കുമിടയിൽ ഉണ്ടായിരുന്നു.

മൂത്ത മകൾ ഹയർ സെക്കന്ററി പൂർത്തിയാക്കി, നാട്ടിൽ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കെയാണ് വിവാഹം. വരൻ നല്ല ഇസ്‌ലാമിക അന്തരീക്ഷമുള്ള കുടുംബത്തിലെ അംഗം. പഠനം കഴിഞ്ഞ് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. എല്ലാ നിലയ്ക്കും യോജിച്ച ബന്ധം. അന്വേഷണങ്ങൾ പെട്ടെന്ന് പൂർത്തിയായി. വിവാഹവും വേഗത്തിൽ നടന്നു. എന്നാൽ മൂന്ന് മാസം കഴിഞ്ഞപ്പോഴേക്കുമാണ് വിവാഹമോചനം വേണമെന്ന ആവശ്യവുമായി കൗൺസലറെ സമീപിച്ചിരിക്കുന്നത്!

പെൺകുട്ടി തുറന്നു പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിന് തന്നെ സന്തോഷിപ്പിക്കാനറിയുന്നില്ല എ ന്നാണ്! ഒട്ടേറെ ബന്ധങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രതിസന്ധി! എന്താണ് പ്രശ്നത്തിന്റെ കാരണം? എവിടെയാണ് പരിഹാരം?

ലൈംഗികത ഒരു പാപമല്ലെന്നും മറിച്ച് ഒരു പുണ്യകർമവും കുടുംബ ജീവിതത്തെ ബലപ്പെടുത്തി കൊണ്ടുപോകുന്നതിലെ സുപ്രധാന ഘടകമാണെന്നും തിരിച്ചറിയുന്നതിൽ ആണും പെണ്ണും പരാജയപ്പെട്ടുപോകുന്ന എത്രയോ ഉദാഹരണങ്ങൾ നമുക്ക് കാണാനാകും.

*പുരുഷൻമാരോട്:* ലൈംഗികത തന്നെയാണ് കുടുംബ ജീവിതത്തിന്റെ സംതൃപ്തിയുടെ ആണിക്കല്ല്. പല കാരണങ്ങളാൽ ശരിയായ ലൈംഗിക വിജ്ഞാനം ലഭ്യമാകാതെ പോകുന്നവരാണ് നാം, വിശിഷ്യാ മതനിഷ്ഠയുള്ള കുടുംബത്തിലെ കുട്ടികൾ. അറിഞ്ഞ വിവരങ്ങൾ പലപ്പോഴും തെറ്റായ സ്രോതസ്സിൽനിന്നാകാനും സാധ്യതയുണ്ട്. അതിനാൽ ലൈംഗികത അറിയേണ്ട കാര്യമാണെന്നും ശരിയായ ലൈംഗിക വിദ്യാഭ്യാസം

നേടുന്നതിൽ തെറ്റില്ലെന്നും തിരിച്ചറിയുക. അറിവില്ലാത്ത കാര്യം അറിയുന്നവരോട് ചോദിക്കാമെന്നാണല്ലോ. അതുകൊണ്ട് തനിക്ക് ഏറ്റവും കംഫർട്ട്ബ്ൾ ആയ ഒരാളെ കണ്ട് അത്തരം വിഷയത്തിൽ ചർച്ചകൾ നടത്തുന്നത് അനിവാര്യമാണ്.

വിവാഹിതരാവുന്ന ആൺകുട്ടികൾക്ക് അൽപം ഉള്ളുതുറന്ന് സംസാരിക്കാവുന്ന അവസരങ്ങളൊരുക്കുന്നതിൽ മാതാപിതാക്കളോ, മതനേതൃത്വമോ, മുതിർന്ന സുഹൃത്തുക്കളോ മുൻകൈയെടുക്കൽ നല്ലതാണ്.

തെറ്റായ വിവരങ്ങളുടെ ആധിക്യവും ശരിയായ ധാരണകളുടെ അഭാവവുമാണ് ഈ രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധി. അതിനാൽ ചില സ്വയം തിരിച്ചറിവുകളിലേക്ക് നാം ബോധപൂർവം എത്തേണ്ടി യിരിക്കുന്നു.

ആത്മവിശ്വാസം അതിപ്രധാനമാണ്. ലൈംഗികതയുമായി ബന്ധപ്പെട്ട എല്ലാം തെറ്റാണെന്ന് മനസ്സിൽ പതിഞ്ഞ കുട്ടിക്കാലമുള്ള ഒരാൾക്ക് വിവാഹശേഷമുള്ള ലൈംഗിക ജീവിതത്തിൽ വിജയിക്കുക എളുപ്പമല്ല. അതിനാൽ നെല്ലും പതിരും വേർതിരിക്കുന്നതിൽ സമൂഹത്തിൽ ഇടപെടുന്നവർക്ക്, വിശിഷ്യാ മതോപദേശം നടത്തുന്നവർക്ക് ഗണ്യമായ പങ്ക് നിർവഹിക്കാനുണ്ട്.

ഏതൊരു പുരുഷനും ഒരു സ്ത്രീയെ സംതൃപ്തിപ്പെടുത്താനുള്ള കഴിവ് ദൈവം നൽകിയിട്ടുണ്ട് എന്ന തിരിച്ചറിവാണ് ആത്മവിശ്വാസത്തിന്റെ ആദ്യപടി. ലൈംഗികതയും ഒരു കലയാണ് എന്ന് തിരിച്ചറിയുക. ലോകത്തെ ഓരോ സൃഷ്ടിയും മറ്റൊന്നിൽനിന്ന് വ്യത്യസ്തമാണ് എന്നറിയുന്ന നമ്മൾ ലൈംഗികതയുടെ കാര്യത്തിലും നമ്മുടെ ഇണ അതുല്യയാണെന്നും അവളുടെ ഇഷ്ടത്തെ തിരിച്ചറിയാൻ തനിക്കാവുന്നതിലൂടെ താൻ വിജയിക്കുമെന്നും മനസ്സിലാക്കുക.

പ്രവാചകൻ(സ്വ) വിവാഹിതരായവർക്ക് നൽകിയ ആദ്യ ഉപദേശം വിവാഹം കഴിഞ്ഞയുടൻ ചുരുങ്ങിയത് ഏഴു ദിവസമെങ്കിലും പരസ്പരം പിരിയാതെ കഴിച്ചുകൂട്ടുക എന്നതാണല്ലോ. നാം മധുവിധു എന്ന് പറയാറുള്ള ഈ കാലഘട്ടം വിവാഹ ജീവിതത്തിലെ ഏറെ പ്രാധാന്യമുള്ള ഘട്ടമാണ്. പരസ്പരമുള്ള എല്ലാ ഇഷ്ടാനിഷ്ടങ്ങളും തിരിച്ചറിഞ്ഞ് അവയ്ക്കനുസരിച്ച് ഭാവിജീവിതം ക്രമപ്പെടുത്താനുള്ള റിഹേഴ്സൽ! എത്ര സുന്ദരവും പ്രായോഗികവുമായ മാർഗ നിർദേശം!

ഇണയുമായി സല്ലപിക്കുന്നതും അവൾക്ക് ചുംബനം നൽകുന്നതും സാധ്യമായ രീതികളെല്ലാം ഉപയോഗപ്പെടുത്തി ലൈംഗിക സംതൃപ്തി വരുത്തുന്നതും മതത്തിൽ പുണ്യകരമാണെന്ന അറിവ് ഏറ്റവും അടിസ്ഥാനപരമാണ്. ഈ അർഥത്തിൽ വിവാഹജീവിതത്തെ സമീപിച്ചാൽ വിജയം തനിയെ വരുമെന്നതിൽ തർക്കമില്ല. ■




# ആരാധനകൾ രഹസ്യമാകട്ടെ

സമീർ മുണ്ടേരി

ഈ നോമ്പുകാലത്താണ് അവരെക്കുറിച്ച് കേട്ടത്; നോമ്പുതുറക്കാനുള്ള വിഭവങ്ങളും വെള്ളവും ആവശ്യക്കാരിലേക്ക് എത്തിച്ച് അവർക്ക് മുഖം കൊടുക്കാതെ ഓടിപ്പോകുന്ന സഹോദരങ്ങളെക്കുറിച്ച്. എന്റെ മുഖം അവർ കാണരുത്. ഈ നന്മ സ്വകാര്യമായിരിക്കട്ടെ എന്നാണാവർ ചിന്തിക്കുന്നത്!

അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചാണ് നാം ജീവിക്കുന്നത്. നമ്മുടെ സ്വകാര്യജീവിതവും പരസ്യജീവിതവും അല്ലാഹുവിനെ സൂക്ഷിച്ചായിരിക്കണം. നമ്മുടെ പ്രവർത്തനങ്ങളെല്ലാം അല്ലാഹുവിന് വേണ്ടിയായിരിക്കണം. പ്രവർത്തനങ്ങൾ ആരെങ്കിലും അറിയാനോ, കാണാനോ വേണ്ടിയാവരുത്.

ആത്മാർഥതയുള്ള ഒരാളുടെ അടയാളമാണ് അയാളുടെ പ്രവർത്തനങ്ങൾ രഹസ്യമാക്കുക എന്നത്. പരസ്യമായി ചെയ്യേണ്ട ആരാധനകൾ ഉണ്ട്. ജമാഅത്ത് നമസ്കാരം, ഹജ്ജ് അങ്ങനെയുള്ളവ...എന്നാൽ രഹസ്യമായി ചെയ്യാൻ സാധിക്കുന്ന ധാരാളം ആരാധനകൾ നമുക്കുണ്ട്. അത്തരം ആരാധനകളെ രഹസ്യമാക്കിയവരായിരുന്നു നമ്മുടെ മുൻഗാമികൾ.

ചിലപ്പോൾ മറ്റുള്ളവർ പഠിക്കാനും അവർക്ക് പ്രചോദനം ലഭിക്കാനും  മറ്റുമായി പരസ്യമായി അമലുകൾ ചെയ്യുന്നവരുണ്ട്. മറ്റുള്ളവർ കാണുക എന്നതല്ല; അവർ പഠിക്കണം, അവരും ഈ രംഗത്ത് മുന്നോട്ടുവരണം എന്ന ലക്ഷ്യമാണ് അത്തരത്തിലുള്ള ആളുകൾക്കുള്ളത്. അത് തെറ്റാണെന്ന് നമുക്ക് പറയാൻ സാധ്യമല്ല.

നാമൊന്ന് ചിന്തിക്കുക; നമ്മുടെ പ്രവർത്തനങ്ങളെ നാം വിലയിരുത്തിയാൽ എന്തായിരിക്കും അവസ്ഥ? അല്ലാഹുവല്ലാതെ മറ്റാരും അറിയാത്ത നന്മകൾ നമുക്കുണ്ടോ? ഒരുപക്ഷേ, നമ്മളിൽ പലർക്കും അല്ലാഹുവല്ലാത്ത മറ്റാരും അറിയാത്ത ഒരുപാട് തിന്മകൾ എണ്ണിപ്പറയാൻ ഉണ്ടാകും. എന്നാൽ നന്മകളോ?  ഇബ്നുൽ ക്വയ്യിം (റഹി) പറഞ്ഞു: 'രഹസ്യമായ ഇബാദത്ത് സ്ഥൈര്യത്തിന്റെ അടിത്തറയാണ്.'

**രാത്രി നമസ്കാരം**

രഹസ്യമായി നിർവഹിക്കാൻ സാധിക്കുന്ന ഒരു സൽകർമമാണ് രാത്രിനമസ്കാരം. റമദാനിൽ ജമാഅത്തായി നിർവഹിച്ചാൽ രാത്രി മുഴുവനും നമസ്കരിച്ച പ്രതിഫലമുണ്ട് എന്നുള്ളത് വിസ്മരിക്കുന്നില്ല. അത് നഷ്ടപ്പെടാതിരിക്കാൻ സാധിക്കുന്നവർ ശ്രമിക്കേണ്ടതുണ്ട്. എന്നാൽ മറ്റു സമയങ്ങളിൽ ഈ ഇബാദത്ത് അല്ലാഹു മാത്രം അറിയുന്ന പ്രവർത്തനമാക്കി മാറ്റാൻ സാധിക്കും. ലോകത്താരും അറിയാതെ അല്ലാഹു മാത്രം അറിയുന്ന ചില ഇബാദത്തുകളെങ്കിലും എനിക്ക് വേണം എന്ന് തീരുമാനിക്കുക.

**ദാനധർമം**

നമുക്ക് മറ്റാരും അറിയാതെ ചെയ്യാൻ സാധിക്കുന്ന നന്മയാണ് സ്വദക്വ അഥവാ ദാനധർമം. ഇസ്‌ലാമിക ചരിത്രം പരിശോധിച്ചാൽ അത്തരത്തിലുള്ള ധാരാളം സംഭവങ്ങൾ നമുക്ക് കാണാൻ സാധിക്കും.

ഹുസൈൻ(റ)വിന്റെ മയ്യിത്ത് കുളിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ തോളിൽ ഭാരം ചുമന്നതിന്റെ അടയാളങ്ങൾ കാണാൻ സാധിച്ചു. അദ്ദേഹത്തിന്റെ മരണശേഷം പല വീടുകളിലും ലഭിച്ചിരുന്ന ഭക്ഷണ സാധനങ്ങൾ ലഭിക്കാതെയായപ്പോഴാണ് അദ്ദേഹമാണ് ആ നന്മ ചെയ്തത് എന്ന് ജനങ്ങൾ മനസ്സിലാക്കിയത്!

അബൂബക്ർ(റ) ഒരു വൃദ്ധയുടെ വീട്ടിലെ ജോലികൾ ചെയ്തത് ചരിത്രത്തിൽ കാണാം. മഹാനായ ഉമർ(റ)വാണ് പിൽകാലത്ത് ഈ സംഭവം ഉദ്ധരിക്കുന്നത്. അബൂബക്ർ(റ)വിനെ അദ്ദേഹം കാണാതെ പിന്തുടർന്ന് മനസ്സിലാക്കിയ കാര്യമാണിത്.

**ക്വുർആൻ പാരായണം, ദിക്റുകൾ**

മുൻഗാമികളിൽപെട്ട പലരും തങ്ങൾ ക്വുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും വന്നാൽ ക്വുർആൻ മറച്ചുവെക്കുമായിരുന്നു. താൻ പാരായണം ചെയ്യുന്നത് രഹസ്യമാക്കാൻ അവർ ആഗ്രഹിച്ചു. നമുക്കും ധാരാളം ദിക്റുകളും ദുആകളും രഹസ്യമായി ചെയ്യാൻ ശ്രമിക്കാം.

**സുന്നത്ത് നമസ്കാരങ്ങൾ**

സുന്നത്ത് നമസ്കാരങ്ങൾ വീട്ടിൽവെച്ച് നിർവഹിക്കലാണ് കൂടുതൽ ഉത്തമം. റവാതിബ് സുന്നത്തും രാത്രി നമസ്കാരവും അടക്കം ധാരാളം സുന്നത്ത് നമസ്കാരങ്ങൾ നമ്മുടെ വീട്ടിൽവെച്ച് രഹസ്യമായി നിർവഹിക്കാൻ അവസരമുണ്ട്.

ഇങ്ങനെ ധാരാളം ആരാധനകൾ രഹസ്യമായി ചെയ്യാൻ നമുക്കുള്ള അവസരങ്ങളെ ഉപയോഗപ്പെടുത്തുക. ചെയ്യുന്ന സൽകർമങ്ങൾ മറ്റുള്ളവർ കാണാൻ വേണ്ടി പരസ്യപ്പെടുത്താതിരിക്കുക.

മറ്റുള്ളവരെ  സഹായിക്കുന്ന വാർത്തകൾ നൽകുമ്പോൾ വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കുക. വെള്ളം കൊടുക്കുന്നതും ഭക്ഷണം കൊടുക്കുന്നതും വീട്ടുപകരണങ്ങൾ നൽകുന്നതും മറ്റും പരസ്യമാക്കി നമ്മുടെ നന്മകൾ നശിപ്പിക്കാതിരിക്കുക. ഫോട്ടോകളും മറ്റും ആവശ്യമുണ്ടെങ്കിൽ അത്തരം സാഹചര്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുക. ഈലോകത്ത് നാം അറിയപ്പെട്ടില്ലെങ്കിലും പരലോകത്ത് അറിയപ്പെടാനാണ് നാം ആഗ്രഹിക്കേണ്ടത്.

**രഹസ്യമായി നിർവഹിക്കാൻ സാധിക്കുന്ന ഒരു സൽകർമമാണ് രാത്രിനമസ്കാരം. റമദാനിൽ ജമാഅത്തായി നിർവഹിച്ചാൽ രാത്രി മുഴുവനും നമസ്കരിച്ച പ്രതിഫലമുണ്ട് എന്നുള്ളത് വിസ്മരിക്കുന്നില്ല. അത് നഷ്ടപ്പെടാതിരിക്കാൻ സാധിക്കുന്നവർ ശ്രമിക്കേണ്ടതുണ്ട്. എന്നാൽ മറ്റു സമയങ്ങളിൽ ഈ ഇബാദത്ത് അല്ലാഹു മാത്രം അറിയുന്ന പ്രവർത്തനമാക്കി മാറ്റാൻ സാധിക്കും. ലോകത്താരും അറിയാതെ അല്ലാഹു മാത്രം അറിയുന്ന ചില ഇബാദത്തുകളെങ്കിലും എനിക്ക് വേണം എന്ന് തീരുമാനിക്കുക. മറ്റുള്ളവരെ  സഹായിക്കുന്ന വാർത്തകൾ നൽകുമ്പോൾ വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കുക. വെള്ളം കൊടുക്കുന്നതും ഭക്ഷണം കൊടുക്കുന്നതും വീട്ടുപകരണങ്ങൾ നൽകുന്നതും മറ്റും പരസ്യമാക്കി നമ്മുടെ നന്മകൾ നശിപ്പിക്കാതിരിക്കുക. ഫോട്ടോകളും മറ്റും ആവശ്യമുണ്ടെങ്കിൽ അത്തരം സാഹചര്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുക. ഈലോകത്ത് നാം അറിയപ്പെട്ടില്ലെങ്കിലും പരലോകത്ത് അറിയപ്പെടാനാണ് നാം ആഗ്രഹിക്കേണ്ടത്.**



കാഴ്ച

# ഏലസ്സ് പൊട്ടിച്ചെറിഞ്ഞവർ

സഹ്റ സുല്ലമിയ്യ

പ്രസവാവധി കഴിഞ്ഞു സ്കൂളിൽ പോകേണ്ട സമയം ഏകദേശം അടുത്തു. ചെറിയ കുഞ്ഞിനെ വീട്ടിലാക്കി പോയിത്തുടങ്ങണം. സ്കൂൾ പതിനഞ്ച് കിലോമീറ്ററിനുള്ളിലാണെങ്കിലും അങ്ങോട്ട് ബസ് വളരെ കുറവാണ്. 9:05നുള്ള ബസിന് പോകണം. വൈകുന്നേരം 4:30ന് സ്കൂൾ വിട്ടാലും ഏകദേശം 6 മണിയോടെയാണ് വീട്ടിലെത്തുക. വീട്ടിൽ സഹായത്തിന് ആളുണ്ടെങ്കിലും ചെറിയ കുഞ്ഞിനെ വീട്ടിലാക്കി ഉമ്മയെപ്പോലെ നോക്കാൻ ഒരാളെ അന്വേഷിച്ചപ്പോൾ അന്ന് വീട്ടിൽ സഹായത്തിനുള്ള കുട്ടിതന്നെ അവളുടെ കുടുംബത്തിലെ പ്രായമുള്ള ഒരാളെക്കുറിച്ച് പറഞ്ഞു. നന്നായി അധ്വാനിച്ച് ജീവിച്ച ആളായിരുന്നു. പക്ഷേ, ഇപ്പോൾ നടുവേദന കാരണം ജോലിക്ക് പോകാൻ സാധിക്കുന്നില്ല. എന്നാലും കുട്ടിയെ നോക്കാൻ പറ്റും. അങ്ങനെ അവരെ വിളിച്ചു. അവർ വന്നു. സന്തോഷമായി. കുട്ടി അവരുമായി പെട്ടെന്നിണങ്ങി. പിന്നെ അവന് അവരെത്തന്നെ മതി. പാൽ കുടിക്കാൻ മാത്രം എന്നെ മതി.

സ്കൂളിൽ പോയിത്തുടങ്ങി. യാതൊരു ബുദ്ധിമുട്ടുമില്ല. എല്ലാം അവർ ഭംഗിയായി നോക്കും. രണ്ടു മൂന്നു മാസം കഴിഞ്ഞു. അന്ന് വീടിനടുത്ത് പള്ളിയില്ലായിരുന്നു. ഞങ്ങളെല്ലാം നമസ്കാരസമയം പ്രത്യേകം തീരുമാനിച്ച് ഞങ്ങളുടെ നമസ്കാരറൂമിൽ ജമാഅത്തായി നമസ്കരിക്കും. ഇവരും നേരത്തെ തന്നെ എത്തും. ഒരുദിവസം നമസ്കാരശേഷം അവർ നമസ്കാരക്കുപ്പായം അഴിച്ചപ്പോഴാണ് ഞാനത് കണ്ടത്. ഞെട്ടിപ്പോയി! തീരെ പ്രതീക്ഷിക്കാത്ത കാഴ്ച...അവരുടെ അരയിൽ ഒരു ഏലസ്സ്! ഞങ്ങളുടെ വീട്ടിൽ ഒരു ഏലസ്സ് കെട്ടിയ ആൾ...! എന്തു ചെയ്യണം? അവരോട് കാര്യം പറഞ്ഞു മനസ്സിലാക്കാൻ തീരുമാനിച്ചു. പക്ഷേ, പെട്ടെന്ന് ഇബ്‌ലീസ് മനസ്സിൽ കയറി എന്നോട് മന്ത്രിച്ചു: 'കുട്ടിയെ നോക്കാൻ നല്ല ആളെ കിട്ടിയതാണ്. ഇപ്പോൾ ഇത് പറഞ്ഞാൽ അവർ പോകും. നീ ബുദ്ധിമുട്ടും...!'ഒരു നിമിഷം ചിന്തിച്ചു. ഇല്ല! ഞാൻ അവരോട് പറയും. അവരെ ഈ വിപത്തിൽനിന്നും രക്ഷിക്കൽ എന്റെ കടമയാണ്. കൃത്യമായി നമസ്കരിക്കുന്ന, ക്വുർആൻ ഓതുന്ന അവരുടെ കർമങ്ങൾ നിഷ്ഫലമാകുന്ന ഏലസ്സിന്റെ ഗൗരവം അവരെ ബോധിപ്പിക്കണം. ശിർക്കിൽനിന്ന് അവരെ രക്ഷിക്കണം.

അവിടെവച്ചുതന്നെ അവരോട് പറഞ്ഞു: "ഇത്രയും ദിവസം ഞങ്ങളുടെ കൂടെ നിന്നിട്ടും ഞാൻ കാണാത്ത ഒന്ന് ഇന്ന് എന്റെ കണ്ണിൽപെട്ടു. നിങ്ങളുടെ അരയിൽ ഏലസ്സ് ഉണ്ടല്ലേ...? നിങ്ങൾ എന്തിനാണ് അത് കെട്ടിയത്? രോഗം തരുന്നതും മാറ്റുന്നതും അല്ലാഹുവാണ്. മാറ്റാനുള്ള കഴിവ് അല്ലാഹുവിന് മാത്രമേയുള്ളൂ. ഏലസ്സ് കെട്ടിത്തന്നയാൾക്കോ ഏലസ്സിനോ രോഗം മാറ്റാനുള്ള കഴിവുണ്ടെന്ന് വിശ്വസിച്ചാൽ അത് അല്ലാഹുവിൽ പങ്കുചേർക്കലാണ്... ശിർക്കാണ്. ശിർക്ക് ഒരിക്കലും അല്ലാഹു പൊറുക്കില്ല. ശിർക്ക് ചെയ്തവൻ ശാശ്വതമായ നരകത്തിലായിരിക്കും. ഇത് അരയിലുള്ള അവസ്ഥയിൽ മരണപ്പെട്ടാൽ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കില്ല. എല്ലാ കർമങ്ങളും നഷ്ടപ്പെടും..."

അവർ പറഞ്ഞു: "എനിക്ക് മാറാത്ത നടുവേദന വന്നു. പല ചികിത്സയും നടത്തി. ഒരു രക്ഷയും ഇല്ല. അവസാനം എന്റെ ഒരു കൂട്ടുകാരി എന്നെയും കൊണ്ട് ഒരു സ്ഥലംവരെ പോയി. അവിടുന്ന് കെട്ടിത്തന്നതാണ്." "എന്നിട്ട് നിങ്ങൾക്ക് അസുഖത്തിന് വല്ല മാറ്റവും ഉണ്ടായോ?" "ഒരു മാറ്റവും ഉണ്ടായിട്ടില്ല. അന്ന് കെട്ടി, പിന്നെ അത് ഊരിയില്ല എന്നുമാത്രം."

നീണ്ട സംസാരത്തിനൊടുവിൽ സംഗതിയുടെ ഗൗരവം മനസ്സിലായ ഉടനെ നിസ്കാരപ്പായയിൽ ഇരുന്നുതന്നെ അവർ അത് പൊട്ടിച്ചു. ഞാൻ ചോദിച്ചു: "നിങ്ങൾക്കെന്തു തോന്നുന്നു? വല്ല ബേജാറും പ്രയാസവും ഉണ്ടോ?" അവർ പറഞ്ഞു: "ഒരിക്കലുമില്ല! മനസ്സിനും ശരീരത്തിനും എന്തോ ഭാരം നീങ്ങിയ ആശ്വാസം." അവർ എത്ര പെട്ടെന്ന് സത്യം മനസ്സിലാക്കി പ്രവർത്തനത്തിൽ കൊണ്ടുവന്നു.

അന്ന് ചുങ്കത്തറ കോളേജിൽ ഹോസ്റ്റൽ ഇല്ലാത്തതിനാൽ ദൂരക്കാരായ ആറോളം കുട്ടികളും അധ്യാപികമാരും ഞങ്ങളുടെ വീട്ടിലായിരുന്നു താമസം. അവരുടെ മേൽനോട്ടവും കാര്യങ്ങളും ഒരു വാർഡനെ പോലെ, ഉമ്മയെ പോലെ അവർ നടത്തി...ഞങ്ങളെല്ലാവരും അവരെ 'എളാമ' എന്ന് വിളിച്ചു. അയൽവാസികൾക്കും ബന്ധുക്കൾക്കും കുടുംബക്കാർക്കും അവർ എളാമയായിരുന്നു. ഏതാനും വർഷം മുമ്പ് അവർ മരിച്ചു. അല്ലാഹു അവരുടെ ക്വബ്ർ വിശാലമാക്കി കൊടുക്കട്ടെ-ആമീൻ.

രമദാനിനെ
വിജ്ഞാനപ്രദമാക്കാം

SPECIAL OFFER

# റമദാൻ




~~260~~ രൂപയുടെ 5 പുസ്തകങ്ങൾ
ഇപ്പോൾ 169* രൂപക്ക്.

*കൊറിയർ ചാർജ് എക്സ്ട്രാ

For Order - +91 7356766478

WISDOM BOOKS
PUBLISHING | DISTRIBUTION
CV COMPLEX, CHALAPPURAM, CALICUT - 673002
Ph: 0495 4019437

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 APRIL 23

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




# WISDOM EDU CAMPUS

WISDOM ISLAMIC EDUCATIONAL AND CULTURAL COMPLEX

مجمـــع الحكمـــة الإسلامـــي التعليمـــي والخيـــري

## വിസ്ഡം എജ്യൂ ക്യാമ്പസ്

ഒതായി – എടവണ്ണ

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം ഈസ്റ്റ് ജില്ലയിലെ എടവണ്ണ–മമ്പാട്–ഒതായി മണ്ഡലങ്ങളുടെ നേതൃത്വത്തിൽ ഒതായിയിൽ ആരംഭിക്കുന്ന വിപുലമായ പദ്ധതിയാണ് വിസ്ഡം എജ്യൂ ക്യാമ്പസ്.

വൈജ്ഞാനിക–സാംസ്കാരിക–ദഅ്‌വാ പ്രവർത്തനങ്ങളുടെ കേന്ദ്രമായിട്ടാണ് ക്യാമ്പസ് പടുത്തുയർത്തപ്പെടുന്നത്. രണ്ടര ഏക്കറിലധികം വരുന്ന സ്ഥലപരിധിക്കുള്ളിലായി ക്യാമ്പസ് ലക്ഷ്യമാക്കുന്ന സ്ഥാപനങ്ങൾ ഇപ്രകാരമാണ്.

- അക്കാദമിക് ബ്ലോക്ക്
- ദഅ്‌വാ ഹാൾ
- ക്യാമ്പസ് മസ്ജിദ്
- ക്വുർആൻ സ്റ്റഡി സെന്റർ
- മദ്റസ
- സ്കൂൾ ഓഫ് ക്വുർആൻ
- തഹ്ഫീദ്വുൽ ക്വുർആൻ
- സ്റ്റുഡന്റ്സ് ഹോസ്റ്റൽ
- ഓഡിയോ & വീഡിയോ സ്റ്റുഡിയോ
- പബ്ലിക് ലൈബ്രറി
- ജനസേവന കേന്ദ്രം
- ക്വുർആൻ & പരിഭാഷ വിതരണ കേന്ദ്രം

തുടങ്ങിയ പദ്ധതികൾ ഉൾക്കൊള്ളുന്ന എജ്യൂ ക്യാമ്പസിന്റെ പ്രഥമ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു.

ഇവയുടെ പൂർത്തീകരണത്തിന് സുമനസ്സുകളുടെ സഹകരണങ്ങൾ അത്യാവശ്യമാണ്. ഭീമമായ സാമ്പത്തിക ബാധ്യതയുള്ള ഈ സംരംഭത്തിന് സമാരംഭം കുറിക്കാൻ സകലരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്.

അബൂബക്കർ സലഫി ഒതായി
വൈസ് ചെയർമാൻ
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

അക്കാദമിക് ബ്ലോക്ക്



ഖുർആൻ സ്റ്റഡി സെന്റർ



സ്റ്റുഡന്റ്സ് ഹോസ്റ്റൽ



മദ്റസ & തഹ്ഫീദുൽ ഖുർആൻ



ജനസേവന കേന്ദ്രം



ഓഡിയോ & വീഡിയോ സ്റ്റുഡിയോ





വിശദ വിവരങ്ങൾക്ക്:

| പി.വി അബ്ദുൽ ജലീൽ | ടി.പി. അബ്ദുറഹ്മാൻ | റഫീഖ് സലഫി |
|---|---|---|
| ചെയർമാൻ | കൺവീനർ | ട്രഷറർ |
| Mob: 9544066111 | Mob: 9447926646 | Mob: 9947776125 |

WISDOM EDU CAMPUS
OTHAYI -EDAVANNA

ACCOUNT DETAILS

WISDOM EDU CAMPUS OTHAYI
A/C NO: 395 297 88 901
STATE BANK OF INDIA
EDAVANNA BRANCH
IFSC: SBIN0070798

PhonePe
+91 99 47 77 61 25
Rafeeque Moosa